
പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 59 ലക്കം 2 മേയ് 2019



## നവകേരള ദൗത്യം മൂന്നു വർഷം പിന്നിട്ട്

## തിളക്കമാർന്ന നേട്ടങ്ങൾ പുതിയ പ്രതീക്ഷകൾ




# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

മേയ് 2019


## അകത്ത്












നവകേരള ദൗത്യം
സുസ്ഥിര വികസനത്തിന്റെ രാജപാത
എ.സി. മൊയ്തീൻ 5

സമ്പൂർണ്ണ പാർപ്പിട
സുരക്ഷയിലേക്ക് 15

ശുദ്ധസമൃദ്ധ കേരളത്തിലേക്ക് 18

കേരളത്തിന്റെ കുടുംബശ്രീ
സ്ത്രീ ശാക്തീകരണത്തിന്റെ ലോകമാതൃക 22

തൊഴിലുറപ്പിൽ
ലക്ഷ്യവും കടന്ന് മുന്നോട്ട് 29

മാലിന്യം അകലുന്നു 32

ക്ലീൻ കേരള 36

സമ്പൂർണ്ണ ഇ-ഭരണത്തിലേക്ക് 38

കേന്ദ്രപദ്ധതികൾ കേരള മാതൃകയിൽ 40

കില
കാര്യശേഷി വികസനത്തിൻ
സൂര്യശോഭ 42

ജനകീയം കാര്യക്ഷമം 45

നിർമ്മാണ പ്രവൃത്തികൾക്ക്
പുതിയ വേഗം 50

ഇവിടെ സ്കൂളുകൾ
മികവിന്റെ കേന്ദ്രങ്ങൾ 51

ആശുപത്രികൾ
രോഗീസൗഹൃദം 54


### പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ 46

കില ന്യൂസ് 58

മേയ് 2019
പുസ്തകം 59 ലക്കം 2
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

## കാത്തിരിക്കുന്നത് കൂടുതൽ തിളക്കമാർന്ന വിജയങ്ങൾ

കേരള സർക്കാർ ജനകീയ വികസന കാഴ്ചപ്പാടോടെയുള്ള മൂന്നു വർഷത്തെ പ്രവർത്തനങ്ങളുടെ വിജയം ആഘോഷിക്കുകയാണ്. മഹത്തായ നവകേരള ദൗത്യം ഈ നേട്ടങ്ങൾക്ക് തിളക്കം പകരുന്നു. പ്രളയത്തിനു ശേഷം നമ്മുടെ വികസന മുൻഗണനകൾക്ക് കൂടുതൽ തെളിമയും തീർച്ചയും കൈവന്നിരിക്കുന്നു. നവകേരള കർമ്മപദ്ധതിയുടെ വക്താക്കളും നേതാക്കളുമായി നമ്മുടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മാറിയിരിക്കുന്നു.

പ്രളയം ഉയർത്തിയ വെല്ലുവിളികളെ അതിജീവിച്ചാണ് നമ്മുടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഈ വർഷവും മികച്ച പദ്ധതി നേട്ടം കൈവരിച്ചത്. 84.74 ശതമാനമാണ് ഈ വർഷത്തെ പദ്ധതിച്ചെലവ്. പെന്റിങ്ങ് ബില്ലുകൾ കൂടി ചേർത്താൽ ഇത് 93 ശതമാനമാകും. ഇത് സർവ്വകാല റെക്കോർഡാണ്. പദ്ധതി നിർവ്വഹണത്തിൽ ജില്ലാ പഞ്ചായത്തുകൾ പിറകിലായി പോകുന്ന അവസ്ഥയും ഇപ്പോൾ മാറിയിട്ടുണ്ട്. 80.64 ശതമാനമാണ് പെന്റിങ്ങ് ബില്ലുകൾ ഒഴികെ ഈ വർഷത്തെ ജില്ലാ പഞ്ചായത്തുകളുടെ നേട്ടം.

ജനങ്ങൾക്കു വേണ്ടി അവരുടെ താൽപര്യങ്ങളും ആവശ്യങ്ങളും അറിഞ്ഞു പ്രവർത്തിക്കുന്ന സേവന കേന്ദ്രങ്ങളായി സർക്കാർ ഓഫീസുകൾ മാറണം എന്നതാണ് പുതിയ കാലഘട്ടത്തിലെ കാഴ്ചപ്പാട്. സർക്കാർ ഓഫീസുകൾ അധികാര കേന്ദ്രങ്ങളാണെന്ന ജനങ്ങളുടെ തോന്നൽ മുഴുവനായി മാറണം. എല്ലാ സർക്കാർ വകുപ്പുകളും ഈ ദിശയിൽ ചിന്തിച്ചു തുടങ്ങുന്ന ഈ കാലത്ത് മാറ്റങ്ങളുടെ നേതൃത്വമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുന്നതിലുള്ള അഭിമാനം ചെറുതല്ല. സംസ്ഥാനത്ത് നാനൂറിലധികം പഞ്ചായത്തുകൾ ഇതിനകം രാജ്യാന്തര നിലവാരത്തിനുള്ള അംഗീകാരമായി ഐ.എസ്.ഒ. കരസ്ഥമാക്കിക്കഴിഞ്ഞു. മറ്റുള്ളവയും പ്രവർത്തന മികവിന്റെ പുതിയ ഔന്നത്യങ്ങൾ തേടുകയാണ്. സേവനങ്ങൾ ലഭ്യമാക്കുന്നതിലെ കാലതാമസവും സാങ്കേതിക നൂലാമാലകളും ഒഴിവാക്കുന്നതിൽ നമ്മുടെ പ്രാദേശിക സർക്കാരുകൾ വലിയൊരളവുവരെ വിജയിച്ചു കഴിഞ്ഞു. ഇനിയും വളരെ മുന്നേറേണ്ടതുണ്ട്.

രാജ്യത്തെ നടുക്കിയ പ്രളയ ദുരന്തത്തെ സമചിത്തതയോടെ നേരിട്ട സംസ്ഥാന സർക്കാരിനൊപ്പം അതേ കരുത്തോടെ പ്രാദേശിക സർക്കാരുകളും നിന്നു. അസൂയാവഹമായ സ്ഥൈര്യത്തോടെ നമ്മൾ പ്രളയത്തെ അതിജീവിച്ചു. പ്രളയാനന്തര പുനർനിർമ്മാണത്തിലും സംസ്ഥാന സർക്കാരിന് കരുത്തായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്.

സുതാര്യതയുടെയും കാര്യക്ഷമതയുടെയും കേന്ദ്രങ്ങളായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളെയും ഘടക സ്ഥാപനങ്ങളെയും അനുബന്ധ ഓഫീസുകളെയും മാറ്റാൻ ഒറ്റക്കെട്ടായി നിൽക്കുന്ന ജീവനക്കാർക്കും ജനപ്രതിനിധികൾ അടക്കമുള്ള മറ്റ് വികസന പ്രവർത്തകർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. നവകേരള ദൗത്യം മുന്നോട്ടുവയ്ക്കുന്ന സുസ്ഥിര വികസനത്തിന്റെ കർമ്മപദ്ധതി കേരളത്തെ പുതുക്കിപ്പണിയുകയാണ്. പുതിയൊരു വികസന സംസ്കാരം കരുപ്പിടിപ്പിക്കാൻ നമുക്കാവട്ടെ. നാളിതുവരെയുള്ള നന്മകൾക്ക് കൂടുതൽ തിളക്കം പകരുന്ന പുതിയൊരു കേരളമാണ് നമ്മുടെ ലക്ഷ്യം. അതിനു വേണ്ടിയുള്ള പ്രയത്നം നമുക്ക് തുടരാം.

**ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്.**

**നിങ്ങളുടെ കുറ്റങ്ങൾ ആത്മാർത്ഥതയോടെ ചൂണ്ടിക്കാട്ടുന്നതാരോ അവരാണ് വിശ്വസ്തർ**
**- സോക്രട്ടീസ്**



## നവകേരള ദൗത്യം

# സുസ്ഥിര വികസനത്തിന്റെ രാജപാത

**എ.സി. മൊയ്തീൻ**
**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി**

നവകേരള നിർമ്മാണത്തിന്റെ ദിശയും മുൻഗണനകളും രൂപപ്പെടുത്തുന്ന ഈ സവിശേഷ ഘട്ടത്തിൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ സുസ്ഥിര, ജനപക്ഷ വികസന കാഴ്ചപ്പാട് പ്രായോഗികമാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വപരമായ പങ്കുവഹിക്കുന്നത് അഭിമാനകരമാണ്. രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ നേരിടാൻ കെൽപ്പുള്ള പുതിയൊരു സമീപനം മുന്നോട്ടുവച്ചുകൊണ്ടാണ് ഈ സർക്കാർ അധികാരം ഏറ്റെടുത്തത്. അതിന്റെ ഭാഗമായ നവകേരള ദൗത്യങ്ങൾ ജനപങ്കാളിത്തത്തോടെ മുന്നേറുന്ന വേളയിലാണ് നൂറ്റാണ്ടിന്റെ പ്രളയം എത്തിയത്. നാമതിനെ ഒറ്റക്കെട്ടായി നേരിട്ടു. പ്രളയാനന്തര പുനർനിർമ്മാണം അതേ ഐക്യത്തോടെ മുന്നോട്ടു പോകുന്നതിനിടയിൽ, ജനങ്ങളെ വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും പേരിൽ ഭിന്നിപ്പിച്ച് നാടിന്റെ വികസനത്തെ അട്ടിമറിക്കാൻ ആസൂത്രിത ശ്രമം നടന്നു. സഹജമായ സ്ഥൈര്യത്തോടെ, അതും നമ്മൾ അതിജീവിച്ചു. ഇപ്പോൾ സുസ്ഥിര വികസനത്തിന്റെ രാജപാതയിൽ നമ്മൾ തിരിച്ചെത്തിയിരിക്കുന്നു. പ്രളയം ഉയർത്തിയ വെല്ലുവിളികളെ അതിജീവിച്ച് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ വർഷവും പദ്ധതി നിർവ്വഹണത്തിൽ മികച്ച നേട്ടം കൈവരിച്ചത് അഭിമാനത്തോടെ ചൂണ്ടിക്കാണിക്കട്ടെ. 84.74 ശതമാനമാണ് ഈ വർഷത്തെ പദ്ധതി ച്ചെലവ്. പെന്റിങ്ങ് ബില്ലുകൾ കൂടി ചേർത്താൽ, ഇത് 93 ശതമാനമാകും. ഇത് സർവ്വകാല റെക്കോഡാണ്. ഏപ്രിൽ ആദ്യം തന്നെ പുതിയ വർഷത്തെ പദ്ധതി നിർവ്വഹണം ആരംഭിച്ചു. നൂറു ശതമാനം നേട്ടമെന്ന ലക്ഷ്യമാണ് ഇനി നമുക്ക് മുന്നിലുള്ളത്.

> കേരളം ഇടതുപക്ഷ വികസന കാഴ്ചപ്പാടിന്റെ വിജയം ആഘോഷിക്കുന്ന ഈ അവസരത്തിൽ സംസ്ഥാന സർക്കാരിന്റെ നേട്ടങ്ങൾ പ്രാദേശിക സർക്കാരുകൾക്കും തുല്യ അളവിൽ അവകാശപ്പെട്ടതാണ്.

പ്രളയത്തിന്റെ അനുഭവത്തിനു ശേഷം, വിശദമായ പഠനമനനങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ സുസജ്ജവും ശാസ്ത്രീയവുമാക്കിയ വികസന കർമ്മപദ്ധതിയാണ് ഇപ്പോൾ നമുക്കുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിച്ച് പ്രളയത്തെ നേരിടാൻ രംഗത്തിറങ്ങിയ നാട്ടുകാർ അന്ന് പ്രകടിപ്പിച്ച അതേ അർപ്പണ മനസ്ഥിതിയും ഒത്തൊരുമയുമാണ് അതിനു ശേഷമുള്ള പുനർനിർ

മ്മാണ പ്രവർത്തനങ്ങളിലും പ്രകടിപ്പിക്കു ന്നത്. പ്രളയാനന്തരം വിവിധ കോണു കളിൽ നിന്ന് ഒഴുകിയെത്തിയ സഹായവും ഉയർന്നു വന്ന ക്രിയാത്മക ആശയങ്ങളും അത് സാക്ഷ്യപ്പെടുത്തുന്നു.

ഏതാനും വർഷങ്ങൾ മുൻപ് വരെ നമ്മുടെ സ്വപ്നങ്ങളിൽ പോലും സ്ഥാനമി ല്ലാതിരുന്ന പുതിയ പ്രശ്നങ്ങൾക്കും സർഗാ ത്മക ആശയങ്ങൾ തുറന്നു വച്ച പുതിയ സാധ്യതകൾക്കും നടുവിലാണ് കേരള ത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നാലാം വയസിലേക്ക് പ്രവേശി ക്കുന്നത്. കേരളം ഇടതുപക്ഷ വികസന കാഴ്ചപ്പാടിന്റെ വിജയം ആഘോഷിക്കുന്ന ഈ അവസരത്തിൽ സംസ്ഥാന സർക്കാ രിന്റെ നേട്ടങ്ങൾ പ്രാദേശിക സർക്കാരു കൾക്കും തുല്യ അളവിൽ അവകാശപ്പെട്ട താണ്.

വിവേകാനന്ദൻ ഭ്രാന്താലയം എന്നു വിളിച്ച നാടിനെ ലോകമറിയുന്ന പുരോ ഗമന കേരളമാക്കി മാറ്റിയ സാമൂഹിക വികസന നേട്ടങ്ങളുടെ തുടർച്ചയിലാണ് ജനകീയാസൂത്രണം സാധ്യമായത്. പണി യെടുക്കുന്ന തൊഴിലാളികളുടെ അധ്വാന ത്തിലും പൊതു വിദ്യാഭ്യാസത്തിലൂടെ മികവിലേക്ക് ഉയർന്ന തലമുറകളുടെ കഴിവിലും അവരുടെ ആത്മവിശ്വാസത്തി ലും കറകളഞ്ഞ രാഷ്ട്രീയ ബോധ്യങ്ങൾ പകർന്ന തെളിമയാർന്ന ദിശാബോധത്തി ന്റെ കരുത്തിൽ പുരോഗതി കൈവരിച്ച കേരളം, പുതിയ യുഗത്തിലേക്കുള്ള പ്രയാ ണത്തിൽ, കീഴ്ജാതികളായി കരുതപ്പെട്ട പണിയാളർക്കും സ്വാതന്ത്ര്യവും അവകാ ശങ്ങളും നിഷേധിക്കപ്പെട്ട സ്ത്രീകൾക്കും എതിരായ വിവേചനവും അതിക്രമങ്ങളും വലിയൊരളവുവരെ ഇല്ലാതാക്കി. കേരള ത്തിന്റെ സാമൂഹ്യ പുരോഗതിക്കൊപ്പം, അതിനെ തുരങ്കം വയ്ക്കാൻ ശ്രമിക്കുന്ന ഭിന്നി പ്പിന്റെ ശക്തികൾ കൂടുതൽ അക്രമാസക്ത രായി മാറുന്നുവെന്ന പ്രതീതിയാണ് സമീപകാല സംഭവ വികാസങ്ങൾ നൽകു ന്നത്. ആചാരങ്ങളുടെയും വിശ്വാസങ്ങളു ടെയും തണലിൽ, ജനാധിപത്യത്തെ പുച്ഛിക്കാനും ജാതി, ജന്മി നാടുവാഴിത്ത ത്തിന്റെ കാലഘട്ടം പുനഃസൃഷ്ടിക്കാനുമാണ് ചിലർ ശ്രമിക്കുന്നത്. രാജാക്കന്മാർ പരി ലാളിച്ച വിശ്വാസവും ആചാരങ്ങളും ജനാ ധിപത്യം വന്നതോടെ തകർന്നുവെന്ന മട്ടിലാണ് ചിലരുടെ പ്രചാരവേലകൾ. ജനാധിപത്യത്തെ തള്ളി നാടുവാഴിത്ത ത്തെയും മതേതരത്വത്തെ തള്ളി ഫ്യൂഡൽ ആചാരങ്ങളെയും വാരിപ്പുണരാൻ ശ്രമിക്കു ന്നവരെ നമ്മൾ കരുതിയിരിക്കണം. ജനാ ധിപത്യത്തിന്റെ നന്മകൾ ഏറ്റവും അടുത്ത റിയാൻ ജനങ്ങളെ സഹായിക്കുന്നത് തദ്ദേശസ്വയംഭരണമാണ്. അതു കൊണ്ടു തന്നെ, പിന്തിരിപ്പൻ ശക്തികൾക്കെതിരെ ജനാധിപത്യത്തിന്റെ കാവലാളായി പ്ര വർത്തിക്കാൻ ഏറ്റവും അവസരമുള്ളത് പ്രാദേശിക സർക്കാരുകൾക്കാണ്. കക്ഷി രാഷ്ട്രീയ വ്യത്യാസങ്ങൾക്ക് അപ്പുറത്ത്, കേരളത്തിന്റെ പുരോഗമന, നവോത്ഥാന പാരമ്പര്യവും മതേതര മൂല്യങ്ങളും ഉയർ ത്തിപ്പിടിക്കാൻ നമ്മുടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്.

ഇന്ത്യയിൽ ആദ്യമായി ജാതി-ജന്മി വാഴ്ചയ്ക്ക് അന്ത്യം കുറിച്ചത് കേരളമാണ്. നമ്മുടേതുപോലുള്ള സമ്പൂർണ്ണ ഭൂപരിഷ്കരണം മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലായില്ല. പൊതുവിദ്യാഭ്യാസം സാർവ്വത്രികമാക്കിയ തും ഇവിടെ മാത്രമാണ്. രാജ്യത്തെ ബഹു ഭൂരിപക്ഷം സംസ്ഥാനങ്ങളിലും ലാഭം ലക്ഷ്യ മാക്കി പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാല യങ്ങളാണ് ഇന്നും വിദ്യാഭ്യാസ രംഗം നിയന്ത്രിക്കുന്നത്. എല്ലാ ഗ്രാമങ്ങളിലും ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചതും നമ്മൾ മാത്രമാണ്. രാജ്യത്ത് ആദ്യമായി സമ്പൂർണ്ണ സാക്ഷരത നേടിയതും കേരളം തന്നെ. കേര ളത്തിന്റെ മാനവ വികസന സൂചികകൾ ലോക ശരാശരിയേക്കാൾ ഏറെ മികച്ച താണ്. കേരളത്തിൽ ജനിക്കാൻ ഭാഗ്യം ലഭിക്കുന്ന ഒരാൾ, ശരാശരി ഇന്ത്യക്കാരനെ അപേക്ഷിച്ച്, 10 വർഷവും 6 മാസവും കൂടുതൽ ജീവിക്കുന്നു. കേരളീയന്റെ ശരാശരി ആയുസ് 74 വയസാണ്. ഇത് ലോക ശരാശരി (72 വയസ്) യെക്കാൾ മികച്ചതാണ്. ദേശീയ ശരാശരിയാകട്ടെ, 63.5 മാത്രമാണെന്ന് ഓർക്കണം. രാജ്യത്ത് 1 ലക്ഷത്തിൽ 44 കുട്ടികൾ 1 വയസിനു മുമ്പ് മരിക്കുന്ന സ്ഥാനത്ത് കേരളത്തിലെ ശിശുമരണ നിരക്ക് 12 ആണ്. ലോക ശരാശരി 29 ഉം. രാജ്യത്ത് ഒരു ലക്ഷം പ്ര സവത്തിൽ 301 അമ്മമാർ മരണപ്പെടുമ്പോൾ, കേരളത്തിൽ ലക്ഷത്തിന് 40 പേരൊഴികെ മുഴുവൻ അമ്മമാരും അതിജീവിക്കുന്നു.

സംസ്ഥാനത്ത് നൂറിൽ 94.59 പേരും അക്ഷരജ്ഞാനം ഉള്ളവരാണ്. ലോക ശരാശരി (86.3)യേക്കാൾ ബഹുദൂരം മുന്നിലാണ് നമ്മൾ. 69.3 മാത്രമാണ് ദേശീയ ശരാശരി. ഈ നേട്ടങ്ങളിലേക്ക് എത്താൻ കേരളത്തെ സഹായിച്ച സാമൂഹ്യ ഇടപെ ടലുകൾ ഇനിയും തുടരണം. അതിനുള്ള ജനാധിപത്യ വേദി കൂടിയാണ് നമ്മുടെ തദ്ദേശ സ്വയംഭരണ രംഗം.

ലോകത്തിലെ ഏതു ജനതയും പകച്ചു പോകുമായിരുന്ന അടിയന്തര സാഹചര്യത്തെ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളം തികഞ്ഞ സമചിത്തതയോടെ നേരിട്ടു. 5 ലക്ഷം കുടുംബങ്ങൾക്ക് 10,000 രൂപയുടെ അടിയന്തര സഹായം എത്തിച്ചു.

## പ്രളയത്തിലും തളരാതെ

2018 ആഗസ്റ്റിലെ പ്രളയം കേരളത്തെ അക്ഷരാർത്ഥത്തിൽ മുക്കിക്കളഞ്ഞു. നദികൾ കര കവിഞ്ഞു. റോഡ്- റെയിൽ - വ്യോമ ഗതാഗതം തടസ്സപ്പെട്ടു. 483 പേർ മരണപ്പെട്ടു. എതാനും പേരെ കാണാതായി. 14 ലക്ഷത്തിലധികം പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടി. 48,000 ഹെക്ടർ തോട്ടവിള നശിച്ചു. കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും മാത്രം 10,495 ഹെക്ടർ നെൽകൃഷി താറുമാറായി. റബ്ബർ കർഷകർ ക്ക് 500 കോടിയുടെ നഷ്ടമുണ്ടായി. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം രണ്ടാഴ്ച അടച്ചി ട്ടു. പ്രാഥമിക വിലയിരുത്തലിൽ 40,000 കോടിയുടെ നഷ്ടം കണക്കാക്കി. ദുരിതത്തെ ഒറ്റക്കെട്ടായി നേരിട്ട കേരളത്തിന്റെ ഐക്യവും നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ ഇച്ഛാശക്തിയും സമചിത്തതയും ലോകത്തി ന്റെ പ്രശംസ പിടിച്ചുപറ്റി.

പ്രളയം ഏറ്റവും രൂക്ഷമായ സ്ഥലങ്ങ ളിൽ ജനങ്ങൾ മരണത്തെ മുഖാമുഖം കണ്ടു. കേരളത്തിന്റെ രക്ഷാ സൈന്യമായി പതി നായിരക്കണക്കിനു പേരെ രക്ഷപ്പെടുത്തി മത്സ്യത്തൊഴിലാളികൾ നാടിന്റെ കണ്ണി ലുണ്ണികളായി. സെക്രട്ടേറിയറ്റിലും ജില്ലാ കേന്ദ്രങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാ പനങ്ങളിലും തുറന്ന കൺട്രോൾ റൂമുകൾ രക്ഷാപ്രവർത്തനങ്ങളുടെ ദിശാബോധവും ഏകോപനവും ഉറപ്പാക്കി. ദുരിതാശ്വാസ

# പദ്ധതി പ്രവർത്തനങ്ങളിൽ സർവകാല നേട്ടം

- **2018-19ൽ 93 ശതമാനം ചെലവ്**
- **ശരാശരിയിലും താഴെ നിന്ന ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഡിസ്റ്റിംഗ്ഷൻ**

ജനകീയാസൂത്രണത്തിന്റെ 20 വർഷത്തെ ചരിത്രത്തിൽ ആദ്യമായി 2017-18 ൽ 10 മാസം പദ്ധതി നിർവ്വഹണത്തിനായി മാറ്റി വയ്ക്കാൻ കഴിഞ്ഞതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2017-18 ൽ 85% പദ്ധതി തുക വിനിയോഗിച്ച് സർവ്വകാല റിക്കോർഡ് സൃഷ്ടിക്കാൻ കഴിഞ്ഞു. ചരിത്രത്തിൽ ആദ്യമായി 20% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 100% പദ്ധതി തുക വിനിയോഗിക്കാൻ കഴിഞ്ഞത് മറ്റൊരു ശ്രദ്ധേയമായ നേട്ടമാണ്. 2018-19 ൽ ഒരു ചുവട് കൂടി മുന്നോട്ട് വച്ച് സാമ്പത്തികവർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ ആസൂത്രണ പ്രക്രിയ പൂർത്തീകരിച്ച് നിർവ്വഹണത്തിനായി 12 മാസവും പ്രയോജനപ്പെടുത്താൻ കഴിഞ്ഞത് വികേന്ദ്രീകൃത ആസൂത്രണ ചരിത്രത്തിൽ ആദ്യമായിട്ടാണ്. 2018-19 വർഷത്തെ പദ്ധതി 2018 ഡിസംബറിന് മുമ്പ് തന്നെ തയ്യാറാക്കി. പ്രളയക്കെടുതിയെ അതിജീവിച്ച് 2018-19 വർഷം 84.74% ചെലവ് ചെയ്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മികച്ച നേട്ടം കൈവരിച്ചു. ട്രഷറികളിലെ പെൻഡിംഗ് ബില്ലുകൾ കൂടി കണക്കിലെടുക്കുമ്പോൾ ഇത് 93 ശതമാനമായി ഉയരും. മാത്രമല്ല, ശരാശരിയിലും താഴെ പ്രകടനം കാഴ്ചവച്ചിരുന്ന ജില്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ചരിത്രത്തിലാദ്യമായി 80 ശതമാനത്തിനു മുകളിൽ പദ്ധതിച്ചെലവ് കൈവരിച്ചു. മറ്റൊരു ചരിത്രനേട്ടം.

## ആസൂത്രണ പ്രക്രിയയിലെ മറ്റ് സവിശേഷതകൾ

- രാജ്യത്തിനാകെ മാതൃകയായി എല്ലാ ജില്ലകളിലും ജില്ലാ പദ്ധതി രൂപീകരിച്ചു.
- പദ്ധതി രൂപീകരണത്തിന് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും പ്രത്യേകം മാർഗ്ഗരേഖ.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ.
- ആനുകൂല്യം ലഭിക്കുവാനുള്ള വരുമാന പരിധി 1 ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷമായി ഉയർത്തി. കർഷകർക്ക് കാർഷിക ആവശ്യത്തിനുള്ള ആനുകൂല്യങ്ങൾക്ക് വരുമാനപരിധി ഇല്ലാതാക്കി.
- പ്രവാസികൾക്കും യുവ സംരംഭകർക്കും കൂടുതൽ നിക്ഷേപ സാധ്യതകൾ മാർഗ്ഗരേഖയിൽ ഉൾക്കൊള്ളിച്ചു.
- ഷീ ലോഡ്ജിംഗ് ശൃംഖല – സ്ത്രീകൾക്ക് സ്വതന്ത്രമായ സഞ്ചാരസൗകര്യം ഉറപ്പാക്കി ആത്മവിശ്വാസത്തോടുകൂടി സഞ്ചരിക്കുവാനും സുരക്ഷിതമായി താമസിക്കാനുമാണ് ഷീ ലോഡ്ജിംഗിലൂടെ വിഭാവന ചെയ്യുന്നത്.
- തദ്ദേശഭരണതല കായികവികസനത്തിന് ഊന്നൽ.
- ഉല്പാദനമേഖലയിൽ 20% തുക നിർബന്ധമാക്കി.
- പാലിയേറ്റീവ് കെയറിന് പ്രത്യേക പദ്ധതികൾ ആരംഭിച്ചു.
- തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈൻ ആയി ഒരു പരാതി പരിഹാരസംവിധാനം ഫോർ ദ പീപ്പിൾ എന്ന പേരിൽ ആരംഭിച്ചു.
- വിവരസാങ്കേതികവിദ്യ സാർവത്രികമായ ഈ കാലഘട്ടത്തിൽ ലോകത്തെവിടെ നിന്നും പൗരന്മാർക്ക് ഗ്രാമസഭാ ചർച്ചകളിൽ പങ്കെടുക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും ഗ്രാമസഭ മിനിട്ട്സുകൾ ലഭ്യമാക്കുന്നതിനുമായി ഗ്രാമസഭ വെബ് പോർട്ടൽ പ്രവർത്തനം ആരംഭിച്ചു. ☐



സാമഗ്രികൾ ശേഖരിക്കാൻ നൂറുകണക്കിനു കളക്ഷൻ സെന്ററുകൾ രാത്രിയും പകലും തുറന്നു പ്രവർത്തിച്ചു. പകർച്ചവ്യാധികൾ തടയാൻ തുടക്കത്തിലേ മുൻകരുതൽ സ്വീകരിച്ചത് വലിയൊരു ദുരന്തം ഒഴിവാക്കി.

ലോകത്തിലെ ഏതു ജനതയും പകച്ചു പോകുമായിരുന്ന അടിയന്തര സാഹചര്യത്തെ, മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ, കേരളം തികഞ്ഞ സമചിത്തതയോടെ നേരിട്ടു. 5 ലക്ഷം കുടുംബങ്ങൾക്ക് 10,000 രൂപയുടെ അടിയന്തര സഹായം എത്തിച്ചു. ശുചീകരണത്തിന് 2,80,000 സ്ക്വാഡുകൾ രംഗത്തിറങ്ങി. ജില്ലകൾ കടന്നും സന്നദ്ധ പ്രവർത്തകരെത്തി. ആഴ്ചകൾക്കകം 6,93,287 വീടുകളും 5,836 സ്ഥാപനങ്ങളും ശുചിയാക്കി. 24,000 പൊതു സ്ഥലങ്ങൾ വൃത്തിയാക്കി. മൂന്നു ലക്ഷത്തിലധികം കിണറുകൾ തെളിച്ചു. 4,500 ടൺ ജൈവമാലിന്യങ്ങളും 14,180 ടൺ അജൈവ മാലിന്യങ്ങളും നീക്കം ചെയ്തു. നീക്കിയ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ സംസ്കരിച്ചു.

പ്രളയത്തിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വികസന പദ്ധതികളിൽ ഭേദഗതികൾ വരുത്തി. തകർന്ന ആസ്തികളുടെ പുനർനിർമാണത്തിനും പുനരുദ്ധാരണത്തിനും മുൻഗണന നൽകി പുതിയ പ്രോജക്ടുകൾ തയ്യാറാക്കപ്പെട്ടു. പ്രളയബാധിത മേഖലകളിലെ കുട്ടികൾക്ക് പുതിയ പുസ്തകങ്ങളും മറ്റ് പഠനോ

പകരണങ്ങളും വിതരണം ചെയ്തു. വീട്ടുസാധനങ്ങൾ നശിച്ചവർക്ക് കുടുംബശ്രീ വഴി ഒരു ലക്ഷം രൂപയുടെ പലിശരഹിത വായ്പ നൽകുന്ന ആർ.കെ.എൽ.എസ്. പദ്ധതി ആവിഷ്കരിച്ചു. കേടു ബാധിച്ച വീടുകൾക്ക് അടിയന്തര നഷ്ടപരിഹാരം നൽകി. തകർന്ന വീടുകൾ പുനർനിർമിക്കാൻ ധനസഹായം നൽകി. ശൗചാലയങ്ങൾ റിപ്പയർ ചെയ്യാൻ പദ്ധതി തയ്യാറാക്കി. അങ്കണവാടികളും സ്കൂളുകളും ആരോഗ്യകേന്ദ്രങ്ങളും നന്നാക്കാൻ പ്രത്യേക ഊന്നൽ നൽകി. അടിസ്ഥാന സൗകര്യങ്ങൾ പുനരുദ്ധരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ആവിഷ്കരിച്ചു. ആഘോഷങ്ങൾ ചുരുക്കിയും ആർഭാടം ഒഴിവാക്കിയും നാടിന്റെ പുനർനിർമ്മാണ ദൗത്യത്തിൽ സർക്കാരും ജനങ്ങളും കൈകോർത്തു. കേരളം പുനർനിർമ്മിക്കാൻ സ്വദേശത്തു നിന്നും വിദേശത്തു നിന്നും സഹായം ഒഴുകി. സർക്കാർ ജീവനക്കാരിൽ വലിയൊരു വിഭാഗവും പങ്കെടുത്ത സാലറി ചാലഞ്ച് പുതിയ ചരിത്രമായി. നാശനഷ്ടങ്ങളുടെ വിവരം ശേഖരിക്കാനും നഷ്ടപരിഹാര വിതരണം വേഗത്തിലാക്കാനും സർക്കാർ വെബ്സൈറ്റ് തുറന്നു. പ്രതിസന്ധികളെ നേരിടാനുള്ള ഈ ജനതയുടെ കരുത്ത് ഒരിക്കൽക്കൂടി മാറ്റുരച്ച് തെളിയിക്കപ്പെട്ടു.

## തുല്യനീതിക്കും തുല്യ അവസരത്തിനും വേണ്ടി

രാജ്യത്ത് ആദ്യമായി സ്ത്രീക്ക് തുല്യനീതിയും തുല്യ അവസരവും യാഥാർഥ്യമാക്കിയത് കേരളമാണ്. കേന്ദ്ര നിയമത്തിൽ മൂന്നിൽ ഒന്നുള്ള വനിതാ സംവരണം, കേരളത്തിൽ 50 ശതമാനമാണ്. ഏഷ്യയിലെ ഏറ്റവും വിപുലമായ വനിതാ സംഘടനാ സംവിധാനമായി മാറിക്കഴിഞ്ഞ കുടുംബശ്രീയിൽ നിലവിൽ 43 ലക്ഷം അംഗങ്ങളുണ്ട്. അയൽക്കൂട്ടങ്ങളുടെ സമ്പാദ്യം 4,430 കോടി രൂപയായി ഉയർന്നിരിക്കുന്നു. ആദിവാസി മേഖലകളിൽ കൂടുതൽ അയൽക്കൂട്ടങ്ങൾ ആരംഭിക്കുന്നതിൽ സർക്കാർ പ്രത്യേക ശ്രദ്ധ നൽകി. പട്ടികവർഗ അയൽക്കൂട്ടങ്ങൾക്ക് 15,000 രൂപയുടെ റിവോൾവിങ്ങ് ഫണ്ട് ഏർപ്പെടുത്തി.

ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 19,000 പുതിയ അയൽക്കൂട്ടങ്ങൾ നിലവിൽ വന്നു. 2.7 ലക്ഷം പേർ പുതുതായി അംഗത്വമെടുത്തു. വയോജനങ്ങൾക്കും ട്രാൻസ്ജന്ററിനും ഭിന്നശേഷിക്കാർക്കും വേണ്ടി ആരംഭിച്ച പ്രത്യേക അയൽക്കൂട്ടങ്ങളിൽ 25,000 ത്തിലധികം അംഗങ്ങളുണ്ട്. മാനസിക - ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസത്തിന് 2018-19 ൽ 200 പുതിയ ബഡ്സ് സ്കൂളുകൾ തുറക്കാൻ ലക്ഷ്യമിട്ടതിൽ 75 സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. വയോജന സംരക്ഷണത്തിനുള്ള ജീറിയാട്രിക് കെയർ പദ്ധതിയും കുടുംബശ്രീയുടെ കൈയ്യൊപ്പുള്ളതാണ്.

സ്ത്രീ ശാക്തീകരണത്തോടും ലിംഗനീതിയോടുമുള്ള ഈ സർക്കാരിന്റെ പ്രതിബദ്ധതയുടെ തെളിവാണ് കുടുംബശ്രീയോടുള്ള അതിന്റെ സമീപനം. സംസ്ഥാന ബഡ്ജറ്റുകയും കേന്ദ്ര സ്കീമുകളുടെ വകയിരുത്തലും അടക്കം കുടുംബശ്രീക്ക് 1,000 കോടി രൂപയാണ് ഈ വർഷം ലഭിക്കുന്നത്. ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയുടെ നടത്തിപ്പും ഇപ്പോൾ കുടുംബശ്രീക്കാണ്. 30,121 അയൽക്കൂട്ടങ്ങൾക്ക് പലിശ സബ്സിഡിയായി 35 കോടി രൂപയും മാച്ചിങ്ങ് ഗ്രാന്റായി 2.69 കോടിയും നൽകി. മൈക്രോ ക്രെഡിറ്റ് സമ്മിറ്റ് വഴി 3,200 കോടിയുടെ വായ്പ വിതരണം ചെയ്തു. 3.67 ലക്ഷം അയൽക്കൂട്ട വനിതകൾക്ക് കുടുംബശ്രീ സ്ത്രീസുരക്ഷാ യോജന ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു.

ജൻ - ആഹാർ, ടിക്കറ്റ് റിസർവേഷൻ, വെയിറ്റിങ്ങ് ലോഞ്ച്, പാർക്കിങ്, കെട്ടിട നിർമ്മാണം, കയർ ഡിഫൈബറിങ്ങ് --- എന്നുവേണ്ട എല്ലാ തൊഴിൽ മേഖലകളിലും കുടുംബശ്രീ വനിതകൾ സാന്നിധ്യം അറിയിച്ചു കഴിഞ്ഞു. കുടുംബശ്രീ പ്രവർത്തകർ അംഗങ്ങളായ 63,000 സംഘകൃഷി ഗ്രൂപ്പുകളിലായി 2,88,000 വനിതകളാണ് നിലവിൽ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നത്. 50,000 ഹെക്ടർ സ്ഥലത്ത് ഇവർ കൃഷിയിറക്കുന്നു. ഇതിൽ 6,500 ഏക്കറും ജൈവ കൃഷിയാണ്. പ്രളയ ബാധിതർക്ക് ഒരു ലക്ഷം രൂപയുടെ പലിശ രഹിത വായ്പ നൽകുന്ന കുടുംബശ്രീ ആർ.കെ.എൽ.എസ് സ്കീമിൽ ആദ്യഘട്ടത്തിൽ 1,016 കോടി രൂപ വിതരണം ചെയ്തു. വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് ഡിസ്കൗണ്ട് പർച്ചേസ് സ്കീമും ഏർപ്പെടുത്തി.

**അടിമാലി ഗ്രാമപഞ്ചായത്തിലെ ഫ്ലാറ്റ് സമുച്ചയം പണി തീർന്ന് ഗുണഭോക്താക്കൾക്ക് കൈമാറി കഴിഞ്ഞു. ഈ കുടുംബങ്ങളെ സാമൂഹ്യ ജീവിതത്തിന്റെ മുഖ്യധാരയിൽ ചേർത്തു നിർത്തുന്നതിനുള്ള സാഹചര്യവും സൗകര്യങ്ങളും ഫ്ലാറ്റുകളിൽ ഒരുക്കും.**

സ്ത്രീശാക്തീകരണത്തിനുള്ള വിവിധങ്ങളായ പരിശീലന പരിപാടികൾ കുടുംബശ്രീ സംവിധാനം വഴി നടപ്പിലാക്കി വരുന്നു. കുടുംബശ്രീയുടെ ത്രിതല സംഘടനാ സംവിധാനം ശക്തിപ്പെടുത്തുകയാണ് കുടുംബശ്രീ സ്കൂൾ പദ്ധതിയുടെ ലക്ഷ്യം. അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പതിന്നാല് ജില്ലകളിലും സ്നേഹിത ജൻഡർ ഹെൽപ് ഡെസ്കുകൾ പ്രവർത്തിക്കുന്നു. മനുഷ്യക്കടത്ത് തടയാൻ ലക്ഷ്യമിട്ട് ഇടുക്കിയിലെ ദേവികുളം, വയനാട്ടിലെ മാനന്തവാടി, പാലക്കാട്ടെ ചിറ്റൂർ എന്നീ ബ്ലോക്കുകളിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിങ്ങ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഒറ്റയ്ക്ക് താമസിക്കുന്നവർക്ക് സഹായവും പിന്തുണയുമായി സ്നേഹിത കോളിങ്ങ് ബെൽ രംഗത്തുണ്ട്. നിരാമയ ഇൻഷുറൻസ് പദ്ധതി ഭിന്നശേഷിക്കാർക്ക് ആശ്വാസമാകും. ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച രൂപമായ അഗതി രഹിത കേരളം ദരിദ്രരിൽ ദരിദ്രരും നിരാലംബരുമായ 1.5 ലക്ഷം പേർക്ക് വിവിധങ്ങളായ സർക്കാർ സഹായങ്ങളും സമൂഹത്തിന്റെ കരുതലും ലഭ്യമാക്കും.

ചെറുകിട, സൂക്ഷ്മ സംരംഭ രംഗത്തും കുടുംബശ്രീയുടെ സംഭാവന വലുതാണ്. കേരള ചിക്കൻ പദ്ധതിയിൽ 549 ചിക്കൻ ഫാമുകൾ ആരംഭിച്ചു. കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിൽക്കാൻ ഓൺലൈൻ പോർട്ടൽ തുറന്നു. ക്ലീനിങ്ങ് മുതൽ ഓഫീസ് നിർവ്വഹണം വരെ എല്ലാ ജോലികളിലും കുടുംബശ്രീ വനിതകളെയും ട്രാൻസ്ജൻഡറുകളെയും നിയോഗിച്ച കൊച്ചി മെട്രോ ജൻഡർ സൗഹൃദ സമീപനത്തിന്റെ മാതൃകയായി കേരളത്തിനു പുറത്തും ചർച്ച ചെയ്യപ്പെട്ടു. വനിതകളും ട്രാൻസ്ജൻ

ഡറുകളും മാത്രം ജോലി ചെയ്യുന്ന ലോകത്തിലെ ആദ്യത്തെ മെട്രോ പദ്ധതിയാണിത്. ട്രാൻസ്ജൻഡർ വിഭാഗത്തിന് പരിഗണന നൽകുന്ന രാജ്യത്തെ ആദ്യത്തെ വലിയ സംരംഭമായും ഇതിനെ കണക്കാക്കാം. 1,600 വനിതകൾക്കാണ് കൊച്ചി മെട്രോയിൽ ജോലി ലഭിക്കുന്നത്.

കേരളത്തിലെ കുടുംബശ്രീ രാജ്യത്തിനു മുഴുവൻ മാതൃകയാണെന്ന് അധികാരമേറ്റ് ആദ്യ നാളുകളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടിരുന്നു. അദ്ദേഹം ഇന്നത് പറയുമോ എന്നെനിക്ക് അറിയില്ല. ഇരുപതോളം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇപ്പോൾ കുടുംബശ്രീ പ്രവർത്തിക്കുന്നുണ്ട്. അവരെ പരിശീലിപ്പിക്കുന്നതും പ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശം നൽകുന്നതും കേരളത്തിലെ കുടുംബശ്രീയാണ്.

### എല്ലാവർക്കും വീടൊരുങ്ങുന്നു

രാജ്യത്തെ ഏറ്റവും വലിയ സംസ്ഥാന ഭവന പദ്ധതിയാണ് എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ കേരളത്തിൽ നടപ്പാക്കി വരുന്ന ലൈഫ്. പദ്ധതിയുടെ ഭാഗമായി 1308 കോടി രൂപ ഇതിനകം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

പണി മുടങ്ങിക്കിടന്ന 50,514 വീടുകൾ ആദ്യ ഘട്ടത്തിൽ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ 84,890 വീടുകൾ നിർമ്മാണത്തിലിരിക്കുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും വീട് നൽകും. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ നിരക്കിൽ ഭവന നിർമ്മാണ സാമഗ്രികളും ലഭ്യമാക്കും.

പ്രധാൻമന്ത്രി ആവാസ് യോജന, പ്രധാൻമന്ത്രി (ഗ്രാമീൺ) ആവാസ് യോജന എന്നീ കേന്ദ്ര പദ്ധതികൾ, സംസ്ഥാന സർക്കാർ വിഹിതവും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതവും ചേർത്ത്, ലൈഫ് പദ്ധതിയുടെ യൂണിറ്റ് തുകയ്ക്കു തുല്യമായ തുക ഉറപ്പു വരുത്തിയാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. താരതമ്യേന കുറഞ്ഞ യൂണിറ്റ് തുകയുള്ള ഈ കേന്ദ്ര പദ്ധതികൾ അധിക സഹായം ചേർത്ത് ആകർഷകമാക്കിയാണ് കേരള സർക്കാർ നടപ്പിലാക്കുന്നത് എന്നർത്ഥം.

കേന്ദ്ര പദ്ധതി ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാരിന്റെ അധിക സഹായമായി 400 കോടി രൂപ ഇതിനകം നൽകി. ഭൂമിയില്ലാത്തവർക്ക് വേണ്ടി 14 ജില്ലകളിലും ഭവനസമുച്ചയങ്ങൾ ഉയരുകയാണ്. ഇനിയും സ്ഥലം കണ്ടെത്തിയിട്ടില്ലാത്ത കേന്ദ്രങ്ങളിൽ സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു. അടിമാലി ഗ്രാമപഞ്ചായത്തിലെ ഫ്ലാറ്റ് സമുച്ചയം പണി തീർന്ന് ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു. ഈ കുടുംബങ്ങളെ സാമൂഹ്യ ജീവിതത്തിന്റെ മുഖ്യധാരയിൽ ചേർത്തു നിർത്തുന്നതിനുള്ള സാഹചര്യവും സൗകര്യങ്ങളും ഫ്ലാറ്റുകളിൽ ഒരുക്കും.



*നവകേരളം കർമ്മ പദ്ധതി ശില്പശാലയിൽ മന്ത്രി എ.സി. മൊയ്തീൻ മുഖ്യമന്ത്രി പിണറായി വിജയനോടൊപ്പം.*

**ഇന്ന് 3.19 ലക്ഷം വീടുകളിലും 30,000 സ്ഥാപനങ്ങളിലും ഉറവിടത്തിൽ മാലിന്യം സംസ്കരിക്കാൻ സംവിധാനങ്ങൾ ഉണ്ട്. 79,000 വീടുകളിലും 1,200 സ്ഥാപനങ്ങളിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു. 30 ലക്ഷം വീടുകളിൽ കുഴിക്കമ്പോസ്റ്റ് സംവിധാനം ഒരുക്കി.**

### മാലിന്യമകലുന്നു

മാലിന്യപ്രശ്നത്തിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ശാശ്വത പരിഹാരവും സവിശേഷ മേഖലകളിൽ സത്വര പരിഹാരവും ആവശ്യമാണ്. മണ്ണിന്റെയും ജലത്തിന്റെയും അന്തരീക്ഷ വായുവിന്റെയും സ്വാഭാവികതയും നൈർമല്യവും വീണ്ടെടുക്കുക എന്നതാണ് നമ്മുടെ ദീർഘകാല ലക്ഷ്യം. ദീർഘകാല ലക്ഷ്യങ്ങളുടെ പേരിൽ അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ അവഗണിക്കുകയുമരുത്. അടിയന്തര, ദീർഘകാല ലക്ഷ്യങ്ങൾ സമന്വയിപ്പിച്ച് കൊണ്ടുള്ള ഈ സർക്കാരിന്റെ ഇടപെടൽ വലിയൊരു പാരിസ്ഥിതിക



*വാർഷിക പദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാരുടെ മേഖലാ യോഗം കിലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു.*

ദുരന്തത്തിന്റെ വക്കിൽ നിന്ന് കേരളത്തെ കരകയറ്റിയിരിക്കുന്നു.

ഇന്ന് 3.19 ലക്ഷം വീടുകളിലും 30,000 സ്ഥാപനങ്ങളിലും ഉറവിടത്തിൽ മാലിന്യം സംസ്കരിക്കാൻ സംവിധാനങ്ങൾ ഉണ്ട്. 79,000 വീടുകളിലും 1,200 സ്ഥാപനങ്ങളിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു. 30 ലക്ഷം വീടുകളിൽ കുഴിക്കമ്പോസ്റ്റ് സംവിധാനം ഒരുക്കി. പൊതുസ്ഥലങ്ങളിൽ 2,000 മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പത്തോളം ഇടങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണം നടക്കുന്നു. ഉറവിട മാലിന്യ സംസ്കരണത്തിന് 90 ശതമാനം വരെ സബ്സിഡി നൽകാൻ തീരുമാനിച്ചത് ഇത്തരം സ്കീമുകൾ കൂടുതൽ ആകർഷകമാക്കിയിട്ടുണ്ട്.

1,030 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേനകൾ പ്രവർത്തിക്കുന്നുണ്ട്. 30,000 സന്നദ്ധ പ്രവർത്തകർ പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നു. ഇതിനകം 441 പാഴ്‌വസ്തു സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചു. 177 റിസോഴ്സ് റിക്കവറി സെന്ററുകളും തുറന്നു. 2,350 ഓളം പാഴ്‌വസ്തു വ്യാപാരികൾക്ക് രജിസ്ട്രേഷൻ നൽകി ദൗത്യത്തിന്റെ ഭാഗമാക്കി മാറ്റിയിട്ടുണ്ട്.

ആവശ്യമില്ലാതെ ഉപേക്ഷിക്കാനൊരുങ്ങുന്ന പഴയ വസ്തുക്കൾ വിൽക്കാനും ആവശ്യക്കാർക്ക് വാങ്ങാനും സ്വാപ് ഷോപ്പുകൾ ആരംഭിച്ചത് ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്താൻ ഉതകുന്ന ക്രിയാത്മക ഇടപെടലായി സർക്കാർ കാണുന്നു.

സംസ്കരിച്ച പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന രീതിക്ക് കൂടുതൽ പ്രചാരവും സ്വീകാര്യതയും നേടിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. നിലവിൽ 117 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉൽപ്പാദനം നടക്കുന്നുണ്ട്.. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് ഷ്രഡിങ്ങ് യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ക്ലീൻ കേരള കമ്പനി വഴി ഇലക്ട്രോണിക് മാലിന്യങ്ങളും ആപൽക്കര മാലിന്യങ്ങളും സംസ്കരിക്കും. സ്കൂളുകളിൽ നടത്തുന്ന ഹരിതോൽസവങ്ങൾ കുട്ടികളിൽ പരിസ്ഥിതി ബോധം വളർത്തും. പകർച്ചവ്യാധി പ്രതിരോധത്തിനുള്ള ജാഗ്രതോത്സവം കുട്ടികളിൽ ശുചിത്വ , ആരോഗ്യ അവബോാധം വളർത്തും. സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കിയത്, സർക്കാർ ജീവനക്കാരെ ഹരിത ദൗത്യത്തിന്റെ ഭാഗമാക്കി മാറ്റി.

ഈ സർക്കാർ അധികാരമേറ്റ് ആദ്യ വർഷം തന്നെ സംസ്ഥാനത്തെ 941 പഞ്ചായത്തുകളും വെളിയിട വിസർജനമുക്തമായി പ്രഖ്യാപിച്ചതാണല്ലോ. 1,74,720 ശൗചാലയങ്ങൾ പുതുതായി നിർമ്മിച്ചാണ് ഈ ലക്ഷ്യം നേടിയത്. കൊച്ചി കോർപ്പറേഷനിലെ ഒരു വാർഡു കൂടി ലക്ഷ്യം നേടിയാൽ സംസ്ഥാനത്തെ എല്ലാ നഗരങ്ങളും വെളിയിട വിസർജന മുക്തമാവും.

### വീണ്ടെടുക്കാം മണ്ണും പ്രകൃതിയും

പ്രകൃതിയെ അതിന്റെ നിറവിലേക്കും നൈർമല്യത്തിലേക്കും തിരിച്ചു കൊണ്ടുപോകുന്നതിനുള്ള ശാസ്ത്രീയ കർമ്മ പദ്ധതിയാണ് പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ സർക്കാർ നടപ്പിലാക്കുന്നത്. ജലസ്രോതസുകൾ മലിനപ്പെടുത്തുന്നത് ശിക്ഷാർഹമാക്കി നിയമ ഭേദഗതി കൊണ്ടുവന്നത് പരക്കെ സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്.

പാരിസ്ഥിതിക അവബോധം ആരോഗ്യകരമായ സാമൂഹ്യബോധത്തിന്റെ ഭാഗമാണെന്ന് മലയാളി തിരിച്ചറിഞ്ഞുവെന്നു വേണം കരുതാൻ. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന പ്രകൃതിസംരക്ഷണ ദൗത്യങ്ങളിൽ ലക്ഷക്കണക്കിനു പേരാണ് പങ്കെടുക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 41,000 ജലസംരക്ഷണ പ്രവൃത്തികൾ നടന്നു. 57,000 പുതിയ ജലസേചന കനാലുകൾ നിർമ്മിച്ചു. 48,000 പരമ്പരാഗത ജലസ്രോതസുകൾ വൃത്തിയാക്കി സംരക്ഷിച്ചു. 12,000 കാർഷിക കുളങ്ങൾ നിർമ്മിച്ചു.

കൃഷിയോഗ്യമാക്കിയ തരിശുനിലം 14,000 കാർഷിക സംഘങ്ങൾ കൃഷി ചെയ്യുന്നു. പാരിസ്ഥിതിക അവബോധം പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി വാർഡുകളിൽ ജല പാർലമെന്റ് സംഘടിപ്പിക്കുന്നു. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ മികവു പുലർത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഹരിതപുരസ്കാരങ്ങൾ സമ്മാനിക്കും.

ഹരിത ദൗത്യത്തിന്റെ ഭാഗമായി വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ഇതിനകം 202 കിലോമീറ്റർ പുഴകളും 18,183 കി. മീറ്റർ നീർത്തോടുകളും നന്നാക്കി. 48,936 കിണറുകൾ റിചാർജ് ചെയ്തു. 15,000 കിണറുകൾ നിർമ്മിച്ചു. 4,625 എണ്ണം നവീകരിച്ചു. 8,675 കുളങ്ങൾ നിർമ്മിച്ചു. 9,889

എണ്ണം നവീകരിച്ചു. ഉപേക്ഷിക്കപ്പെട്ട 24,000 ഹെക്ടറിൽ വീണ്ടും നെൽകൃഷി ആരംഭിച്ചു. തരിശ്ശു കിടന്ന ആയിരക്കണക്കിന് ഏക്കർ ഇപ്പോൾ പൊന്നു വിളയുന്ന പാടമാണ്. ഹരിത കേരളം മിഷൻ ശേഖരിച്ച കണക്കുകൾ പ്രകാരം 3,136 ഹെക്ടറിലെ ഒരുപ്പൂവിള ഇരുപ്പൂവാക്കി. 2,625 ഹെക്ടറിൽ കരനെൽ കൃഷി ആരംഭിച്ചു. 155 ജൈവ പച്ചക്കറി ക്ലസ്റ്ററുകളിലായി 5,000 ഹെക്ടറിൽ കൃഷി നടക്കുന്നു. ജൈവ ഉൽപ്പന്നങ്ങൾ വിൽക്കാൻ 149 ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്.

## ആരോഗ്യരംഗത്ത് പുത്തനുണർവ്

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസനലക്ഷ്യം മുൻനിർത്തിയാണ് ഈ സർക്കാർ ആരോഗ്യരംഗത്ത് പ്രവർത്തിച്ചു വരുന്നത്. ജനങ്ങൾക്കിടയിൽ ഭീതി വിതച്ച നിപ്പ വൈറസിനെ തുരത്തുന്നതിലും പ്രളയകാലത്ത് പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിലും നമ്മൾ പ്രകടിപ്പിച്ച മികവ് ലോകത്തിന്റെ പ്രശംസ പിടിച്ചുപറ്റി.

ആരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്ന കുടുംബാരോഗ്യ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുകയാണ്. ആദ്യഘട്ടത്തിൽ 170 കേന്ദ്രങ്ങളിലും രണ്ടാം ഘട്ടത്തിൽ 504 കേന്ദ്രങ്ങളിലും ഏറ്റെടുത്ത അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്. അവശ്യ സൗകര്യങ്ങൾ ഒരുങ്ങുന്നതോടെ വൈകുന്നേരം 6 മണി വരെയുള്ള ഒ.പി. സേവനം എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാവും.

കിഫ്ബിയിൽ ഉൾപ്പെടുത്തി 3,000 കോടിയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നടത്തിവരുന്നത്. 34 ഡയാലിസിസ് യൂണിറ്റുകളും 10 കാത്ലാബുകളും ഇതിൽ ഉൾപ്പെടും. ആവശ്യത്തിന് ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ ഇല്ലാതിരുന്ന ആരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക്, ജില്ലാ ആശുപത്രികളിലും പുതിയ തസ്തികകൾ സൃഷ്ടിക്കാനും അടിയന്തര പ്രാധാന്യത്തോടെ നിയമനനടപടികൾ പൂർത്തീകരിക്കാനും അധികാരമേറ്റ് ഒരു വർഷം തികയുന്നതിനിടയിൽ സർക്കാരിനായി.

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 830 ഉം താലൂക്ക്, ജില്ലാതല ആശുപത്രികളിൽ 891- ഉം തസ്തികകൾ പുതുതായി സൃഷ്ടിച്ച് നിയമനം നടത്തി. നിയമനങ്ങളിലെ കാലതാമസം ഒഴിവാക്കാനും റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് ഒഴിവുകൾ നികത്താനും സർക്കാർ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

ഭാവിയെ മുന്നിൽ കണ്ടുള്ള ഒരു സമഗ്ര ആരോഗ്യ നയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. മഴക്കാലപൂർവ്വ തയ്യാറെടുപ്പുകൾ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ആരോഗ്യ ജാഗ്രതാ പരിപാടിയാക്കി വികസിപ്പിച്ചത് ഈ നയത്തിന്റെ അടിസ്ഥാനത്തിലാണ്. ആരോഗ്യ ജാഗ്രത കാര്യക്ഷമമാക്കാനും ജനപങ്കാളിത്തത്തോടെ നയങ്ങൾ ആവിഷ്കരിക്കാനും മുൻഗണന നിശ്ചയിച്ച് നടപ്പാക്കാനും ഇ- ഹെൽത്ത് പ്രോഗ്രാമിലൂടെ സാധിക്കും. പ്രോഗ്രാമിന്റെ ഭാഗമായി 2.9 കോടി ജനങ്ങൾക്ക് ഇതിനകം ഇ-ഹെൽത്ത് രജിസ്ട്രേഷൻ നൽകി. നവജാത ശിശുക്കളിലെ ഹൃദ്രോഗം കണ്ടെത്തി ശസ്ത്രക്രിയയിലൂടെ പരിഹരിക്കുന്ന ഹൃദ്യം, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസം ക്ലിനിക്, ഗർഭിണികളുടെ മാനസികാരോഗ്യത്തിനുള്ള അമ്മ മനസ്, മദ്യപാന രോഗികൾക്കുള്ള വിമുക്തി, ലോകാരോഗ്യ സംഘടനയും ഇന്ത്യാ ഗവൺമെന്റുമായി ചേർന്നുള്ള ഇന്റഗ്രേറ്റഡ് ഹെൽത്ത് ഇൻഫർമേഷൻ പ്ലാറ്റ്ഫോം തുടങ്ങിയ വിവിധങ്ങളായ പദ്ധതികളുമായി കേരളത്തിന്റെ ആരോഗ്യ രക്ഷാ സംവിധാനം മികവിന്റെ പുതിയൊരു ഘട്ടത്തിലേക്ക് കടന്നിരിക്കുന്നു.

**വിവിധ തദ്ദേശ സ്വയംഭരണ വകുപ്പുകളിൽ ചുരുങ്ങിയ കാലയളവിൽ ഇത്രയധികം നിയമനങ്ങൾ നടക്കുന്നത് ഇപ്പോൾ ആദ്യമാണ്. പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റി തർക്കങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും അവസാനം കുറിച്ച് 4,153 ജീവനക്കാർക്ക് സ്ഥാനക്കയറ്റ നിയമനം നൽകി.**

## പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സമൂലമാറ്റത്തിനു വിധേയമായ മറ്റൊരു രംഗമാണ് പൊതു വിദ്യാഭ്യാസം. സ്വകാര്യ വിദ്യാലയങ്ങളുമായി മൽസരിച്ച് പിന്തള്ളപ്പെട്ടു പോന്ന സർക്കാർ - എയ്ഡഡ് സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി സർക്കാർ ഇത്രയധികം തുക മുൻപൊരിക്കലും ചെലവഴിച്ചിട്ടില്ല. ഈ വാക്കുകൾ കുറിക്കുമ്പോൾ, കേരളത്തിലെ 1500- ലധികം സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വിപുലമായ പ്രവൃത്തികൾ നടക്കുകയാണ്. കിഫ്ബി സഹായത്തോടെ 141 വിദ്യാലയങ്ങൾക്ക് 5 കോടി വീതവും 395 വിദ്യാലയങ്ങളിൽ 3 കോടി വീതവും 444 എണ്ണത്തിൽ 1 കോടി വീതവും ചെലവഴിച്ചാണ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത്. ഇതിനു പുറമേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിലൂടെ 473 വിദ്യാലയങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നുണ്ട്. നബാർഡ് സ്കീമിൽ 52 വിദ്യാലയങ്ങൾക്ക് 104 കോടി രൂപ ലഭിക്കും. എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ 2,875 ക്ലാസ് മുറികൾ നിർമ്മിച്ചു.

പൊതു വിദ്യാലയങ്ങളിലെ പഠനാന്തരീക്ഷം അടിമുടി മാറിയിരിക്കുന്നു. 45,000 ക്ലാസുമുറികൾ ഇതിനകം ഹൈടെക്ക് ആയി. 59,772 ലാപ്ടോപ്പുകൾ പഠനാവശ്യത്തിനായി സജ്ജീകരിച്ചു. 43,422 മൾട്ടിമീഡിയ പ്രോജക്റ്ററുകൾ ഏർപ്പെടുത്തി.13,798 ബ്രോഡ്ബാൻഡ് കണക്ഷനുകൾ എടുത്തു. 4,578 DSLR ക്യാമറകൾ സജ്ജീകരിച്ചു. 4,206 ടെലിവിഷനുകൾ, 4,576 വെബ്ക്യാമറകൾ എന്നിവ സ്കൂളുകൾക്ക് നൽകി. ഹൈസ്കൂളുകൾക്ക് പുറമേ, പ്രൈമറി വിദ്യാലയങ്ങൾ കൂടി ഹൈടെക് ആക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## പുതിയ ലക്ഷ്യങ്ങൾ പുതിയ സമീപനം

കുട്ടികളുടെ ബഹുമുഖമായ കഴിവുകൾ വികസിപ്പിക്കാനും അവരിൽ ആത്മവിശ്വാസം വളർത്താനും സഹായിക്കുന്ന എത്രയെങ്കിലും പദ്ധതികളാണ് സ്കൂളുകളിൽ

നടപ്പിലാക്കി വരുന്നത്. പെൺകുട്ടികൾക്ക് ആയോധന പരിശീലനത്തിനുള്ള 'കരുത്ത്', പാരിസ്ഥിതിക അവബോധം പകരുന്ന ജൈവവൈവിധ്യ ഉദ്യാനം, ഹയർസെക്കന്ററി കുട്ടികളുടെ സർഗ്ഗശേഷികൾ കണ്ടെത്തി പരിശീലിപ്പിക്കുന്ന 'സിതാർ', കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്ന ടാലന്റ് ലാബ്, കുട്ടികൾക്ക് സ്കൂൾ സമയത്തിനു ശേഷം ഒരുമിച്ച് പഠിക്കാൻ അവസരമൊരുക്കുന്ന പഠനവീടുകൾ, ശാസ്ത്രപഠനം മെച്ചപ്പെടുത്താൻ സഹായിക്കുന്ന ലിറ്റിൽ സയന്റിസ്റ്റ്, ഭൂമിയെക്കുറിച്ച് അറിവ് പകരുന്ന ഭൗമം, ഗണിത പഠനം ആഹ്ലാദകരമാക്കുന്ന ഗണിതലാബ്, ഗണിത വിജയം, ലിറ്റിൽ മാത്തമറ്റീഷൻസ് ഭാഷാശേഷി വികസിപ്പിക്കുന്ന മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി എന്നിങ്ങനെ നിരവധി പദ്ധതികൾ ഉദാഹരിക്കാം. പ്രത്യേക പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടിയുള്ള ശ്രദ്ധ, വായനാശീലം വളർത്താൻ സഹായിക്കുന്ന വായനയുടെ വസന്തം, ക്ലാസ്മുറി ലൈബ്രറി തുടങ്ങിയ പദ്ധതികൾ കുട്ടികൾക്ക് സ്വയം കണ്ടെത്താനും സ്വന്തം നിലയിൽ കാര്യങ്ങളെ കാണാൻ തക്ക ആത്മവിശ്വാസം ആർജിക്കാനും അവസരമൊരുക്കും.

ഗോത്രവർഗ കേന്ദ്രങ്ങളിൽ ഊരുവിദ്യാകേന്ദ്രങ്ങൾ ആരംഭിച്ചത് ആദിവാസി വിഭാഗത്തിലുള്ള കുട്ടികളെ പൊതു വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ എത്താൻ സഹായിക്കും. ദൃശ്യ പരിമിതി നേരിടുന്ന കുട്ടികൾക്ക് ഡിജിറ്റൽ പാഠപുസ്തകങ്ങൾ സർക്കാർ ലഭ്യമാക്കുന്നുണ്ട്. ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി നിലവാരത്തിലെ ഇംഗ്ലീഷ്, ഹ്യുമാനിറ്റീസ് പഠനം മെച്ചപ്പെടുത്താൻ പ്രത്യേക പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ ഇനി മലയാളത്തിലും ലഭിക്കും എന്നതാണ് എടുത്തു പറയേണ്ട ഒരു കാര്യം.

### പുതിയ കാലം സേവനത്തിന് പുതിയ മുഖം

വിവിധ തദ്ദേശ സ്വയംഭരണ വകുപ്പുകളിൽ ചുരുങ്ങിയ കാലയളവിൽ ഇത്രയധികം നിയമനങ്ങൾ നടക്കുന്നത് ഇപ്പോൾ ആദ്യമാണ്. പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റി തർക്കങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും അവസാനം കുറിച്ച് 4,153 ജീവനക്കാർക്ക് സ്ഥാനക്കയറ്റ നിയമനം നൽകി. ഗ്രേഡ് പ്രമോഷനുകൾ പുനസ്ഥാപിച്ചു. ജില്ലാ ഓഫീസർമാരുടെ ഒഴിവുകൾ നികത്തി. പഞ്ചായത്ത് വകുപ്പിൽ 2018- ൽ മാത്രം 750 ൽ അധികം പി എസ് സി നിയമനങ്ങൾ നടത്തി. എൻജിനീയറിങ്ങ് വിഭാഗത്തിൽ 195 അസിസ്റ്റന്റ് എൻജിനീയർ തസ്തികയും 373 മറ്റ് തസ്തികകളും സൃഷ്ടിച്ചു. ഒരു പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എൻജിനീയർ എന്ന ദീർഘനാളത്തെ ആവശ്യം യാഥാർത്ഥ്യമായിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാവണം എന്നതാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. സേവനങ്ങളുടെ സുതാര്യതയിലും ഗുണനിലവാരത്തിന്റെ കാര്യത്തിലും ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും പാടില്ല. ഫയലുകൾ തീർപ്പാക്കുന്നതിൽ സമയക്ലിപ്തതയും മുൻഗണനാക്രമവും പാലിക്കണമെന്ന് സർക്കാർ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഓഫീസിൽ എത്തുന്നവർക്ക് പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാവണം. ഉദ്യോഗസ്ഥരുടെ പെരുമാറ്റം പ്രസാദാത്മകമാവണം. ജന്റർ സൗഹൃദ ഓഫീസ് അന്തരീക്ഷം ഉണ്ടാവുകയെന്നതും പ്രധാനമാണ്. രാജ്യാന്തര നിലവാരത്തിലേക്ക് ഉയരണം എന്ന ലക്ഷ്യമാണ് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നിൽ വയ്ക്കുന്നത്. ഇതിനകം 408 ഗ്രാമപഞ്ചായത്തുകൾക്ക് രാജ്യാന്തര നിലവാരത്തിനുള്ള ഐഎസ്ഒ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. മറ്റു പഞ്ചായത്തുകളും ഐഎസ്ഒ നേടാനുള്ള ശ്രമത്തിലാണ്.

**പദ്ധതി നിർവ്വഹണരംഗത്ത് 2019-20 മികവിന്റെ വർഷമാകണം. ഇന്ന് നമ്മൾ ചെയ്യുന്നത് നാളത്തെ സാമൂഹ്യ ജീവിതത്തിന്റെ അസ്തിവാരമായി മാറും. ജനകീയാസൂത്രണത്തിലൂടെ നമ്മൾ ചരിത്രം സൃഷ്ടിക്കുകയാണ്, നമുക്കും വരും തലമുറയ്ക്കും വേണ്ടി.**

### ആധുനികം സുതാര്യം

വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി, ആധുനികവൽക്കരണത്തിന്റെ പാതയിലാണ് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ.

യോഗനടപടിക്രമങ്ങൾ സകർമ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താം. തദ്ദേശഭരണ വകുപ്പിന്റെ പുതിയ വെബ് പോർട്ടൽ ഉപയോഗിച്ച് ലോകത്തെവിടെ നിന്നും ഗ്രാമസഭാ ചർച്ചകളിൽ പങ്കെടുക്കാം. ഗ്രാമസഭാ രേഖകളുടെ ചുരുക്കം എവിടെയും ഏതു സമയത്തും ലഭിക്കും. കെ- സിഫ്റ്റ് വന്നതോടെ, ട്രേഡ് ലൈസൻസുകൾ ഓൺലൈൻ ആയി നേടാം.

വിവിധങ്ങളായ പരിശീലന പരിപാടികളും ഔദ്യോഗിക കൂടിക്കാഴ്ചകളും എളുപ്പമാക്കുക എന്ന ലക്ഷ്യത്തോടെ 14 ജില്ലകളിലായി 33 വർച്ച്വൽ ക്ലാസ് മുറികൾ സജ്ജീകരിച്ചു. ഒരേ സമയം 1,400 പേർക്ക് വർച്ച്വൽ ക്ലാസുകളിൽ പങ്കെടുക്കാം. ഫയൽ നടപടിക്രമം വേഗത്തിലാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലും 7 ജില്ലാ ഓഫീസുകളിലും ഏർപ്പെടുത്തിയ ഇ-ഓഫീസ് അധികം വൈകാതെ മറ്റു ജില്ലകളിലും എത്തും. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വസ്തു നികുതി ഇ -പേമെന്റ് ഏർപ്പെടുത്തി.

വിനോദ നികുതിയും സാംസ്കാരിക ക്ഷേമനിധി സെസും ഇ - ടിക്കറ്റിങ്ങ് സംവിധാനത്തിലൂടെ പിരിക്കും. 509 ഗ്രാമപഞ്ചായത്തുകൾക്ക് വസ്തു നികുതി പിരിവിൽ നൂറു ശതമാനം നേടാനായത് ഇതിനോട് ചേർത്ത് പറയണം. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രധാന വികസന പരിശീലന സ്ഥാപനമായ കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) ലോക നിലവാരത്തിലേക്ക് ഉയരുകയാണ്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ പരിശീലന കേന്ദ്രങ്ങളും കിലയുടെ കീഴിൽ കൊണ്ടുവന്നു.

### ക്ഷേമത്തിൽ നിറഞ്ഞ്

വികസ്വര രാജ്യങ്ങളിൽ ഒരിടത്തും കാണാത്ത സമഗ്രമായ ക്ഷേമ പെൻഷൻ സംവിധാനമാണ് ഇപ്പോൾ കേരളത്തിലുള്ളത്. അർഹരായ മുഴുവൻ പേരെയും ക്ഷേമ പെൻഷൻ പരിധിയിൽ കൊണ്ടുവരാൻ സർക്കാർ നടത്തിയ മുൻകൈ പ്രവർത്തനത്തിന്റെ ഫലമായി, 11 ലക്ഷം പേരെ പെൻഷൻ ഗുണഭോക്തളുടെ ലിസ്റ്റിൽ

പുതുതായി ഉൾപ്പെടുത്താൻ കഴിഞ്ഞു. ക്ഷേമനിധി പെൻഷനുകൾ ഉൾപ്പെടെ, സംസ്ഥാനത്ത് നിലവിൽ 52,15,165 പേർക്ക് വിവിധ സാമൂഹ്യ സഹായ പെൻഷനുകൾ ലഭിക്കുന്നുണ്ട്. ഇതിൽ 6,50,486 പേർക്ക് മാത്രമാണ് ക്ഷേമനിധി പെൻഷനുള്ളത്. 45,64,679 പേരും മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നവരാണ്.

16,424.70 കോടി രൂപയുടെ ക്ഷേമ പെൻഷൻ 2016 ജൂൺ മുതൽ വിതരണം ചെയ്തു. കുറഞ്ഞ പെൻഷൻ തുക 600 ൽ നിന്ന് 1,200 രൂപയാക്കി ഉയർത്തി. 80 ശതമാനത്തിൽ കൂടുതൽ വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് 1,300 രൂപയും 75 വയസ് കഴിഞ്ഞവർക്ക് 1,500 രൂപയും പെൻഷനായി ലഭിക്കും. 21 ലക്ഷത്തിലേറെ പേർക്ക് പെൻഷൻ തുക നേരിട്ട് വീട്ടിൽ എത്തിച്ചാണ് നൽകുന്നത്.

## നൂലാമാലകൾ ഇല്ലാതെ

പ്രോജക്ട് രൂപീകരണത്തിനും അംഗീകരണത്തിനുമുള്ള നടപടിക്രമം ഈ സർക്കാർ വന്നതിനു ശേഷം ലളിതമാക്കി. നാല് കാറ്റഗറികളായി പ്രോജക്ടുകൾ തയ്യാറാക്കുന്ന പുതിയ രീതി കൊണ്ടു വന്നു . ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വെറ്റിങ്ങ് ഒഴിവാക്കി. ത്രിതല പഞ്ചായത്തുകൾക്ക് പ്രത്യേകം മാർഗരേഖ പുറത്തിറക്കി. പ്രദേശത്തിന്റെ സവിശേഷതകൾക്ക് ഇണങ്ങുന്ന സർഗാത്മക സ്വഭാവമുള്ള പ്രോജക്ടുകൾക്ക് പ്രോത്സാഹനം നൽകി. ജില്ലാ പദ്ധതിയിലൂടെ നവകേരള മിഷനുകളുടെ ജില്ലാതലത്തിലുള്ള ഏകോപനം ഫലപ്രദമാക്കി.

പ്രളയ ദുരന്തത്തെ അതിജീവിക്കുന്നതിനുള്ള ശ്രമങ്ങൾക്കിടയിലും പദ്ധതി പ്രവർത്തനം താളം തെറ്റാതെ മുന്നോട്ടു കൊണ്ടു പോകാനും മികച്ച നേട്ടം കൈവരിക്കാനും നമുക്കായി. പദ്ധതി രൂപീകരണവും നിർവ്വഹണവും സമയബന്ധിതമായി. 2019 -20 ലേക്കുള്ള പദ്ധതി രൂപീകരണം 2019 ഡിസംബറിൽ പൂർത്തിയായി. ഏപ്രിൽ ആദ്യം മുതൽ പദ്ധതി നിർവ്വഹണം ആരംഭിക്കുകയെന്ന ദീർഘനാളത്തെ ആവശ്യം നടപ്പിലായിരിക്കുന്നു . നൂറു ശതമാനം പദ്ധതിച്ചെലവെന്ന വലിയ ലക്ഷ്യമാണ് ഈ വർഷം നമ്മെ കാത്തിരിക്കുന്നത്.

## തൊഴിലുറപ്പിലും കേരള മാതൃക

കേന്ദ്ര നിയമത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ട്, സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കും പ്രത്യേക സാഹചര്യങ്ങൾക്കും ഇണങ്ങുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. 2016-17 മുതൽക്ക് 3.68 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ പുതുതായി രജിസ്റ്റർ ചെയ്തു. 20.13 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 4,92,666 പ്രവൃത്തികൾ പൂർത്തീകരിച്ചു. 6,503.59 കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചു. 4 ലക്ഷം കുടുംബങ്ങൾക്ക് നൂറ്



തൊഴിൽ ദിനങ്ങൾ നൽകി.

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ ദിനങ്ങൾ നൽകാൻ ആരംഭിച്ച ട്രൈബൽ പ്ലസ് പദ്ധതി രാജ്യത്ത് ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ്. ഈ പദ്ധതി പ്രകാരം ആദിവാസി കുടുംബങ്ങൾക്ക് 200 തൊഴിൽ ദിനങ്ങൾ വരെ നൽകാം. പട്ടികവർഗ തൊഴിലാളികൾക്ക് വേതനം മുൻകൂർ നൽകാൻ വയനാട് ജില്ലയിലും അട്ടപ്പാടി ബ്ലോക്കിലും പ്രത്യേക പദ്ധതി അവതരിപ്പിച്ചു. പ്രളയബാധിത ജില്ലകളിലെ തൊഴിലാളികൾക്ക് 150 തൊഴിൽ ദിനങ്ങൾ എന്ന ആവശ്യവും നേടിയെടുക്കാൻ നമുക്കായി. പ്രളയത്തിനു ശേഷം 63,285 കുടുംബങ്ങൾക്ക് പുതിയ രജിസ്ട്രേഷൻ നൽകി. ദേശീയ തലത്തിൽ മികച്ച പദ്ധതി നടത്തിപ്പിനുള്ള പുരസ്കാരം ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്തിന് ലഭിച്ചത് പ്രത്യേക പരാമർശം അർഹിക്കുന്നു .

## കൈ നിറയെ

തൊഴിലുറപ്പ് മുതലായ കേന്ദ്ര പദ്ധതികൾ കൂടി ചേർത്താൽ 21,000 കോടി രൂപയുടെ വികസന പ്രോജക്ടുകളാണ് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വർഷം നടപ്പിലാക്കുന്നത്. സംസ്ഥാന ബഡ്ജറ്റ് അടങ്കലിന്റെ 24.5 ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകും. സംസ്ഥാന ബഡ്ജറ്റിൽ 11,867 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പ്ലാൻ ഗ്രാന്റ് 7,500 കോടി. പ്രളയബാധിത പഞ്ചായത്തുകളിലെ പ്രത്യേക പ്രോജക്ടുകൾക്ക് 250 കോടിയും ലഭിക്കും. സംസ്ഥാന സർക്കാർ 1000 ദിവസം പിന്നിടുന്ന വേളയിൽ പ്രഖ്യാപിച്ച 1000 പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്കുണ്ട്. എല്ലാ ജില്ലയിലും പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർനിർമ്മാണ ത്തിന് ഈ പദ്ധതികളിൽ പ്രത്യേക ഊന്നൽ ലഭിക്കും. രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ നമ്മൾ ഏറ്റെടുക്കുകയാണ്. നവീനമായ ആശയങ്ങൾ ഏറ്റെടുത്ത് മുൻപേ നടക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് സംസ്ഥാന ഗവൺമെന്റ് എല്ലാ പിന്തുണയും നൽകും. ഫിലമെന്റ് ബൾബില്ലാത്ത ഊർജസൗഹൃദ പഞ്ചായത്താകാനുള്ള പിലിക്കോട് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി, വൃക്ഷങ്ങൾ നട്ട് കാർബൺ ക്രെഡിറ്റ് നേടുകയെന്ന മീനങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ ആശയം എന്നിവ എടുത്തു പറയണം.

## അടിസ്ഥാന സൗകര്യ വികസനത്തിൽ കുതിപ്പ്

മറ്റ് മേഖലകളിലെ വികസനം പലപ്രദമാകണമെങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ അതിനൊപ്പം വികസിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യ വികസന രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. പഞ്ചായത്ത്/നഗരസഭാ വാർഷിക പദ്ധതിയിൽ 4,762 കി.മീറ്റർ ടാർ റോഡും 4,865 കി.മീറ്റർ കോൺക്രീറ്റ് റോഡും നിർമ്മിച്ചു.14,908 കി.മീറ്റർ ടാർ റോഡുകൾ പുനരുദ്ധരിച്ചു. ഗ്രാമ സടക് പദ്ധതി ഒന്നാം ഘട്ടത്തിൽ 585.80 കി.മീറ്റർ റോഡും രണ്ടാം ഘട്ടത്തിൽ 393.10 കി.മീറ്റർ റോഡും നിർമ്മിച്ചു. റിസർച്ച് & ഡെവലപ്മെന്റ് പദ്ധതിയിൽ 623.28 കി.മീറ്റർ റോഡുകൾക്ക് അംഗീകാരം ലഭിച്ചതിൽ 379 കി.മീറ്റർ പൂർത്തീകരിച്ചു. സാഗി പദ്ധതിയിൽ 118.45 കി. മീറ്റർ റോഡുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

സ്കൂളുകളിലെയും ആരോഗ്യ കേന്ദ്രങ്ങളിലെയും സൗകര്യങ്ങൾ വർധിപ്പിക്കാൻ നടക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഇവിടെ സൂചിപ്പിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 6,061 കുടിവെള്ള പദ്ധതികൾ ഈ കാലയളവിൽ നിർമ്മിച്ചു. 5,067 അംഗൻവാടികൾ നിർമ്മിച്ചു.

കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തുല്യമായി തുക മുടക്കുന്ന അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഒമ്പതു നഗരങ്ങളിലായി 2,359 കോടി രൂപയുടെ വികസന പ്രവൃത്തികൾ നടപ്പിലാക്കും. ചെറുതും വലുതുമായ 1,025 പ്രോജക്ടുകളാണ് ഇതിലൂടെ നടപ്പിലാവുന്നത്.

## സ്മാർട്ട് സിറ്റിയാകാൻ തിരുവനന്തപുരവും കൊച്ചിയും

സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയ തിരുവനന്തപുരം 1,538 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ഒരുങ്ങുകയാണ്. പദ്ധതിയുടെ ഭാഗമായി സ്മാർട്ട് റോഡുകൾക്ക് 600 കോടിയും ചേരി വികസനത്തിന് 100 കോടി രൂപയും ചെലവഴിക്കും . ശ്രീപത്മനാഭ സ്വാമി ക്ഷേത്ര പരിസരം പുനരുദ്ധരിക്കാൻ 80.36 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കൊച്ചിയിൽ 2076 കോടി രൂപയുടെ പ്രോജക്ടുകളാണ് സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. ഫോർട്ട് കൊച്ചി- മട്ടാഞ്ചേരി- സിറ്റി സെൻട്രൽ ജലഗതാഗതം അടക്കമുള്ള പ്രോജക്ടുകൾ കൊച്ചി നഗരത്തിന്റെ മുഖച്ഛായ മാറ്റും.

## മികവിന്റെ വർഷമാവട്ടെ

നേട്ടങ്ങൾ വിശദീകരിച്ചത് എല്ലാം ഭദ്രമാണെന്ന പ്രതീതി പരത്താനല്ല. കുറവുകൾ കണ്ടെത്തി പരിഹരിക്കുന്നതിലും കൂടുതൽ മെച്ചപ്പെടാനുള്ള വഴികൾ കണ്ടെത്തുന്നതിലുമാണ് കാര്യം. 408 പഞ്ചായത്തുകൾ ഐഎസ്ഒ അംഗീകാരം നേടിയത് അഭിമാനകരം തന്നെ. ഒന്നുകൂടി ശ്രമിച്ചാൽ, ബാക്കി പഞ്ചായത്തുകൾക്കും നഗരസഭകൾ അടക്കമുള്ള മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഐഎസ്ഒ നിലവാരത്തിൽ എത്താൻ കഴിയും. ന്യായമായത് ചെയ്തു കിട്ടാനും അവകാശപ്പെട്ടത് ലഭിക്കാനുമാണ് ജനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമീപിക്കുന്നത്. തക്കതായ കാരണമില്ലാതെ, ഒരാളോടും "നോ" എന്നു പറയാൻ ഉദ്യോഗസ്ഥനായാലും ജനപ്രതിനിധിയായാലും ഒരാൾക്കും അവകാശമില്ല തന്നെ. "ഗുണനിലവാരമുള്ള സേവനം കാലതാമസമില്ലാതെ" നൽകാനാവണം. അതിൽ ഒരാളോടും വിവേചനം പാടില്ല.

ഇനിയും മാറ്റം സാധ്യമാണെന്നു തന്നെയാണ് ഇതുവരെയുള്ള മാറ്റം തെളിയിക്കുന്നത്. വികസന മുൻഗണനകളിലും സേവന നിർവ്വഹണത്തിലും തലമുറ മാറ്റം നടക്കുകയാണ്. പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങളും പുതിയ തലമുറയുടെ അഭിരുചികളും മനസ്സിലാക്കിയേ അതിനോട് നീതി പുലർത്താനാവൂ.

സംയോജനത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ഓരോ തദ്ദേശഭരണ സ്ഥാപനവും സ്വയം പരിശോധിക്കണം. പൊതുവിൽ ഗുണകരമാവുന്ന പ്രോജക്ടുകൾക്കു വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ യോജിച്ചു പ്രവർത്തിക്കണം.

അതോടൊപ്പം, വ്യത്യസ്ത വകുപ്പുകളുടെ സ്കീമുകൾ സംയോജിപ്പിക്കുകയും വേണം. പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ പശ്ചാത്തലത്തിൽ, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിനും ജീവനോപാധികൾ ഒരുക്കുന്നതിനും തൊഴിലുറപ്പു പദ്ധതി പരമാവധി ഉപയോഗപ്പെടുത്താനാവണം. നിയമങ്ങളെ പ്രായോഗിക ബുദ്ധിയോടെ സമീപിച്ചാൽ സംയോജനത്തിന്റെ സാധ്യതകൾ വ്യക്തമാവും. പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വ്യക്തമായ ആസൂത്രണത്തോടെ സമയബന്ധിതമായി നിർവ്വഹണം നടത്തുകയും വേണം.

സംയോജന സാധ്യതകൾ സർഗാത്മക ബുദ്ധിയോടെ ഉപയോഗപ്പെടുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് നല്ലത് പകർത്താൻ മറ്റുള്ളവ തയ്യാറാവണം. കക്ഷിരാഷ്ട്രീയമോ മറ്റെന്തെങ്കിലും പരിഗണനകളോ അതിന് തടസ്സമാകരുത്. നവംനവങ്ങളായ പ്രോജക്ടുകൾ ഇനിയും കൂടുതലായി ഉണ്ടാവണം.

പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ഭരണസമിതിയുടെ നേതൃത്വവും ഉദ്യോഗസ്ഥരുടെയും മറ്റ് വികസന പ്രവർത്തകരുടെയും സമ്പൂർണ്ണ ഏകോപനവും ഉറപ്പുവരുത്താൻ കഴിയണം. കൂട്ടായ്മയുടെ വഴിയാണ് വിജയത്തിന്റെ വഴി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ടുവച്ച ജില്ലാ പദ്ധതി എന്ന ആശയം ജില്ലാതലത്തിലുള്ള പദ്ധതി സംയോജനത്തിന്റെ വിപുലമായ സാധ്യതകൾ തുറന്നിരിക്കുന്നു. ജില്ലയിലെ പ്രാദേശിക സർക്കാരുകളെ ജനകീയാസൂത്രണത്തിന്റെ കുടക്കീഴിൽ ഒരുമിച്ചു നിർത്താനും വ്യത്യസ്ത സർക്കാർ വകുപ്പുകളുടെ ശാസ്ത്രീയമായ ഏകോപനത്തിലൂടെ ജനങ്ങളുടെ ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടാൻ കഴിയുന്ന ക്ഷേമ പദ്ധതികൾക്കും സേവന പ്രോജക്ടുകൾക്കും കൂടുതൽ ഹൃദ്യമായ മനുഷ്യമുഖം നൽകാനും ജില്ലാ പദ്ധതികൾ പ്രയോജനപ്പെടണം. വസ്തു നികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ തുടങ്ങിയ നികുതി - നികുതിയിതര സ്രോതസുകളിൽ നിന്നുള്ള വരുമാനം പരമാവധി വർദ്ധിപ്പിക്കാനും അത് വികസന, ക്ഷേമ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. വിജയങ്ങൾ നമ്മെ അലസരാക്കരുത്. പ്രോജക്ടുകളുടെ ഗുണമേന്മയും സേവനങ്ങളുടെ ഗുണനിലവാരവും ഇനിയും മെച്ചപ്പെടുത്താൻ കഴിയണം. പദ്ധതി നിർവ്വഹണരംഗത്ത് 2019-20 മികവിന്റെ വർഷമാകണം. ഇന്ന് നമ്മൾ ചെയ്യുന്നത് നാളത്തെ സാമൂഹ്യ ജീവിതത്തിന്റെ അസ്തിവാരമായി മാറും. ജനകീയാസൂത്രണത്തിലൂടെ നമ്മൾ ചരിത്രം സൃഷ്ടിക്കുകയാണ്, നമുക്കും വരും തലമുറയ്ക്കും വേണ്ടി. □



# സമ്പൂർണ്ണ പാർപ്പിട സുരക്ഷയിലേക്ക്

**കേരളത്തിലെ ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതി ഒന്നാം ഘട്ടം വിജയകരമായി പൂർത്തീകരിക്കുകയും രണ്ടാം ഘട്ടം വിജയകരമായി പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്.**

കേരളത്തിലെ എല്ലാ അർഹരായ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്. 2000 - 01 മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്നഭവനങ്ങൾ യാഥാർത്ഥ്യം ആക്കുകയെന്നതാണ് ഒന്നാം ഘട്ടമായി ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ലക്ഷ്യമിട്ട വീടുകളുടെ എണ്ണം 54,495 ആയിരുന്നു. ഇതിൽ നാളിതുവരെ 600 കോടിയോളം രൂപ ചെലവഴിച്ചുകൊണ്ട് 50,322 ഭവനങ്ങൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള വീടുകളിൽ 251 എണ്ണം ബേയ്സ്മെന്റ് ലെവലിലും 1149 എണ്ണം ലിന്റിൽ ലെവലിലും 820 എണ്ണം റൂഫ് ലെവലിലും എത്തി നിൽക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള ശ്രദ്ധയും ദുർബല വിഭാഗങ്ങൾക്ക് കൈത്താങ്ങും പ്രത്യേകമായി നൽകി ഈ ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള തീവ്രശ്രമം നടന്നുവരുന്നു.

### രണ്ടാംഘട്ടം

ലൈഫ് മിഷന്റെ രണ്ടാം ഘട്ട പ്രവർത്ത



*അടിമാലി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയം*

നമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണമാണ് ഇപ്പോൾ പുരോഗമിച്ച് വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കളിൽ നാളിതുവരെ 87,050 ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കുകയും 14,627 ത്തോളം വീടുകൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അർഹരായ ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമിയുള്ള ഭവനരഹിതരുടെ വീട് നിർമ്മാണത്തിനായി ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതമായി നാളിതുവരെ 873 കോടി രൂപയും എറണാകുളം ജില്ലാ സഹകരണ ബാങ്ക്മുഖേന ബ്രിഡ്ജ്ലോൺ വഴി 425 കോടി രൂപയും ഉൾപ്പെടെ 1308 കോടി രൂപയും PMAY(U)-ലൈഫിനു വേണ്ടി ഹഡ്കോ മുഖേന 400 കോടി രൂപയും ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകിയിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതുവരെ 1700 കോടിയോളം രൂപ ചെലവഴിച്ചുകഴിഞ്ഞു.

ലൈഫ് മിഷന്റെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതർക്ക് വീട് നൽകുന്നതിന് വേണ്ടി സർവ്വേയിൽ കണ്ടെത്തിയ

**ലൈഫ് മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ നാളിതുവരെ 87,050 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കുകയും 14,627 ത്തോളം വീടുകൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.**

337416 ഗുണഭോക്താക്കളിൽ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹരായിട്ടുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേരളത്തിൽ സ്ഥലത്തിന്റെ ലഭ്യതക്കുറവ് മൂലം ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഈ ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി 14 ജില്ലകളിലും പൈലറ്റായി ഓരോ ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിലേക്കായി രണ്ട് പ്രോജക്ട് കൺസൾട്ടൻസികളെയും കണ്ടെത്തിയിട്ടുണ്ട്. M/S. Habitat നെ കോഴിക്കോട്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി എന്നീ ജില്ലകളിലും M/s. TDLCCS നെ കാസർഗോഡ്, കണ്ണൂർ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെയും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കോർപ്പറേഷനു ചുമതലയുള്ള കരിമഠം കോളനിയിലാണ് ലൈഫ് പൈലറ്റ് ഭവന സമുച്ചയം നിർമ്മിക്കുന്നതി



*അടിമാലി ഗ്രാമപഞ്ചായത്തിൽ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്കുള്ള ഫ്ലാറ്റുകളുടെ വിതരണോദ്ഘാടനം മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിക്കുന്നു.*

നായി നിശ്ചയിച്ചിട്ടുള്ളത്. കോർപ്പറേഷൻ അധികൃതർ കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനത്തിനെക്കൊണ്ട് പദ്ധതി നടപ്പിലാക്കവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിലെ രാമേശ്വരത്ത് GCDA യുടെ കൈവശമുള്ള 70 സെന്റ് സ്ഥലത്ത് 88 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 15 കോടി 84 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് FRBL എന്ന സ്ഥാപനം GCDA വഴി സമർപ്പിക്കുകയുണ്ടായി. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ 400 ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതി നടപ്പിലാക്കി വരുന്നു. ലൈഫ് മിഷൻ ഈ പദ്ധതിക്ക് 20 കോടി രൂപ നാല് തവണകളായി പദ്ധതിയുടെ ഭൗതിക പുരോഗതി പ്രകാരം പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിക്ക് നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലൊട്ടാകെ 56 ഭവന സമുച്ചയങ്ങൾ കൂടി നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനയും നടന്നുവരുന്നു. ഇതിലേക്കായി പ്രോജക്ട് കൺസൾട്ടൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ മിഷൻ ക്ഷണിച്ചു കഴിഞ്ഞു. 2020 ഒക്ടോബർ 31 നകം ഇവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളത്.

അടിമാലി ഗ്രാമപഞ്ചായത്തിൽ മച്ചിപ്ലാവ് എന്ന സ്ഥലത്ത് ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച ഏഴ് നിലകളിലായുള്ള 217 ഫ്ലാറ്റുകൾ 24.83 കോടി രൂപക്ക് ലൈഫ് മിഷൻ വിലയ്ക്ക് വാങ്ങുകയും അടിമാലി ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതരായ 473 ഗുണഭോക്താക്കളിൽ അർഹരായിട്ടുള്ള 150 കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ കൈമാറുകയും ചെയ്തു. ബാക്കിയുള്ള ഫ്ലാറ്റുകൾ കൈമാറുന്നതിനുള്ള നടപടികൾ മിഷൻ സ്വീകരിച്ചു വരുന്നു. □

*(വിവരങ്ങൾക്ക് കടപ്പാട്: ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ)*

### ഭൂമിയുള്ള ഭവനരഹിതരുടെ വീടുകൾ
( 2019 മേയ് 10 വരെ)

| ജില്ലയുടെ പേര് | അർഹരായ ഗുണഭോക്താക്കളുടെ എണ്ണം | എഗ്രിമെന്റ് വെച്ച് നിർമ്മാണം ആരംഭിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | % |
|---|---|---|---|---|
| തിരുവനന്തപുരം | 14107 | 13292 | 1565 | 11.77 |
| കൊല്ലം | 9485 | 7881 | 1524 | 19.34 |
| പത്തനംതിട്ട | 2018 | 1821 | 699 | 38.39 |
| കോട്ടയം | 4440 | 3787 | 1023 | 27.01 |
| ആലപ്പുഴ | 10627 | 8729 | 1473 | 16.87 |
| ഇടുക്കി | 12177 | 8871 | 618 | 6.97 |
| എറണാകുളം | 5754 | 5062 | 1744 | 34.45 |
| തൃശ്ശൂർ | 5445 | 4533 | 1375 | 30.33 |
| പാലക്കാട് | 13180 | 11225 | 395 | 3.52 |
| മലപ്പുറം | 6249 | 5516 | 1549 | 28.08 |
| കോഴിക്കോട് | 5046 | 4748 | 717 | 15.10 |
| വയനാട് | 4544 | 3718 | 446 | 12.00 |
| കണ്ണൂർ | 2436 | 2338 | 951 | 40.68 |
| കാസർഗോഡ് | 4455 | 3369 | 548 | 16.27 |
| ആകെ | 99963 | 84890 | 14627 | 17.23 |



# ശുദ്ധസമൃദ്ധ കേരളത്തിലേക്ക്

**നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരത്തിന്റെ വൃത്തിയും വീണ്ടെടുക്കാനുള്ള ജനകീയ തീവ്രയജ്ഞത്തിന്റെ അമരത്തു നിന്നു പ്രവർത്തിക്കുകയാണ് ഹരിത കേരളം മിഷൻ.**

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുത്ത് സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ഹരിതകേരളം മിഷൻ പ്രവർത്തിച്ചു വരുന്നത്. ചെറുതും വലുതുമായ ഒട്ടേറെ നേട്ടങ്ങൾ കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ഹരിതകേരളം മിഷൻ കൈവരിച്ചിട്ടുണ്ട്.

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഗുണഫലങ്ങൾ എല്ലാ ജില്ലകളിലും കാണാൻ കഴിയും. വകുപ്പുകൾ തമ്മിലും വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിലും ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിലും പദ്ധതികളുടെ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ ഏകോപനവും സംയോജനവും ഉറപ്പാക്കുന്നതിൽ കാതലായ പുരോഗതി ഉണ്ടായിട്ടുണ്ട്.

ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായുള്ള 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ക്യാമ്പെയിൻ, ജലസംരക്ഷണത്തിന്റെ ഭാഗമായുള്ള ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പും നീർത്തട പദ്ധതികളും, ആരോഗ്യ ജാഗ്രതാ പരിപാടിയുടെ ഭാഗമായി കിലയും ആരോഗ്യ വകുപ്പും കുടുംബശ്രീയും സാക്ഷരതാ മിഷൻ അതോറിറ്റിയുമായും ചേർന്നുള്ള ജാഗ്രതോത്സവം, വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ചേർന്നുള്ള ഹരിതോത്സവം, സർക്കാർ - അർദ്ധ സർക്കാർ ഓഫീസുകളെ ഹരിത പെരുമാറ്റച്ചട്ടത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള ഗ്രീൻ പ്രോട്ടോക്കോൾ തുടങ്ങിയ പദ്ധതികളെല്ലാം താഴെത്തട്ട് വരെ ബന്ധപ്പെട്ട മേഖലയിൽ ഉള്ളവർക്ക് ആവശ്യമായ പരിശീലനം നൽകി നടപ്പാക്കി. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും വിദഗ്ധരും വിദ്യാർത്ഥികളും അടങ്ങുന്ന വിപുലമായ ജനവിഭാഗത്തിലേക്ക് ഹരിതകേരളം മിഷന്റെ സന്ദേശവും പ്രവർത്തനവും എത്തിക്കുന്നതിന് സഹായകരമായ പരിശീലനങ്ങൾ സംഘടിപ്പിച്ചു.

ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് കുറ്റകരവും ശിക്ഷാർഹവുമാക്കി നിയമത്തിൽ ഭേദഗതി വരുത്തിയത് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായി. പരിസ്ഥിതി മലിനീകരണം നടത്തുന്നവരെ നിയമത്തിനു മുന്നിൽ തുടർ നടപടികൾക്ക് വിധേയമാക്കാനായി നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും ക്രോഡീകരിച്ച് കൈപുസ്തകം തയ്യാറാക്കുകയും ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുകയും ചെയ്തത് കഴിഞ്ഞ വർഷത്തെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൊന്നാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പൊതുജന കൂട്ടായ്മയിലൂടെയും പങ്കാളിത്തത്തോടെയും ഹരിതകേരളം



# ജലസംരക്ഷണം ജലസമൃദ്ധി

- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട നടത്തം പൂർത്തിയാക്കി.
- 1042 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീർത്തടപ്ലാൻ തയ്യാറാക്കി.
- 48936 കിണറുകൾ റീചാർജ്ജ് ചെയ്തു, 4625 കിണറുകൾ നവീകരിച്ചു.
- 1,47,239 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവ്വഹിച്ചു.
- കുട്ടമ്പേരൂർ പുഴ, കിള്ളിയാർ, കോലറയാർ, വടക്കേപ്പുഴ, ചാലംകോട് തോട്, മുട്ടം പറപ്പാ തോട്, കന്ന്യയാർ, പെരും തോട്, പൂന്നൂർ പുഴ തുടങ്ങി മലിനമായി കിടന്ന ജലസ്രോതസുകൾ ശുദ്ധീകരിച്ചു; നീരൊഴുക്ക് സാധ്യമാക്കി.
- മീനച്ചിലാർ- മീനന്തറയാർ - കൊടൂരാർ പുനസംയോജനം സാധ്യമാക്കി. 800 ഹെക്ടർ കൃഷി പുനരാരംഭിച്ചു.
- കൊല്ലം ജില്ലയിലെ കൊട്ടാരക്കര പാണ്ടിവയൽ തോട് പുനരുജ്ജീവിപ്പിച്ച് പ്രദേശത്തെ നെൽ കൃഷി പുനരാരംഭിച്ചു.
- കാട്ടാക്കട മണ്ഡലത്തിൽ ജലസുരക്ഷയ്ക്ക് 'വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി' പദ്ധതി.
- വരട്ടാർ നദി പുനരുജ്ജീവനം സാധ്യമാക്കി. ആദിപമ്പ- വരട്ടാർ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ട മാസ്റ്റർപ്ലാൻ തയ്യാറായി.
- പുനരുജ്ജീവിപ്പിച്ച മറ്റ് നദികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.
- കാനാമ്പുഴ മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ ആരംഭിച്ചു. പെരും തോടിൽ പ്രത്യേക പദ്ധതിക്ക് അനുമതി നേടി.
- പുതിയ കുളങ്ങളുടെ നിർമ്മാണത്തിലൂടെയും നിലവിലുള്ള കുളങ്ങളുടെ പുനരുദ്ധാരണത്തിലൂടെയും 80,66,058 ഘന മീറ്റർ ജലസംഭരണ ശേഷി സാധ്യമാക്കി.
- ജലസംരക്ഷണ- സംഭരണ-പരിപാലനം ലക്ഷ്യമിട്ടു തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ ജല പാർലമെന്റുകൾ സംഘടിപ്പിച്ചു.
- ജലമിതവ്യയ ബോധവത്കരണം ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം 'ജലമാണ് ജീവൻ' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിച്ചു. □

| വിവരം | 2017-18 | 2018-19 | 2019 ഏപ്രിൽ 1 വരെ |
|---|---|---|---|
| പുനരുജ്ജീവിപ്പിച്ച പുഴകൾ | 47 കി.മീ | 155 കി.മീ | 202 കി.മീ |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ/തോടുകൾ | 1391 കി.മീ | 16747 കി.മീ | 18138 കി.മീ |
| റീച്ചാർജ്ജ് ചെയ്ത കിണറുകൾ | 16665 എണ്ണം | 32271 എണ്ണം | 48936 എണ്ണം |
| നിർമ്മിച്ച കിണറുകൾ | 10399 എണ്ണം | 4601 എണ്ണം | 15000 എണ്ണം |
| നവീകരിച്ച കുളങ്ങൾ | 3980 എണ്ണം | 5909 എണ്ണം | 9889 എണ്ണം |
| നിർമ്മിച്ച കുളങ്ങൾ | - | 8675 എണ്ണം | 8675 എണ്ണം |
| നവീകരിച്ച കിണറുകൾ | - | 4625 എണ്ണം | 4625 എണ്ണം |

മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളും ജലസ്രോതസ്സുകളുടെ ശുചീകരണ പ്രവർത്തനങ്ങളും ഏറെ ഫലം കണ്ടു. പുനരുജ്ജീവിപ്പിച്ച പുഴകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങളും ആരംഭിച്ചു.

തരിശുനിലങ്ങളിലെ കൃഷി വ്യാപനം, കരനെൽകൃഷിയുൾപ്പെടെ അധികനെൽ കൃഷി, സാധ്യമായിടത്ത് ഒരു പൂവിള ഇരുപ്പൂവാക്കിയത്, ജൈവ പച്ചക്കറി കൃഷി വ്യാപനം, സ്കൂൾ വളപ്പുകളിലും സ്ഥാപനങ്ങളുടെ ഭൂമിയിലും പച്ചക്കറി കൃഷി, സംയോജിത കൃഷി പ്രോത്സാഹനം എന്നിങ്ങനെ കൃഷി മേഖലയിൽ കാതലായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ വർഷം കഴിഞ്ഞു.

## ഹരിത ക്യാമ്പസുകൾ... ഹരിത വിദ്യാലയങ്ങൾ... ഹരിതഭവനങ്ങൾ...

- സംസ്ഥാനത്തെ എല്ലാ ഐ ടി ഐ ക്യാമ്പസുകളും ഹരിത ക്യാമ്പസുകളാക്കുന്ന കർമ്മ പദ്ധതി പുരോഗമിക്കുന്നു. കൊല്ലം ജില്ലയിലെ എല്ലാ ഐ ടി ഐ കളും ഹരിത ക്യാമ്പസുകളായി പ്രഖ്യാപിച്ചു.
- പൊതുവിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങളാക്കി മാറ്റുവാൻ ലക്ഷ്യമിട്ട് ശുചിത്വം - കൃഷി - ജലസംരക്ഷണം എന്നീ ലക്ഷ്യങ്ങളോടെ ഹരിതോത്സവം സംഘടിപ്പിച്ചു.
- പരമാവധി വീടുകൾ ഹരിതഭവനങ്ങളാക്കാൻ പ്രത്യേക പദ്ധതി.
- പ്രാദേശിക ജൈവ വൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ സൃഷ്ടിക്കുന്നു.
- മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് ഹരിത പുരസ്കാരങ്ങൾ.

ഹരിതകേരളം മിഷൻ




# ഹരിതം കേരളം

- പ്രതിദിനം സംസ്ഥാനത്തുണ്ടാകുന്ന ജൈവ മാലിന്യത്തിന്റെ 45% വും ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളിലൂടെ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നു.
- 454025.41 കി.ഗ്രാം പ്ലാസ്റ്റിക് മാലിന്യം റോഡ് ടാറിംഗിനായി ഉപയോഗിച്ചു.
- 530 തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേന പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചു.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതിക സഹായം നൽകാനായി 37 ഹരിത സഹായസ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചു.
- 17 നഗരസഭകളിലായി 170 നഗരസഭാ വാർഡുകളിൽ സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതിക്ക് തുടക്കമായി.
- ശുചിത്വ- മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കി മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിൻ : ഒന്നാം ഘട്ടം പൂർത്തിയാക്കി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- എം.സി.എഫ്, ആർ ആർ എഫ്, ഹരിതകർമ്മസേന, ഗാർഹിക ഉറവിട മാലിന്യസംസ് കരണ ഉപാധികൾ, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് ഉപാധികൾ, ഹരിത സഹായ സ്ഥാപനങ്ങൾ എന്നീ സംവിധാനങ്ങളിലൂടെ മാലിന്യസംസ്കരണ ശൃംഖല യാഥാർത്ഥ്യമാക്കി.
- 69 ലക്ഷം വീടുകളിൽ മാലിന്യസംസ്കരണ അവസ്ഥാപനം പൂർത്തിയാക്കി.

| ഇനം | 2017 - 18 | 2018-19 | 2019 ഏപ്രിൽ 1 വരെ |
|---|---|---|---|
| ഹരിതകർമ്മസേന രൂപീകരിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം) | 521 | 511 | 1032 |
| ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 22592 | 7765 | 30357 |
| അജൈവ മാലിന്യശേഖരണത്തിനുള്ള മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ (എണ്ണം) | 300 | 141 | 441 |
| റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ | 39 | 138 | 177* (93+84) |
| ശേഖരിച്ച പുനചംക്രമണത്തിനു കൈമാറിയ പ്ലാസ്റ്റിക് മാലിന്യം | 200 ടൺ | 9508 ടൺ | 9708 ടൺ |
| ശേഖരിച്ച പുനചംക്രമണത്തിനു കൈമാറിയ ഇ-മാലിന്യം | 400 ടൺ | 1340 ടൺ | 1740 ടൺ |

*84 എണ്ണം നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിൽ

# സുജലം സുഫലം

- 30.19 ലക്ഷം വീടുകളിൽ ഉറവിട മാലിന്യസംസ്കരണ സംവിധാനം സജ്ജമാക്കി.
- 15358 മാലിന്യസംസ്കരണ പ്രൊജക്ടുകൾ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യാഥാർഥ്യമാവുന്നു.
- 2510 കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു.
- 1320 സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകളും 98 കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു.
- അജൈവ മാലിന്യ ശേഖരണത്തിന് 1030 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 30357 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു.
- 441 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യശേഖരണത്തിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം സി എഫ്) സ്ഥാപിച്ചു.
- സംസ്ഥാനത്തുടനീളമായി 93 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിച്ചു.
- 9708 ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചു. അതിൽ 265.18 ടൺ റോഡ് ടാറിങ്ങിനും ബാക്കി പുനഃ ചംക്രമണത്തിനും കൈമാറി.
- 1739.70 ടൺ ഇ- മാലിന്യം ശേഖരിച്ചു; പുനചംക്രമണത്തിനു കൈമാറി.
- പകർച്ചവ്യാധി പ്രതിരോധത്തിന് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് 15600 വാർഡുകളിൽ ജാഗ്രതോത്സവം സംഘടിപ്പിച്ചു. ഇതിൽ 4,90,830 പേരുടെ പങ്കാളിത്തം.
- സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി ഗ്രീൻപ്രോട്ടോക്കോൾ; ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ.
- സംസ്ഥാന ജില്ലാതലങ്ങളിലായി 1400 ഓഫീസുകളിലും സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലായി
- കില, ലീഗൽ സർവീസസ് അതോറിറ്റി, പോലീസ്, പഞ്ചായത്ത്- നഗരകാര്യ വകുപ്പ്, ഗ്രാമ - നഗരാസൂത്രണ വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യവകുപ്പ് എന്നിവയുമായി ചേർന്ന് ഹരിത നിയമ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. □

*(വിവരങ്ങൾക്ക് കടപ്പാട്: ഹരിതകേരളം മിഷൻ)*

### നെൽകൃഷിയിൽ വൻ മുന്നേറ്റം

- വിവിധ പദ്ധതികളിലൂടെ 24000 ഹെക്ടർ അധിക നെൽകൃഷി.
- 8800 ഹെക്ടർ തരിശു നിലങ്ങളിൽ കൃഷി വ്യാപിപ്പിച്ചു.
- 3136 ഹെക്ടർ ഒരുപൂ വിള ഇരുപൂവാക്കി.
- 2625 ഹെക്ടറിൽ കരനെൽകൃഷി.

### ജൈവകൃഷിക്ക് പ്രോത്സാഹനം

- 155 ക്ലസ്റ്ററുകളിലായി 5000 ഹെക്ടർ ജൈവപച്ചക്കറി കൃഷി.
- ജൈവഉൽപ്പന്നങ്ങളുടെ വിപണനത്തിന് 149 ഇക്കോ ഷോപ്പുകൾ.
- ജൈവ ഉൽപ്പന്നങ്ങളുടെ പാക്കിങ്ങിനും ലേബലിങ്ങിനുമായി 17 യൂണിറ്റുകൾ.
- കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് കർശന നടപടികൾ.
- നല്ലമുറ കൃഷിസമ്പ്രദായത്തിന് പ്രോത്സാഹനം.

### പച്ചക്കറിയിൽ സ്വയംപര്യാപ്തത

- 998 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി.
- 2500 സ്കൂൾ വളപ്പുകളിൽ പച്ചക്കറി കൃഷി.
- 279 സ്ഥാപനങ്ങളുടെ ഭൂമിയിൽ പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി.
- നാടൻ പച്ചക്കറി ഇനങ്ങളുടെ വ്യാപനത്തിന് പ്രത്യേക പദ്ധതി.

### ഗാർഹിക പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് 40 ലക്ഷം വിത്ത് കിറ്റുകൾ വിതരണം ചെയ്തു.
- 45.45 ലക്ഷം പച്ചക്കറി തൈകൾ കൃഷിവകുപ്പ് വിതരണം ചെയ്തു. 37000 യൂണിറ്റ് ഗ്രോബാഗുകൾ മട്ടുപ്പാവ് കൃഷിക്ക് നൽകി.
- പാറശ്ശാല, കാട്ടാക്കട, വാമനപുരം, ചിറയിൻകീഴ്, ചാത്തന്നൂർ, തളിപ്പറമ്പ്, കൊട്ടാരക്കര നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ തരിശ് രഹിത പദ്ധതി.
- കാർഷിക യന്ത്രവത്കരണത്തിന് പ്രത്യേക പരിപാടി.
- കൃഷിക്ക് സാധ്യമായ എല്ലായിടങ്ങളിലും അനുയോജ്യ കൃഷിക്ക് ക്യാമ്പയിൻ പ്രവർത്തനങ്ങൾ.
- സംയോജിത കൃഷിക്ക് പ്രോത്സാഹനം.

| വിവരം | 2016-17 | 2017-18 | 2018 ഡിസംബർ വരെ |
|---|---|---|---|
| സുസ്ഥിര നെൽകൃഷി വികസനം | 1.96 ലക്ഷം ഹെക്ടർ | 2.20 ലക്ഷം ഹെക്ടർ | 0.78 ലക്ഷം ഹെക്ടർ |
| പച്ചക്കറി കൃഷി വിസ്തൃതി | 52850 ഹെക്ടർ | 69475 ഹെക്ടർ | 40 ലക്ഷം വിത്ത് കിറ്റുകളും 45.45 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. |



# കേരളത്തിന്റെ കുടുംബശ്രീ സ്ത്രീ ശാക്തീകരണത്തിന്റെ ലോകമാതൃക



**സ്ത്രീശാക്തീകരണത്തിന്റെ കേരള മാതൃകയായ കുടുംബശ്രീ ഇന്ന് ലോകത്തിനു തന്നെ മാതൃകയായിരിക്കുകയാണ്. സംഘടനാസംവിധാനത്തിലും സൂക്ഷ്മസംരംഭമേഖലകളിലും വിപണനരംഗത്തും ഉത്പാദന മേഖലകളിലും മാലിന്യ സംസ്കരണരംഗത്തും പ്രളയാനന്തര കേരള പുനർനിർമ്മാണത്തിലും കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കുടുംബശ്രീ നടത്തിയ പ്രവർത്തനങ്ങൾ സ്ത്രീകളുടെ സാമ്പത്തിക സാമൂഹ്യ സുരക്ഷയ്ക്കും സംസ്ഥാനത്തിന്റെ സമഗ്രവളർച്ചയ്ക്കും പുതിയ മാനം നല്കി.**

## സംഘടന

**അയൽക്കൂട്ടവർഷം ക്യാമ്പെയ്ൻ**

▸▸ ക്യാമ്പെയ്ന്റെ ഭാഗമായി 19008 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ▸ ഇതുവഴി 2.7 ലക്ഷം പേർ അയൽക്കൂട്ട സംവിധാനത്തിന്റെ ഭാഗമായി.

**തീരദേശത്ത് 17430 പേർ പുതുതായി അയൽക്കൂട്ടങ്ങളിൽ**

▸▸ 1151 പുതിയ തീരദേശ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് 17430 പേരെ അംഗങ്ങളാക്കി. ▸ 1740 അയൽക്കൂട്ടങ്ങൾക്ക് 59.77 കോടി രൂപ വായ്പ. ▸ 453 വ്യക്തിഗത സംരംഭങ്ങളും 439 ഗ്രൂപ്പ് സംരംഭങ്ങളും. ▸ 2828 പേർ സൂക്ഷ്മ സംരംഭങ്ങളുടെ ഭാഗമായി. ▸ 2.35 കോടി രൂപ റിവോൾവിങ് ഫണ്ട്.

**25000ത്തിലേറെപ്പേർ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ഭാഗം**

▸▸ 1864 വയോജന അയൽക്കൂട്ടങ്ങൾ. 22458 പേർ അതിൽ അംഗങ്ങൾ. ഭിന്നശേഷിക്കാർക്ക് 391 അയൽക്കൂട്ടങ്ങൾ. ▸ ട്രാൻസ്ജെൻഡേഴ്സിനായി 18 അയൽക്കൂട്ടങ്ങൾ. ▸ 4083 ഭിന്നശേഷിക്കാരും 199 ട്രാൻസ്ജെൻഡേഴ്സും അയൽക്കൂട്ടങ്ങളിൽ.

**കുടുംബശ്രീ സ്കൂൾ വഴി 40 ലക്ഷത്തിലേറെ അയൽക്കൂട്ട അംഗങ്ങളിലേക്ക്**

▸▸ വിവിധ വിഷയങ്ങളിൽ അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് അനൗപചാരിക വിദ്യാഭ്യാസം. ▸ ഇതുവഴി 40 ലക്ഷത്തിലേറെ അയൽക്കൂട്ട അംഗങ്ങൾക്ക് കുടുംബശ്രീ സ്കൂൾ എന്ന സമൂഹാധിഷ്ഠിത സ്വയംപഠന പ്രക്രിയ.

## മൈക്രോ ഫിനാൻസ്

**മൈക്രോ ക്രെഡിറ്റ് സമ്മിറ്റ് വഴി 3200 കോടി വായ്പ**

▸▸ അയൽക്കൂട്ടങ്ങളിലെ മൈക്രോ

ഫിനാനൻസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി രൂപം നൽകിയിരിക്കുന്ന ഒരു വർഷം മുഴുവൻ നീളുന്ന പ്രത്യേക പദ്ധതി. ▸ 76300 അയൽക്കൂട്ടങ്ങൾക്കായി 3200 കോടി രൂപ ബാങ്ക് ലോൺ.

**പലിശ സബ്സിഡി 35 കോടി രൂപ**

▸▸ അയൽക്കൂട്ടങ്ങളിൽ ബാങ്ക് ലിങ്കേജ് വർദ്ധിപ്പിക്കുന്നതിനായി കേരള സർക്കാർ വായ്പയ്ക്ക് പലിശ ഇളവ് നൽകുന്ന പുതിയ പദ്ധതി. ▸ 3 ലക്ഷം രൂപവരെ വെറും 4 ശതമാനം പലിശയിൽ വായ്പ. ▸ 30121 അയൽക്കൂട്ടങ്ങൾക്ക് പലിശ സബ്സിഡിയായി 35 കോടി രൂപ നൽകി.

**2.8 ലക്ഷം അയൽക്കൂട്ടങ്ങളിലും മൈക്രോ ക്രെഡിറ്റ് പ്ലാൻ**

▸▸ അയൽക്കൂട്ടങ്ങൾക്ക് അവരുടേത് മാത്രമായ ആവശ്യങ്ങൾ അടിസ്ഥാനമാക്കി മൈക്രോ ക്രെഡിറ്റ് പ്ലാൻ രൂപീകരിക്കുന്നതിന് ഏർപ്പെടുത്തിയ സാമ്പത്തിക സാക്ഷരതാ പരിപാടി. ▸ 2.8 ലക്ഷം അയൽക്കൂട്ടങ്ങൾ മൈക്രോ ക്രെഡിറ്റ് പ്ലാനുകൾ തയ്യാറാക്കി.

**3.67 ലക്ഷം അയൽക്കൂട്ട വനിതകൾക്ക് ഇൻഷ്വറൻസ്**

▸▸ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി ചേർന്ന് അയൽക്കൂട്ട വനിതകൾക്കായി കുടുംബശ്രീ സ്ത്രീ സുരക്ഷാ യോജന (കെഎസ്എസ്ബിവൈ). ▸ 3.67 ലക്ഷം അംഗങ്ങൾ പദ്ധതിയിൽ.

**മാച്ചിങ് ഗ്രാന്റായി 2.69 കോടി രൂപ**

▸▸ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നതിന് അയൽക്കൂട്ടങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഇൻസെന്റീവ്. ▸ മാച്ചിങ് ഗ്രാന്റായി 2.69 കോടി രൂപ.

**93 ശതമാനം ഡിജിറ്റൽ**

▸▸ ഗ്രാമീണ മേഖലയിലെ 2.29 ലക്ഷം അയൽക്കൂട്ടങ്ങളിൽ 2.15 ലക്ഷം അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ഇടപാടുകളുടെ വിവരങ്ങൾ ഡിജിറ്റലാക്കി. ▸ 93 ശതമാനം.

## സാമൂഹിക വികസനം

**75 പുതിയ ബഡ്സ് സ്ഥാപനങ്ങൾ**

▸▸ മാനസികവും ബൗദ്ധികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസവും പുനരധിവാസവും ലക്ഷ്യമിട്ടുകൊണ്ട് 200 പുതിയ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി 12.5 ലക്ഷം രൂപ 200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. ▸ ഇതുവരെ 75 പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചു. ഇപ്പോൾ 257 ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

**അഗ്രിതെറാപ്പി- സഞ്ജീവനി**

▸▸ ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ശാരീരികവും മാനസികവുമായ ഉണർവ്വ് ഏകുന്നതിനായി കാർഷിക വിഭാഗവുമായി ചേർന്ന് നടത്തുന്ന പദ്ധതി ▸ 172 ബഡ്സ് സ്ഥാപനങ്ങളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു.

# അഗതിരഹിത കേരളം പദ്ധതിക്ക് തുടക്കം



*അഗതിരഹിത കേരളം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിക്കുന്നു.*

അഗതി കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബശ്രീ നടപ്പിലാക്കി വരുന്ന അഗതിരഹിത കേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആശ്രയ പദ്ധതി വിപുലീകരിച്ചാണ് അഗതിരഹിത കേരളം പദ്ധതിക്ക് തുടക്കമിട്ടത്. അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കി അവരെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിജീവനാവശ്യങ്ങളായ ഭക്ഷണം, ചികിത്സ, വസ്ത്രം, അടിസ്ഥാന ആവശ്യങ്ങളായ ഭൂമി, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സംവിധാനം, വൈദ്യുതി, വിദ്യാഭ്യാസം എന്നിവയും ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ ലഭ്യമാകും. 2017-18 കാലയളവിൽ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തി.

1.5 ലക്ഷം ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണം ലഭിക്കും. 1033 തദ്ദേശ സ്ഥാപനങ്ങളിൽ 955 സ്ഥാപനങ്ങൾ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചു. 600 പദ്ധതികൾക്ക് സർക്കാർ അനുമതി ലഭിച്ചു. ☐



# ആദിവാസി മേഖല പൊതുധാരയിലേക്ക്

**▸▸ 950 ആദിവാസി അയൽക്കൂട്ടങ്ങൾക്ക് 15000 രൂപ വീതംറിവോൾവിങ് ഫണ്ട്**
**▸▸ 2522 ആദിവാസികൾക്ക് മുൻകൂർ തൊഴിലുറപ്പ് വേതനം**
**▸▸ പുതിയ 56 പരമ്പരാഗത ഉപജീവന സംരംഭങ്ങൾ, 387 ജെഎൽജികൾ**

**വിദ്യാഭ്യാസ മേഖലയിലെ പ്രത്യേക ഇടപെടൽ, 1600 ആദിവാസി കുട്ടികൾക്ക് തുണയായി**

▸▸ ഭാഷാ പ്രശ്നവും പഠിക്കാനുള്ള സൗകര്യക്കുറവും അപകർഷതാബോധവും നിമിത്തം പാതിവഴിയിൽ പഠനം അവസാനിപ്പിച്ച ആദിവാസികുട്ടികൾക്കായി ബ്രിഡ്ജ് കോഴ്സ്. ഈ വർഷം 2000 കുട്ടികൾക്ക് സഹായകമായി 100 ബ്രിഡ്ജ് കോഴ്സുകൾ.

▸▸ കൗമാരക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരംകാണുന്നതിനായി 29 അഡോളസന്റ് ക്ലബ്ബുകൾ ആരംഭിച്ചു. ▸ ലൈബ്രറികളുൾപ്പെടുന്ന അഡോളസെന്റ് റിസോഴ്സ് സെന്റർ. ▸ 1600 വിദ്യാർത്ഥികൾക്ക് സഹായം ലഭിച്ചു.

**1303 പേർക്ക് പിഎസ്സി പരിശീലനം**

▸▸ സർക്കാർജോലി നേടാൻ ആദിവാസികളിലെ പുതുതലമുറയെ പ്രാപ്തരാക്കുന്നതിനായി പിഎസ്സി പരീക്ഷാ പരിശീലനം നടത്തി വരുന്നു. 1303 പേർ പരിശീലനം നേടി. 1455 ആദിവാസി യുവതീയുവാക്കളുടെ പിഎസ്സി ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയായി.

**ആലപ്പുഴയിൽ പട്ടികവർഗ്ഗ സൂക്ഷ്മ പദ്ധതി പുരോഗമിക്കുന്നു**

▸ ആലപ്പുഴ ജില്ലയിലെ ആദിവാസി സമൂഹത്തിനായി പ്രത്യേക പി.കെ. കാളൻ പട്ടികവർഗ്ഗ സൂക്ഷ്മ പദ്ധതി. വീടുകളുടെ അറ്റകുറ്റപ്പണികൾ, പുതിയ വീടുകളുടെയും ടോയ്‌ലറ്റുകളുടെയും നിർമ്മാണം, കുടുംബശ്രീ അയൽക്കൂട്ട അംഗത്വം നൽകൽ, ആരോഗ്യ ഇൻഷ്വറൻസ്, തൊഴിൽകാർഡ്, ഉപജീവന മാർഗ്ഗങ്ങളിൽ പരിശീലനം എന്നിവ നൽകുന്നു. ആലപ്പുഴ മാതൃക മറ്റ് ജില്ലകളിലേക്കും.

▸ മലമ്പുഴയിൽ 74 കുടുംബങ്ങളെ ഉൾപ്പെടുത്തി ഓരോ കുടുംബങ്ങൾക്കും മൈക്രോ പ്ലാൻ.

**ഇടമലക്കുടിയിൽ പ്രത്യേക ഇടപെടൽ**

▸▸ കേരളത്തിലെ ഏക ആദിവാസി ഗ്രാമ പഞ്ചായത്തായ ഇടമലക്കുടിയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ. സുഗന്ധദ്രവ്യങ്ങളും മറ്റ്കാർഷിക ഉത്പന്നങ്ങളുംകൃഷിചെയ്ത് ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനു വേണ്ടി 30 കൃഷി സംഘങ്ങൾ.

**അട്ടപ്പാടി പ്രത്യേക പദ്ധതി**

▸▸ അട്ടപ്പാടിയിലെ മൂന്ന് പഞ്ചായത്തുകളിലുമുള്ള ഇരുളർ, മുദുഗർ, കുറുമ്പർ വിഭാഗങ്ങളിലെ കുടുംബങ്ങളെച്ചേർത്ത് അയൽക്കൂട്ടങ്ങൾ, പഞ്ചായത്ത് സമിതി, ഊരു സമിതി, ബ്ലോക്ക് സമിതി എന്നിങ്ങനെ സ്വയം പര്യാപ്തതയോടെ പ്രവർത്തിക്കുന്ന നാല് ചതുർതല സ്ഥാപനങ്ങൾ രൂപീകരിക്കുകയാണ് അട്ടപ്പാടി പ്രത്യേക പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. സ്ഥാപന രൂപീകരണം, കാര്യശേഷിവികസനം എന്നതിന് പുറമേ സാമൂഹ്യവികസനം, നൈപുണ്യ വികസനം, ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തി നൽകൽ, വിവിധ കമ്മ്യൂണിറ്റി ഫണ്ടുകൾ ലഭ്യമാക്കൽ, വിവിധ

**നിരാമയ ഇൻഷ്വറൻസ് പദ്ധതിയിൽ 5164 രജിസ്ട്രേഷൻ**

▸▸ ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ഇൻഷ്വറൻസ് പദ്ധതിയായ നിരാമയിൽ ബഡ്സ്സ്ഥാപനങ്ങളിലെ 5164 വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി.

**ബാലസഭ കുട്ടികൾക്കായി ജാഗ്രതോത്സവം**

▸▸ കുട്ടികളിൽ ആരോഗ്യശീലം വളർത്തുന്നതിനായി ഹരിതകേരള മിഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ രോഗ പ്രതിരോധ പ്രവർത്തനമാണ് ജാഗ്രതോത്സവം. സംസ്ഥാനതലത്തിൽ 16572 വാർഡുകളിൽ നിന്നായി 490830 കുട്ടികൾ പങ്കെടുത്തു.

**7277 കുട്ടികൾ ബാലകൃഷിയിൽ**

▸▸ കുട്ടികളിൽ കാർഷിക ശീലം വളർത്തുന്നതിനും നല്ല ഭക്ഷണം, പരിസര ശുചിത്വം എന്നിവയുടെ ആവശ്യകത മനസ്സിലാക്കുന്നതിനും വേണ്ടി നടപ്പിലാക്കുന്ന പദ്ധതി. 851 ബാലകൃഷി സംഘങ്ങൾ രൂപീകരിച്ചു. 7277 കുട്ടികൾ പങ്കാളികളാകുന്നു.

**212 ബാലലൈബ്രറികൾ**

▸▸ ബാലസഭാ കുട്ടികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന് 212 ബാല ലൈബ്രറികൾ. 31177 പുസ്തകങ്ങൾ.

## സൂക്ഷ്മ സംരംഭങ്ങൾ

**169 പ്രത്യാശ സൂക്ഷ്മ സംരംഭങ്ങൾ**

▸▸ മാനസിക, ശാരീരിക വൈകല്യമുള്ളവർ, പ്രായമായവർ, കിടപ്പുരോഗികളുടെ ആശ്രിതർ, ട്രാൻസ്ജെൻഡറുകൾ തുടങ്ങി സമൂഹത്തിലെ അരക്ഷിതരായ വിഭാഗത്തിന് ഉപജീവന മാർഗ്ഗം കണ്ടെത്തി നൽകുകയെന്ന ലക്ഷ്യത്തോടെ 169 പ്രത്യാശ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു.

**318 കുടുംബശ്രീ വനിതാ നിർമ്മാണ സംഘങ്ങൾ, 46 സിമന്റ്കട്ട നിർമ്മാണ യൂണിറ്റുകൾ**

▸▸ കെട്ടിട നിർമ്മാണ രംഗത്ത്വൈദഗ്ധ്യം ആവശ്യമുള്ള മേഖലകളിൽ സ്ത്രീകൾക്ക് പരിശീലനം നൽകി നിർമ്മാണ സംഘങ്ങൾ രൂപീകരിച്ച് അതുവഴി കുടുംബശ്രീ വനിതകൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്ന ഉപജീവന മാർഗ്ഗം കണ്ടെത്തി നൽകുന്നതിന് 318 സംഘങ്ങൾ. ▸ 67 എണ്ണം നഗരപ്രദേ

വകുപ്പുകളുമായുള്ള സംയോജന പരിപാടികൾ എന്നിവയും പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. 663 അയൽക്കൂട്ടങ്ങളിൽ 8026 പേർ അംഗങ്ങളാണ്.

**മികവിന്റെ കേന്ദ്രങ്ങൾ**

- ആദിവാസി ഭാഷയിൽ മെച്ചിനപ്പള്ളി അഥവാ മികവിന്റെ കേന്ദ്രങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) 9 ഊരുകളിൽ സ്ഥാപിച്ച് അവിടെ എത്തുന്നവർക്ക് അട്ടപ്പാടിയിലെ ആദിവാസി സംസ്കാരത്തെക്കുറിച്ചും കുടുംബശ്രീയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും അറിയാനും പഠിക്കാനുമുള്ള സൗകര്യം ഒരുക്കുക ലക്ഷ്യം. 9 ഊരുകളിൽ കേന്ദ്രങ്ങൾ. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നെത്തിയ 440 പേർക്ക് പരിശീലനം നൽകി.

**13 പുതിയ സൂക്ഷ്മ സംരംഭങ്ങൾ**

- 700 ഏക്കറിൽ കൃഷി, ആട് ഗ്രാമം ഉൾപ്പെടെയുള്ള മൃഗപരിപാലന മേഖല, കിലയിലെ ക്യാന്റീൻ, വനവിഭവശേഖരണം, കുടുംബശ്രീ ടാക്സി, മല്ലീശ്വരമിൽ തുടങ്ങിയ ഉപജീവന പദ്ധതികൾ വഴി 500ഓളം ആദിവാസികൾക്ക് അട്ടപ്പാടി പ്രത്യേക പദ്ധതിയിലൂടെ വരുമാനം. ▸ 13 സൂക്ഷ്മ സംരംഭങ്ങൾ, കേറ്ററിങ്ങിലും പരിശീലനം.



ശത്തും 251 എണ്ണം ഗ്രാമ പ്രദേശത്തും. 2209 വനിതകൾ അംഗങ്ങൾ. 223 വീടുകൾ നിർമ്മിച്ചു, ▸ 46 കട്ട നിർമ്മാണയൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചു. ▸ ഹൈദരാബാദിലെ രാമോജി ഫിലിം സിറ്റിയുമായി ചേർന്ന് കുടുംബശ്രീ നിർമ്മാണ സംഘങ്ങൾ പ്രളയബാധയിൽ വീട് നഷ്ടമായവർക്കായി 106 വീടുകൾ നിർമ്മിച്ച് നൽകാനുള്ള പദ്ധതിക്ക് തുടക്കം.

**ഹർഷം വയോജന പരിചരണത്തിന് 250 കെയർ ഗിവർ എക്സിക്യൂട്ടീവുമാർ**

- വയോജന പരിപാലനത്തിന് ഹർഷം- ജെറിയാട്രിക് കെയർ പദ്ധതി. 250 അംഗങ്ങൾക്ക് പരിശീലനം. വെബ്സൈറ്റും (tthp://harsham.kudumbashree.org/) കോൾ സെന്ററും (9188112218) പ്രവർത്തനം ആരംഭിച്ചു.

**ന്യൂട്രിമിക്സിൽ ഫോർട്ടിഫിക്കേഷനും മൂല്യവർദ്ധനവും**

- ന്യൂട്രിമിക്സിന്റെ പോഷകഗുണം വർദ്ധിപ്പിക്കുന്നതിനായി 11 പോഷകങ്ങൾ ഉപയോഗിച്ച് ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ. ന്യൂട്രിമിക്സ് ബിസ്കറ്റുകൾ പോലുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കുന്നതിന് 202 യൂണിറ്റുകളിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം ആരംഭിച്ചു.

**നവകേരള നിർമ്മിതിക്കായി എറൈസ് നൈപുണ്യ പരിശീലനം, 44000 പേർ രജിസ്റ്റർ ചെയ്തു**

- പ്രളയബാധയിൽ നിന്ന് കേരളത്തെ കൈപിടിച്ചുയർത്തുന്നതിന്റെ ഭാഗമായാണ് എറൈസ് (ARISE Acquiring Resilience and Identity through Sustainable Employment) എന്ന നൈപുണ്യ പരിശീലന പരിപാടി. പ്രളയദുരിതത്തിൽപ്പെട്ട് ഉപജീവന മാർഗ്ഗം നഷ്ടമായവർക്ക് നിശ്ചിത പത്ത് മേഖലകളിൽ കുടുംബശ്രീ ഹ്രസ്വകാല നൈപുണ്യ പരിശീലനവും സംരംഭങ്ങൾ ആരംഭിക്കാനും ജോലി കണ്ടെത്താനുമുള്ള സഹായവും.

**സാന്ത്വനമേകാൻ 138 കുടുംബശ്രീ വനിതകൾ കൂടി**

- ജീവിതശൈലി രോഗങ്ങളുടെ പരിശോധനയിലൂടെ കുടുംബശ്രീ വനിതകൾക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തി നൽകുന്ന സാന്ത്വനം പദ്ധതിക്ക് കീഴിൽ

പുതുതായി 138 വോളന്റിയർമാർക്ക് പരിശീലനം നൽകി. 303 സാന്ത്വനം വോളന്റിയർമാർ വിവിധ ജില്ലകളിൽ.

**സംസ്ഥാനമൊട്ടാകെ കുടുംബശ്രീ മാട്രിമോണി**

- വിവാഹങ്ങൾ നടത്തിക്കൊടുക്കാൻ ഇപ്പോൾ 9 ജില്ലകളിൽ കുടുംബശ്രീ മാട്രിമോണി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

**150 തീരദേശ സംരംഭങ്ങൾ**

- കേരളത്തിലെ 9 ജില്ലകളിലും തീരപ്രദേശങ്ങളിലുള്ളവർക്ക് വരുമാന മാർഗ്ഗം കണ്ടെത്തി നൽകുന്നതിന് 150 സംരംഭങ്ങൾ. ▸ തിരുവനന്തപുരം ജില്ലയിൽമാത്രം 53 എണ്ണം.

**ചകിരിനാരുത്പാദന കേന്ദ്രങ്ങൾ**

- കയർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കയർ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതി. കണ്ണൂർ ജില്ലയിലെ അമ്മാനപ്പാറയിലും ആന്തൂരും തൃശ്ശൂരിൽ അളഗപ്പനഗറിലും കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ഓരോ കേന്ദ്രങ്ങൾ വീതവും പ്രവർത്തനമാരംഭിച്ചു.

**ഹരിതകർമ്മസേനയിൽ 27988 പേർ**

- ഗാർഹിക മാലിന്യ പ്രശ്നങ്ങൾക്ക് (പ്രത്യേകിച്ചും അജൈവ മാലിന്യങ്ങൾ) പരിഹാരം കാണുന്നതിനായി 888 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 27988 വനിതകൾ. ▸ 404 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനം ആരംഭിച്ചു. സേന അംഗങ്ങൾക്ക് അധികവരുമാനം നേടിക്കൊടുക്കുന്നതിനായി 400 സംരംഭ ഗ്രൂപ്പുകൾ.
- **തദ്ദേശ സ്ഥാപനങ്ങളിൽ 82 ക്യാന്റീനുകൾ**
- **മോട്ടോർ വെഹിക്കിൾ വകുപ്പുമായി ചേർന്ന് ആർടി ഓഫീസുകളിൽ 45 ഇ-സേവ കേന്ദ്രങ്ങൾ.**

**കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിന് യുവ വീവ്**

- യുവാക്കളെ നെയ്ത്ത് വ്യവസായത്തിലേക്ക് ആകർഷിക്കുന്നതിന് വ്യവസായ വകുപ്പുമായി ചേർന്ന് തുടക്കമിട്ട പദ്ധതി- യുവ വീവ്. എല്ലാ ജില്ലകളിലും ഗുണഭോക്താക്കളെ കണ്ടെത്തി പരിശീലനം ആരംഭിച്ചു.

**പോളിടെക്നിക്കുകളിൽ 97 താത്ക്കാലിക ജീവനക്കാർ**

- 97 കുടുംബശ്രീ വനിതകൾക്ക് പോളിടെക്നിക്കുകളിൽ താത്ക്കാലിക ഒഴിവിൽ നിയമനം. സാനിട്ടേഷൻ, കുക്കിങ്, മേട്രൺ, സെക്യൂരിറ്റി തുടങ്ങിയ വിഭാഗങ്ങളിലാണ് നിയമനം.

**ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ**

- ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ വഴി കൊച്ചി മെട്രോയിലും വൈറ്റില മൊബിലിറ്റി ഹബ്ബിലുമടക്കം ഏഴോളം പ്രൊജക്ടുകളിൽ മികച്ച രീതിയിലുള്ള സേവനം. ▸ 634 പേർ മെട്രോയിലും വൈറ്റില മൊബിലിറ്റി ഹബ്ബിൽ 60 പേരും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാർവസ്റ്റ് ഫിഷറീസ്, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്) തുടങ്ങിയ സ്ഥാപനങ്ങളിൽ 40ലേറെപ്പേരുടെ സേവനവും നൽകി വരുന്നു.
- കോർപ്പറേറ്റ് എക്സലൻസിന് സ്കോച്ച് അവാർഡും കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) അവാർഡും ലഭിച്ചു.

**സ്റ്റാർട്ട്അപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം**

- കാർഷികേതര ഉപജീവന സംരംഭങ്ങൾ വഴി ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ഉപജീവന മാർഗ്ഗം തുറന്നു കൊടുക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതി. ▸ 2500 സംരംഭങ്ങൾ. ▸ പദ്ധതിക്ക് തത്പരരായ 65000 സ്ത്രീകളെ കണ്ടെത്തി. 68 കോടി രൂപ വായ്പയായി നൽകി.

## മൃഗസംരക്ഷണം

**കേരള ചിക്കൻ പദ്ധതി വഴി 549 ഫാമുകൾ**

- ഗുണനിലവാരമുള്ള ഇറച്ചിക്കോഴി ഉത്പാദിപ്പിക്കുക ലക്ഷ്യമിട്ട് 2018ൽ തുടക്കം കുറിച്ച പദ്ധതി. ▸ 549 ഇറച്ചിക്കോഴി ഫാമുകൾ ആരംഭിച്ചു. ▸ ഇറച്ചിക്കോഴി കർഷകരുടെ പ്രൊഡ്യൂസർ കമ്പനിക്കും തുടക്കം. ▸ ഗുണഭോക്താക്കൾക്ക് വേണ്ടി ജനനി എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി. ▸ കണ്ണൂരും തൃശ്ശൂരും ഓരോ സെയിൽസ് ഔട്ട്ലെറ്റുകൾ.

**തെരുവുനായ നിയന്ത്രണത്തിന് ABC**

- തെരുവുനായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന എബിസി (അനിമൽ ബെർത്ത് കൺട്രോൾ) പദ്ധതി വഴി 7005 നായകളിൽ വന്ധീകരണം നടത്തി. പഞ്ചായത്തുകളിൽ നിന്ന് 5.50 കോടി രൂപ ലഭിച്ചു.

**ക്ഷീരസാഗരം പദ്ധതി വഴി 410 സംരംഭങ്ങൾ**

- ക്ഷീരകർഷക മേഖലയുമായി ബന്ധപ്പെട്ട 410 യൂണിറ്റുകൾ. കേരളമാകെ 27 മൂല്യവർദ്ധിത യൂണിറ്റുകൾ. മിൽക്കിലാറ്റെ എന്ന ബ്രാൻഡിൽ ഉത്പന്നങ്ങൾ.



# 6856 ഏക്കറിൽ ജൈവകൃഷി

- 6856 ഏക്കർ സ്ഥലത്ത് ജൈവകൃഷി. ▸ 8357 കൃഷി സംഘങ്ങൾ ▸ 201 ക്ലസ്റ്ററുകൾ രൂപീകരിച്ചു. ജൈവകൃഷി ചെയ്യുന്നവർക്ക് 10 ശതമാനം അധികം ഇൻസെന്റീവ്.

**നാട്ടുചന്തകളിലൂടെ 11.15 കോടി വിൽപന**

- 12917 നാട്ടുചന്തകൾ വഴി 11.15 കോടി രൂപയുടെ വിൽപ്പന.
- 23300 കർഷകർ പാഷൻ ഫ്രൂട്ട് കൃഷി ആരംഭിച്ചു.
- 278 പ്ലാന്റ് നേഴ്സറികൾ, 206 യൂണിറ്റുകൾക്ക് റിവോൾവിങ് ഫണ്ട്.
- 249 മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ യൂണിറ്റുകൾ.
- 5620.23 ഏക്കർ തരിശുഭൂമിയിൽ കൃഷി.
- 210.63 ഹെക്ടറിൽ ഔഷധ സസ്യകൃഷി.
- കൃഷി ചെയ്യുന്നത് 599 സംഘകൃഷി സംഘാംഗങ്ങൾ.



**ആട്ടുഗ്രാമം വഴി 206 യൂണിറ്റുകൾ**

- ആടുവളർത്തൽ വഴി അയൽക്കൂട്ട വനിതകൾക്ക് വരുമാനം. 206 യൂണിറ്റുകൾ.

**മുട്ടവിൽപനയ്ക്ക് 2 യൂണിറ്റുകൾ**

- തൃശ്ശൂരും എറണാകുളത്തും മുട്ട ശേഖരിച്ച് പായ്ക്ക് ചെയ്ത് വിൽക്കുന്ന രണ്ട് ചെറിയ യൂണിറ്റുകൾ ആരംഭിച്ചു. ജനോവ എന്ന ബ്രാൻഡിലാണ് മുട്ട വിൽക്കുന്നത്.

## നൈപുണ്യ പരിശീലനം

- ഗ്രാമപ്രദേശങ്ങളിലെ നിർധനരായ യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന വഴി 15571 കുട്ടികൾക്ക് നൈപുണ്യ പരിശീലനം. ▸ 12161 വിദ്യാർത്ഥികൾ പരിശീലനം പൂർത്തിയാക്കി. ▸ 9999 പേർക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി.

**പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക വേണ്ടി സംയോജനം**

- അഗതികൾക്കായുള്ള ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കളായ 162 പേർക്ക് നൈപുണ്യ പരിശീലനം; 105 പേർക്ക് ജോലി ലഭിച്ചു. ▸ 251 വികലാംഗർക്ക് പരിശീലനം നൽകി; 73 പേർക്ക് ജോലി ലഭിച്ചു. ▸ വൈകല്യമുള്ള 110 പേർക്ക് പരിശീലനം; 20 പേർക്ക് ജോലി. ▸ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായ 4257 പേർക്ക് പരിശീലനം; 2457 പേർക്ക് തൊഴിൽ.

**വിദ്യാർത്ഥികൾക്ക് തുണയായി മൈഗ്രേഷൻ സപ്പോർട്ട് സെന്റർ**

- വിദ്യാർത്ഥികൾക്ക് സ്വന്തം നാടിന് പുറത്ത് ജോലി ലഭിക്കുമ്പോൾ അവർക്ക് വേണ്ട സഹായമേകാൻ മൈഗ്രേഷൻ സപ്പോർട്ട് സെന്റർ. ▸ താമസ സൗകര്യത്തെക്കുറിച്ചുള്ള വിവരം, കൗൺസിലിങ്, തുടർ പരിശീലനം, ഒത്തുചേരാനുള്ള പൊതു ഇടം, വിവിധ പിന്തുണാ സഹായങ്ങൾ എന്നിവ മൈഗ്രേഷൻ സപ്പോർട്ട് സെന്റർ വഴി നൽകും. ▸ എറണാകുളം ജില്ലയിൽ ആദ്യ സപ്പോർട്ട് സെന്റർ.

**1723 ആദിവാസി വിദ്യാർത്ഥികൾക്ക് ജോലി**

- 2147 ആദിവാസി വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം ▸ 1723 വിദ്യാർത്ഥികൾക്കും ജോലി ▸ 21 വിദ്യാർത്ഥികൾക്ക് വിദേശ ജോലി.

## ജെൻഡർ

**സ്നേഹിത കേന്ദ്രങ്ങളിലെല്ലാം ഉപജീവന പരിശീലനം**

- അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും തുണയായി സംസ്ഥാ



നത്തെ 14 ജില്ലകളിലും പ്രവർത്തിക്കുന്ന സ്നേഹിത കേന്ദ്രങ്ങളിൽ ഉപജീവന മാർഗ്ഗങ്ങൾ പഠിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ. ▸ താത്ക്കാലിക അഭയം തേടിയെത്തുന്നവർക്ക് കരകൗശല ഉത്പന്ന നിർമ്മാണമടക്കമുള്ള പരിശീലനങ്ങൾ.

**13 ജില്ലകളിലും രംഗശ്രീ**

▸▸ കുടുംബശ്രീ വനിതകൾ ഉൾപ്പെടുന്ന നാടക സംഘം. ▸ കോഴിക്കോട് ഒഴികെ 13 ജില്ലകളിലും രംഗശ്രീ രൂപീകരിച്ചു. ശുചിത്വ മിഷന്റെ പ്രചാരണം നടത്തുന്നതിനായി രംഗശ്രീ സംഘങ്ങൾ. ▸ 40 ലക്ഷം രൂപയുടെ സംയോജനം.

**367 ജെൻഡർ റിസോഴ്സ് സെന്ററുകൾ**

▸▸ പൊതുസമൂഹത്തെ സ്ത്രീ സൗഹൃദമാക്കുകയും സ്നേഹിത നൽകുന്നത് പോലെയുള്ള സേവനങ്ങൾ പ്രാദേശികമായി നൽകുന്നതും ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ 367 ജെൻഡർ റിസോഴ്സ് സെന്ററുകൾ.

**17894 വിജിലന്റ് ഗ്രൂപ്പുകൾ**

▸▸ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങളെ പ്രതിരോധിച്ച് അവർക്ക് സംരക്ഷണമേകുന്നതിനും നിയമസഹായമടക്കമുള്ള പിന്തുണ നൽകുന്നതിനും 17894 വിജിലന്റ് ഗ്രൂപ്പുകൾ.

**സ്നേഹിത കോളിങ് ബെൽ വഴി 56687 പേർക്ക് സേവനം**

▸▸ വീടുകളിൽ മറ്റാരും തുണയില്ലാതെ ഒറ്റപ്പെട്ട് കഴിയുന്ന അരക്ഷിതാവസ്ഥയിലുള്ള വയോജനങ്ങൾക്ക് അയൽക്കൂട്ട അംഗങ്ങൾ വഴി മാനസിക പിന്തുണയുൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്ന പദ്ധതി. വിവിധ ജില്ലകളിൽ നിന്ന് 56687 പേരെ കോളിങ് ബെൽ പദ്ധതിയുടെ ഭാഗമാകാൻ കണ്ടെത്തി.

## മാർക്കറ്റിങ്

**മാസച്ചന്തകളിലൂടെ 5.05 കോടിയുടെ വിറ്റുവരവ്**

▸▸ 174 ബ്ലോക്കുകളിലും 87 മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലുമായി 1744 മാസച്ചന്തകൾ. ▸ 5.05 കോടി രൂപയുടെ വിറ്റുവരവ്. ▸ 5000ത്തിലേറെ സംരംഭകർക്ക് ഗുണം.

**പ്രത്യേക വിപണന മേളകൾ വഴി 2.45 കോടിയുടെ വിൽപ്പന**

▸▸ 88 പ്രത്യേക വിപണന മേളകൾ വഴി 2.45 കോടി രൂപയുടെ വിപണനം.

▸▸ കുടുംബശ്രീയുടെ 3500ഓളം സൂക്ഷ്മസംരംഭകരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് പത്തനംതിട്ടയിലും വയനാട്ടും കുടുംബശ്രീ ബസാറുകൾ.

**സരസ് മേളകളിലൂടെ 75 ലക്ഷം രൂപയുടെ വിറ്റുവരവ്**

▸▸ 24 ഇതര സംസ്ഥാന സരസ് മേളകളിൽ നിന്ന് 75 ലക്ഷത്തിന്റെ വിറ്റുവരവ്.

**ഭക്ഷ്യമേളകളിലൂടെ 2.98 കോടി വിറ്റുവരവ്**

▸▸ 86 ഭക്ഷ്യമേളകൾ സംഘടിപ്പിച്ച് 445 യൂണിറ്റുകളെ പങ്കെടുപ്പിച്ചു. ▸ 2.98 കോടി രൂപയുടെ വിറ്റുവരവ് നേടി.

▸▸ 521 നാനോമാർക്കറ്റുകളിൽ നിന്ന് 1.73 കോടി രൂപ വിറ്റുവരവ്.

**കുടുംബശ്രീയുടെ സ്വന്തം ഓൺലൈൻ വിപണന പോർട്ടലിൽ 900 രജിസ്ട്രേഷൻ**

▸▸ കുടുംബശ്രീ സംരംഭകരുടെ ഉൽപ്പന്നങ്ങൾ ഓൺലൈനായി ലോകത്തിന്റെ ഏത് കോണിലുമെത്തിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ. www.kudumbashreebazaar.com. ഉത്പന്നങ്ങൾ വാങ്ങുന്നതിനായി 900 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു. ▸ 99 ഓർഡറുകൾ സ്വീകരിച്ചു.

**ആമസോൺ സഹേലിയുമായി കൈകോർത്തു**

▸▸ കുടുംബശ്രീ ഉത്പന്നങ്ങൾ ഓൺലൈൻ വഴി വ്യാപകമായി വിൽക്കുന്നതിന് വേണ്ടി ആമസോണുമായി കരാറിലൊപ്പിട്ടു.

▸▸ വിനോദസഞ്ചാര മേഖലകളിലും ആളുകൾ കൂടുതലായി എത്തുന്ന വ്യാപാര മേഖലകളിലും 14 കിയോസ്കുകൾ ആരംഭിച്ചു. ▸ 12 ലക്ഷം രൂപയുടെ വിറ്റുവരവ്. ☐

*(വിവരങ്ങൾക്ക് കടപ്പാട്: സംസ്ഥാന കുടുംബശ്രീ മിഷൻ)*





# തൊഴിലുറപ്പിൽ ലക്ഷ്യവും കടന്ന് മുന്നോട്ട്

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് ഓരോ വർഷവും കേന്ദ്ര സർക്കാർ അനുവദിച്ചു നല്കുന്ന ലേബർ ബഡ്ജറ്റിലെ തൊഴിൽ ദിനങ്ങളെക്കാളും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.**

2018-19ൽ 14.78 ലക്ഷം കുടുംബങ്ങൾക്കായി 9.75 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകവഴി ചരിത്ര നേട്ടം കൈവരിച്ചു. 18.5 ലക്ഷം കുടുംബങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയിൽ സജീവമായി തൊഴിലിന് വരുന്നത്. 2018-ൽ 19 5.5 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി ലഭ്യമാക്കിയത്. സംസ്ഥാനത്തുണ്ടായ അതിരൂക്ഷമായ പ്രളയക്കെടുതി തരണം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 7 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. പതിവിൽ നിന്നും വ്യത്യസ്തമായി ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യദിനം മുതൽ തന്നെ ഗ്രാമപഞ്ചായത്തുകളിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സാധിച്ചു. എന്നാൽ സംസ്ഥാനത്തുണ്ടായ പ്രളയസാഹചര്യം ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുകയുണ്ടായി. പ്രളയാനന്തരം പ്രളയബാധിത മേഖലകളിൽ കുടുംബങ്ങൾക്ക് തൊഴിൽ നല്കി ആശ്രയമാവുകയും പ്രളയ പുനരുദ്ധാരണ പ്രവൃത്തികളിൽ കൂടുതൽ ശ്രദ്ധ നല്കുന്നതിനും മുൻതൂക്കം നല്കി. 2018 നവംബർ മാസത്തോടെ കേന്ദ്രം അനുവദിച്ചു നല്കിയ ലക്ഷ്യവും കടന്ന് പദ്ധതി മുന്നേറിയ സാഹചര്യത്തിൽ അംഗീകൃത ലേബർ ബഡ്ജറ്റ് 7 കോടി തൊഴിൽദിനങ്ങളായി വർദ്ധിപ്പിക്കുകയുണ്ടായി. പ്രതീക്ഷിത തൊഴിൽദിനങ്ങളുടെ 140% വർദ്ധനവോടെ 9.75 കോടി തൊഴിൽ ദിനങ്ങളെന്ന ചരിത്ര നേട്ടം കൈവരിക്കുന്നതിന് സാധിക്കുകയും ചെയ്തു. ഇതുവഴി 2679 കോടി രൂപ ഗ്രാമീണ മേഖലയിലെ കുടുംബങ്ങളിൽ എത്തിച്ചേരുന്നതിന് സാധിച്ചിട്ടുണ്ട്.

> തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടായുള്ള ശ്രമഫലമായി 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ കണക്കിലും പദ്ധതിയുടെ ചരിത്രത്തിൽ ഏറ്റവും മികച്ച നേട്ടമാണ് കൈവരിച്ചിട്ടുള്ളത്.

**കഴിഞ്ഞ 3 വർഷങ്ങളിലെ പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ**

| വർഷം | തൊഴിൽ ചെയ്ത കുടുംബങ്ങളുടെ എണ്ണം | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | സൃഷ്ടിച്ച പ്രതികുടുംബ ശരാശരി |
|---|---|---|---|
| 2016-17 | 14.57 ലക്ഷം | 684.62 ലക്ഷം | 46.97 |
| 2017-18 | 13.12 ലക്ഷം | 619.59 ലക്ഷം | 47.24 |
| 2018-19 | 14.78 ലക്ഷം | 975 ലക്ഷം | 65.96 |

കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നതോടൊപ്പം തൊഴിലിന് വരുന്ന പരമാവധി കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളാണ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്നത്. സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 441474 കുടുംബങ്ങളാണ് 2018-19 വർഷം 100 ദിവസം പൂർത്തിയാക്കിയത്. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടായുള്ള ശ്രമഫലമായി 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ കണക്കിലും പദ്ധതിയുടെ ചരിത്രത്തിൽ ഏറ്റവും മികച്ച നേട്ടമാണ് കൈവരിച്ചിട്ടുള്ളത്.

**100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം**

2016-17 - 113187
2017-18 - 117370
2018-19 - 441474

ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനോടൊപ്പം തന്നെ സംസ്ഥാനത്തിന്റെ വിഭവാടിത്തറ മെച്ചപ്പെടുത്തുന്നതിനുള്ള സ്ഥായിയായ ആസ്തികളുടെ നിർമ്മാണം, പ്രളയ പുനഃസ്ഥാപന പ്രവർത്തനങ്ങൾ, ഭവന നിർമ്മാണ ഗുണഭോക്താക്കൾക്കുള്ള നിർമ്മാണ സാമഗ്രികൾ എന്നിവയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ വിജയം കണ്ടു.

വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകുന്ന പശുത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് മുതലായവയുടെ നിർമ്മാണത്തിലും മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി മികച്ച നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതിയിൽ ഏർപ്പെട്ടുവരുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ സഹായിക്കുന്നതിനായി ട്രൈബൽ പ്ലസ്, മുൻകൂർ വേതനം തുടങ്ങിയ പദ്ധതികൾ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിലൂടെ ഇവരുടെ ഉയർന്ന പ്രാതിനിധ്യമുറപ്പാക്കാനും തൊഴിൽ ലഭ്യമാക്കി കൂടുതൽ വരുമാനമുറപ്പാക്കാനും കഴിഞ്ഞിരുന്നു.

## പ്രളയ പുനസ്ഥാപന പ്രവർത്തനങ്ങളിൽ പദ്ധതിയുടെ പങ്ക്

സംസ്ഥാനത്തെ പ്രളയ ബാധിത മേഖലയിൽ വരുമാന സ്രോതസ്സ് നഷ്ടപ്പെട്ട് നിരാലംബരായ കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്നതിന് പദ്ധതിക്ക് കഴിഞ്ഞു. പ്രളയാനന്തരം യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് സ്വീകരിച്ചത്. 10.31 ലക്ഷം കുടുംബങ്ങൾക്കാണ് തൊഴിൽ നല്കിയത്. ഇതിൽ തന്നെ 4.83 ലക്ഷം കുടുംബങ്ങൾ പ്രളയശേഷം തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളായവരാണ്. പ്രളയശേഷം ആകെ 12.02 ലക്ഷം ആളുകൾക്ക് തൊഴിൽ നല്കിയതിൽ 6.12 ലക്ഷം പേരും പുതുതായി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ആവശ്യപ്പെട്ടവരാണ്. ഈ കാലയളവിൽ 82605 കുടുംബങ്ങൾ



## കേരള ട്രൈബൽ പ്ലസ്

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിൽ ഏർപ്പെടുന്ന കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നല്കുന്നതിനാണ് കേന്ദ്ര സർക്കാർ സഹായം ലഭ്യമാക്കുന്നത്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 200 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും കേന്ദ്ര സഹായമായി ലഭിക്കുന്ന 100 ദിവസത്തിന് ഉപരിയായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് കേരള ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. പട്ടികവർഗ്ഗ മേഖലയിൽ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലിന്റെ ഫലമായി പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തം ഗണ്യമായി വർദ്ധിച്ചു. സംസ്ഥാനത്ത് 68834 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആകെ 54.59 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചു. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ 79.31 ആയി ഉയർത്തുവാൻ സാധിച്ചു. 23343 കുടുംബങ്ങൾ 100 ദിവസം പൂർത്തിയാക്കുകയും അതിൽ 1704 കുടുംബങ്ങൾ 200 ദിവസത്തെ തൊഴിൽ നേടുകയും ചെയ്തു. ഇതിലൂടെ 148 കോടി രൂപയുടെ അധികവരുമാനം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലഭ്യമാക്കി.

പുതുതായി തൊഴിൽ കാർഡ് എടുക്കുകയും തൊഴിൽ ആവശ്യപ്പെടുകയും ചെയ്തു. പ്രളയശേഷം സംസ്ഥാനത്ത് 7.63 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും അതിലൂടെ 2068.74 കോടി രൂപയുടെ വരുമാനം ഗ്രാമീണ ജനതയ്ക്ക് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

### ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കുള്ള സഹായങ്ങൾ

ലൈഫ് സമ്പൂർണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെട്ട് വരുന്ന കുടുംബങ്ങൾക്ക് 4 ലക്ഷം രൂപയുടെ ധനസഹായമാണ് ഭവന നിർമ്മാണത്തിനായി നല്കി വരുന്നത്. ഈ 4 ലക്ഷം രൂപയ്ക്ക് ഉപരിയായി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ പദ്ധതിയിൽ നിന്നും നല്കി വരുന്നുണ്ട്. 4 ലക്ഷം രൂപയ്ക്ക് ഉപരിയായി 24390 രൂപ കൂടി ലഭിക്കുന്നതിനുള്ള അവസരമാണ് പദ്ധതിയിൽ ലഭ്യമാകുന്നത്.

ഭവന നിർമ്മാണത്തിനുള്ള നിർമ്മാണ സാമഗ്രികൾ കുറഞ്ഞ നിരക്കിൽ നിർമ്മിച്ച് നല്കുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തി 2018-19 ൽ സംസ്ഥാനത്തൊട്ടാകെ 587 നിർമ്മാണ സാമഗ്രി യൂണിറ്റുകൾ സ്ഥാപിക്കുകയും ഒരു വീടിന് 1400 സിമന്റ് കട്ടകൾ എന്ന ക്രമത്തിൽ 3347558 എണ്ണം സിമന്റ് കട്ടകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു.

### പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള മുൻകൂർ വേതന പദ്ധതി

കേന്ദ്രസർക്കാരിൽ നിന്നും കൃത്യസമയത്ത് വേതനം ലഭിക്കാത്തത് തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണിത്. വയനാട് ജില്ലയിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് പ്രദേശത്തുമാണ് കുടുംബശ്രീയുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിൻപ്രകാരം 5258 തൊഴിലാളികൾക്കായി 2.10 കോടി രൂപ മുൻകൂർ വേതനമായി വിതരണം ചെയ്തിട്ടുണ്ട്. മുൻകൂർ വേതനം ലഭ്യമാകുന്ന സാഹചര്യമുണ്ടായപ്പോൾ തന്നെ പദ്ധതിയിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ☐

## നേട്ടങ്ങളുടെ നിറവിൽ

- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കിയ മികച്ച പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ 2017 വർഷം ആധാർ അധിഷ്ഠിത സേവനത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് സംസ്ഥാനത്തിന് ദേശീയതലത്തിൽ ഒന്നാം സ്ഥാനം. ജിയോടാഗിങ് പ്രവർത്തനങ്ങൾക്ക് തൃശ്ശൂർ ജില്ലയ്ക്ക് ദേശീയതലത്തിൽ രണ്ടാം സ്ഥാനം. ആലപ്പുഴ ജില്ലയിലെ വീയ്യപുരം ഗ്രാമപഞ്ചായത്തിന് മികച്ച പ്രവർത്തനങ്ങൾക്കുള്ള ദേശീയ അവാർഡ്.
- 2018 വർഷം ദേശീയതലത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 4 പുരസ്കാരങ്ങൾ. മിഷൻ വാട്ടർ കൺസർവേഷൻ പദ്ധതി നടത്തിപ്പിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനവും ബെയർഫൂട്ട് ടെക്നീഷ്യൻ, സമയബന്ധിത കൂലിവിതരണം എന്നിവയിൽ മൂന്നാം സ്ഥാനവും. ദേശീയതലത്തിൽ പദ്ധതി നടത്തിപ്പിൽ മികച്ച പഞ്ചായത്തിനുള്ള പുരസ്കാരം ആലപ്പുഴ ജില്ലയിലെ ബുധനൂർ ഗ്രാമപഞ്ചായത്തിന്.
- 33.5 ലക്ഷം സിമന്റ് കട്ടകൾ നിർമ്മിച്ച് ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി.
- കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസം പൂർത്തിയാക്കിയ 117370 കുടുംബങ്ങൾക്ക് ഓണ സമ്മാനമായി കുടുംബം ഒന്നിന് 1000 രൂപ നിരക്കിൽ 11.737 കോടി രൂപ സംസ്ഥാന സർക്കാർ നല്കി.
- 103 അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചു.
- ദേശീയ ശരാശരിയേക്കാൾ ഉയർന്ന ശരാശരി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

### സാമ്പത്തിക വിനിയോഗം

2016-17 - 242283.51 ലക്ഷം
2017-18 - 190176.96 ലക്ഷം
2018-19 - 299005.15 ലക്ഷം

- സംസ്ഥാന ഔഷധ സസ്യബോർഡുമായി സംയോജിപ്പിച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗൃഹചൈതന്യം എന്ന പദ്ധതി 471 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുകയും ഓരോ ഗ്രാമപഞ്ചായത്തിലും നഴ്സറികളിലൂടെ 5000 കറിവേപ്പും 5000 ആര്യവേപ്പ് തൈകളും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

| ഇനം | സാമ്പത്തിക വർഷം | | |
|---|---|---|---|
| | 2016-17 | 2017-18 | 2018-19 |
| അംഗീകരിച്ച ലേബർ ബഡ്ജറ്റ് (ലക്ഷത്തിൽ) | 603.11 | 450 | 700 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | 684.62 | 619.59 | 975 |
| ലേബർ ബഡ്ജറ്റിന് ആനുപാതികമായി സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ ശതമാനം | 113.52 | 137.69 | 140 |
| ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ പട്ടികവർഗ്ഗ തൊഴിലാളികൾക്ക് ലഭ്യമായ തൊഴിൽ ദിനങ്ങളുടെ ശതമാനം | 4.47 | 4.91 | 5.8 |
| ഒരു കുടുംബത്തിന് ലഭ്യമായ ശരാശരി തൊഴിൽ ദിനം | 46.97 | 47.24 | 65.96 |
| 100 ദിവസം തൊഴിൽ ചെയ്ത കുടുംബങ്ങൾ | 113187 | 117370 | 441474 |
| 100 ദിവസം തൊഴിൽ ചെയ്ത പട്ടികവർഗ്ഗ കുടുംബങ്ങൾ | 6368 | 6609 | 23155 |

*(വിവരങ്ങൾക്ക് കടപ്പാട്: ഗ്രാമവികസന കമ്മീഷണറേറ്റ്)*



# മാലിന്യം അകലുന്നു

ഗ്രാമപ്രദേശങ്ങളെ വെളിയിട വിസർജ്ജ്യ മുക്തമാക്കുകയും കൂടുതൽ വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട ജൈവമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിച്ച് പ്രാവർത്തികമാക്കിയും അജൈവമാലിന്യ ശേഖരണ സംസ്കരണത്തിനായി സംവിധാനങ്ങൾ ഒരുക്കിയും ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് കാര്യമായ പുരോഗതി സൃഷ്ടിക്കാൻ കഴിഞ്ഞ 3 വർഷക്കാലയളവിൽ സാധിച്ചിട്ടുണ്ട്.

## വെളിയിട വിസർജ്ജ്യ മുക്ത കേരളം

2016 നവംബർ 1 ന് രാജ്യത്തെ വലിയ സംസ്ഥാനങ്ങളിൽ ആദ്യമായി വെളിയിട വിസർജ്ജ്യ മുക്തമായി പ്രഖ്യാപിച്ച സംസ്ഥാനമായി മാറി കേരളം. ആദിവാസി മേഖലകൾ, വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ 174720 ശൗചാലയങ്ങൾ പുതുതായി നിർമ്മിച്ചു. ഇതോടെ 152 ബ്ലോക്കുകളും 941 ഗ്രാമപഞ്ചായത്തുകളും വെളിയിട വിസർജ്ജ്യമുക്തമായി പ്രഖ്യാപിച്ചു. നഗരപ്രദേശങ്ങളിൽ കൊച്ചി കോർപ്പറേഷനിലെ ഒരു വാർഡൊഴികെ എല്ലാ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഇതിനോടകം വെളിയിട വിസർജ്ജനമുക്തമായി മാറിയിട്ടുണ്ട്.

## ഖരമാലിന്യ സംസ്കരണം

കേരളത്തിലെ 3.1 ലക്ഷം വീടുകളും 29755 സ്ഥാപനങ്ങളും അവരുടെ ജൈവമാലിന്യം ഉറവിടത്തിൽ തന്നെ ശാസ്ത്രീയ കമ്പോസ്റ്റിംഗ് സംവിധാനത്തിലൂടെ കൈകാര്യം ചെയ്യുന്നു. ഇതിനുപുറമേ സാമൂഹ്യതലത്തിൽ 2023 ഇടങ്ങളിലും കേന്ദ്രീകൃത രീതിയിൽ 10 ഇടങ്ങളിലും കമ്പോസ്റ്റിംഗ് സംവിധാനം പ്രവർത്തിക്കുന്നു. ഇതുകൂടാതെ 30 ലക്ഷം വീടുകളിൽ കുഴി കമ്പോസ്റ്റിംഗ് രീതിയും ഉപയോഗപ്പെടുത്തുന്നു. ഇതിനെല്ലാം പുറമേ 78830 വീടുകളിലും 1233 സ്ഥാപനങ്ങളിലും 104 സാമൂഹ്യതലത്തിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിലൂടെ പ്രതിദിനം സംസ്ഥാനത്തുണ്ടാകുന്ന 7734 ടൺ മാലിന്യത്തിന്റെ 50% ത്തോളം സംസ്കരിക്കപ്പെടുന്നു.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഓരോ വീട്ടിൽ നിന്നും സ്ഥാപനത്തിൽ നിന്നും ശേഖരിക്കുന്നതിന് ഹരിതകർമ്മസേന എന്ന സംരംഭക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1032 സ്ഥാപനങ്ങളിലും ഹരിതകർമ്മസേന രൂപീകൃതമായി. ഇതിനോടകം 27159 അംഗങ്ങൾക്ക് പരിശീലനം നല്കുകയും ചെയ്തു. 546 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യം താത്കാലികമായി സംസ്കരിക്കു

ന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആവശ്യം വേണ്ടത്ര മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 430 എം.സി.എഫുകൾ പ്രവർത്തനം ആരംഭിക്കുകയും 144 എണ്ണം നിർമ്മാണ ഘട്ടത്തിലുമാണ്. എം.സി.എഫിൽ നിന്ന് തരംതിരിച്ച് എത്തുന്ന പാഴ്‌വസ്തുക്കൾ ഷ്രെഡ്ഡിംഗ്/ ബെയിലിംഗ് നടത്തി പുനഃചംക്രമണ വ്യവസായികൾക്കോ, ക്ലീൻ കേരള കമ്പനി വഴി തദ്ദേശ സ്ഥാപനങ്ങൾക്ക് റോഡ് ടാറിംഗിനോ കൈമാറുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന് ബ്ലോക്ക്/ നഗരസഭാ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിച്ചു വരുന്നു. ആകെ 263 ആർ.ആർ. എഫുകളാണ് സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ ആവശ്യമുള്ളത്. നാളിതുവരെ 99 എണ്ണം പ്രവർത്തനം ആരംഭിച്ചു. 92 എണ്ണം നിർമ്മാണ ഘട്ടത്തിലുമാണ്. ഇതിനുപുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതി നിർവ്വഹണത്തിൽ സഹായിക്കുന്നതിന് സാങ്കേതിക പരിജ്ഞാനവും പ്രവർത്തന മികവുമുള്ള 2 അക്രഡിറ്റഡ് ഏജൻസികൾ, 120 സേവനദാതാക്കൾ, 36 ഹരിത സഹായ സ്ഥാപനങ്ങൾ എന്നിവരുടെ സേവനവും ശുചിത്വമിഷൻ ലഭ്യമാക്കിയിട്ടുണ്ട്.

### സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്

സംസ്ഥാനത്തെ 17 നഗരസഭകളിലെ തെരഞ്ഞെടുക്കപ്പെട്ട 170 വാർഡുകളിലെ മാലിന്യ പരിപാലനം 100% ഉറപ്പാക്കുന്ന സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതിക്ക് 2018 ആഗസ്റ്റ് മാസത്തിൽ തുടക്കം കുറിച്ചു. 7 നഗരസഭകളിലെ (നോർത്ത് പറവൂർ, ചിറ്റൂർ- തത്തമംഗലം, മട്ടന്നൂർ, കൊയിലാണ്ടി, വൈക്കം, മാവേലിക്കര, പുനലൂർ) 10 വാർഡുകളെ ഇതിനോടകം സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ടായി നഗരസഭകൾ പ്രഖ്യാപിച്ചു.

### ദ്രവമാലിന്യ പരിപാലനം

ദ്രവമാലിന്യ പരിപാലന രംഗത്ത് കാര്യമായ പുരോഗതിയുണ്ടാക്കാൻ ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്. കൊച്ചിയിലുള്ള ബ്രഹ്മപുരം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അതേ മാതൃകയിലുള്ള പ്രതിദിനം 100 കിലോലിറ്റർ സെപ്റ്റേജ് സംസ്കരിക്കാവുന്ന പ്ലാന്റ് വെല്ലിംഗ്ടൺ ഐലന്റിൽ 2018 ൽ പ്രവർത്തനം ആരംഭിച്ചു. എല്ലാ ജില്ലകളിലും ഒരു ആശുപത്രി തെരഞ്ഞെടുത്ത് സ്വീവേജ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി 2018 ൽ ശുചിത്വമിഷൻ ആരംഭിച്ചു.

കൂടാതെ അമൃത് പദ്ധതിയുടെ ഭാഗമായി കണ്ണൂർ, തൃശ്ശൂർ, കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളിലും ഗുരുവായൂർ മുനിസിപ്പാലിറ്റിയിലും പ്രതിദിനം 900 കിലോലിറ്റർ സെപ്റ്റേജ് സംസ്കരിക്കാവുന്ന പ്ലാന്റുകളുടെ ഡി.പി.ആറിന് സാങ്കേതിക അനുമതി ലഭ്യമാക്കി. ഇതിനുപുറമേ ആലപ്പുഴ കനാലുകളുടെ നവീകരണത്തിന്റെ ഭാഗമായുള്ള പൈലറ്റ് പദ്ധതിയിൽ കനാലിന്റെ ഇരുവശവുമുള്ള വീടുകളിൽ നിന്നുള്ള മലിനജലം സംസ്കരിക്കുന്നതിന് വേണ്ടി വികേന്ദ്രീകൃത മാതൃകയിൽ 140 കെ.എൽ.ഡി, 150 കെ.എൽ.ഡി സംസ്കരണ ശേഷിയുള്ള രണ്ട് സ്വീവേജ്



*മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിൻ പ്രചാരണത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ഗൃഹസന്ദർശനത്തിനെത്തിയപ്പോൾ.*

## മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം

കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾക്ക് സുസ്ഥിരമായ പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ, ശുചിത്വമിഷന്റെ സാങ്കേതിക സഹായത്തോടെ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന കാമ്പയിൻ 2017 ആഗസ്റ്റ് മാസം എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിന്റെ ഭാഗമായി തിരഞ്ഞെടുത്ത മൂവായിരത്തിലധികം പേരെ സംസ്ഥാന- ജില്ലാ തലങ്ങളിൽ പരിശീലിപ്പിച്ചു. ഇരുപത്തി അയ്യായിരത്തോളം ആളുകളെ ബ്ലോക്ക് തലത്തിലും രണ്ടേമുക്കാൽ ലക്ഷം വോളന്റിയർമാരെ തദ്ദേശ സ്ഥാപന വാർഡുതലത്തിലും പരിശീലനം നല്കി. ഇവർ സംസ്ഥാനത്ത് 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 6866332 വീടുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തുകയും ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ച അടിസ്ഥാന പാഠങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തു. ശേഖരിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ പദ്ധതികൾക്ക് രൂപം നല്കുകയും സമയബന്ധിതമായി നടപ്പിലാക്കി വരുകയും ചെയ്യുന്നു.

ട്രീറ്റ്മെന്റ് പദ്ധതികൾക്ക് അനുമതി ലഭ്യമാക്കി. ഇതിൽ 140 കെ.എൽ.ഡി സംസ്കരണ ശേഷിയുള്ള പ്ലാന്റിന്റെ പണി 80 ശതമാനത്തോളം പൂർത്തിയായി.

തിരുവനന്തപുരം മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സംസ്കരണ ശേഷി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീവേജ് നെറ്റ്‌വർക്ക് ഇടാത്ത സ്ഥലങ്ങളിൽ നിന്ന് സെപ്റ്റേജ് മാലിന്യം ശേഖരിച്ച് എത്തിച്ച് സംസ്കരിക്കാനുള്ള സംവിധാനം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി. മുനിസിപ്പാലിറ്റികളിലെ ദ്രവ മാലിന്യ സംസ്കരണത്തിന് പദ്ധതികൾ തയ്യാറാക്കുന്നതിനും അംഗീകാരം നേടിയെടുക്കുന്നതിന് സഹായിക്കുന്നതിനുമായി സർക്കാർതലത്തിൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ചെയർമാനായി ഉപസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

## പ്രളയകാല പ്രവർത്തനങ്ങൾ

നൂറ്റാണ്ടിനിപ്പുറമെത്തിയ, സംസ്ഥാനത്തെ പിടിച്ചുകുലുക്കിയ മഹാപ്രളയത്തിൽ സംസ്ഥാനം പകർച്ചവ്യാധി പിടിയിൽ നിന്ന് രക്ഷപ്പെട്ടത് മാലിന്യ സംസ്കരണരംഗത്തെ സമയബന്ധിതവും ഫലപ്രദവുമായ ഇടപെടൽ കൊണ്ടാണ്. ജലാശയങ്ങളിലും മറ്റും അടിഞ്ഞുകൂടിയിരുന്ന ലക്ഷകണക്കിന് ടൺ മാലിന്യമാണ് പ്രളയശേഷം കുന്നുകൂടിയത്. മറ്റേതൊരു സംസ്ഥാനമായിരുന്നെങ്കിലും ദിവസങ്ങൾക്കകം എലിപ്പനി പോലുള്ള മാരകരോഗങ്ങളുടെ പിടിയിലായേനെ. പ്രളയശേഷം ശുചീകരണത്തിനിറങ്ങിയവർക്കും പ്രളയബാധിതർക്കും മാലിന്യ സംസ്കരണത്തെകുറിച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയാണ് ആദ്യം ചെയ്തത്. ഓരോ മാലിന്യവും തരംതിരിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തി. എല്ലാവർക്കും പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. ഇത്തരം പ്രവർത്തന ങ്ങളിലൂടെ പ്രളയശേഷമുള്ള പകർച്ചവ്യാധി വ്യാപനത്തെ തടയുന്നതെങ്ങനെയെന്ന് സംസ്ഥാനം മറ്റുള്ളവർക്ക് ബോധ്യപ്പെടുത്തി. മെച്ചപ്പെട്ട പരിസ്ഥിതി സംരക്ഷണവും ശുചിത്വവും ഉറപ്പാക്കുന്നതിന് ഇന്ത്യാ ടുഡേ ഏർപ്പെടുത്തിയ സ്റ്റേറ്റ് ഓഫ് ദി സ്റ്റേറ്റ്സ് അവാർഡും 2018 ൽ സംസ്ഥാനത്തിന് ലഭിച്ചു.

## ശുചിത്വസുന്ദരം എന്റെ കേരളം

- 2016 നവംബർ ഒന്നിന് സംസ്ഥാനത്തെ ഗ്രാമീണ മേഖലയെ സമ്പൂർണ്ണ വെളിയിട വിസർജ്ജനമുക്തമായി പ്രഖ്യാപിച്ചു.
- വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, തീരദേശങ്ങൾ, ആദിവാസി ഊരുകൾ എന്നിവിടങ്ങളിൽ പുതുതായി 1,74,720 ശൗചാലയങ്ങൾ നിർമ്മിച്ചു.
- ഗാർഹിക തലത്തിൽ 84,531 ബയോഗ്യാസ് പ്ലാന്റുകളും 3.14 ലക്ഷം കമ്പോസ്റ്റിംഗ് പ്ലാന്റുകളും സ്ഥാപിച്ചു.
- 98 കമ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും 2003 കമ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകളും സ്ഥാപിച്ചു.
- അജൈവമാലിന്യ ശേഖരണത്തിനായി 441 എം.സി.എഫുകൾ.
- അജൈവമാലിന്യങ്ങൾ നിന്ന് വിഭവ ശേഖരണത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 177 റിസോഴ്സ് റിക്കവറി സെന്ററുകൾ.
- 1032 തദ്ദേശ സ്ഥാപനങ്ങളിൽ വീടുകളിൽ നിന്ന് നേരിട്ട് അജൈവ മാലിന്യം ശേഖരിക്കുന്ന ഹരിത കർമ്മ സേന രൂപീകരിച്ചു.
- 546 തദ്ദേശസ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചു.
- 82 നഗരസഭകളിലെ ഖരമാലിന്യ സംസ്കരണത്തിനുള്ള 295.09 കോടി അടങ്കലുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ അനുമതി ലഭ്യമാകുകയും പദ്ധതികൾ നടപ്പിലാക്കാനായി 57 നഗരസഭകൾക്ക് 37.38 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു.
- ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് അധികസഹായമായി 10-20 ലക്ഷം വരെ ലഭ്യമാക്കി.
- കൊച്ചിയിലുള്ള ബ്രഹ്മപുരം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അതേ മാതൃകയിൽ പ്രതിദിനം 100 കിലോലിറ്റർ സെപ്റ്റേജ് സംസ്കരിക്കാവുന്ന പ്ലാന്റ് വെല്ലിംഗ്ടൺ ഐലന്റിൽ 2018 ൽ പ്രവർത്തനം ആരംഭിച്ചു.
- എല്ലാ ജില്ലകളിലും ഒരു ആശുപത്രി തെരഞ്ഞെടുത്ത് സ്വീവേജ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി 2018 ൽ ശുചിത്വമിഷൻ ആരംഭിച്ചു.
- അമൃത് പദ്ധതിയുടെ ഭാഗമായി കണ്ണൂർ, തൃശ്ശൂർ, കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളിലും ഗുരുവായൂർ മുനിസിപ്പാലിറ്റിയിലും പ്രതിദിനം 900 കിലോലിറ്റർ സെപ്റ്റേജ് സംസ്കരിക്കാവുന്ന പ്ലാന്റുകളുടെ ഡി.പി.ആറിന് സാങ്കേതിക അനുമതി ലഭ്യമാക്കി.
- 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്താകെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 429 പ്രോജക്ടുകൾക്ക് ശുചിത്വ മിഷൻ മുഖേന സാങ്കേതികാനുമതി നല്കുകയും സംസ്ഥാന വിഹിതമായി 4.71 കോടി രൂപ അനുവദിക്കുകയും ചെയ്തു.
- 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്താകെ 628 ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നല്കുകയും സംസ്ഥാന വിഹിതമായി 4.40 കോടി രൂപ അനുവദിക്കുകയും ചെയ്തു.
- 2018-19 സാമ്പത്തിക വർഷത്തിൽ 461 ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നല്കുകയും സംസ്ഥാന വിഹിതമായി 0.98 കോടി രൂപ അനു

# ഗ്രീൻ പ്രോട്ടോക്കോൾ




നവീന-പുരോഗമന ആശയങ്ങൾക്കുള്ള മുഖ്യമന്ത്രിയുടെ അവാർഡിന് അർഹമായ ഗ്രീൻ പ്രോട്ടോക്കോൾ എന്ന പരിസ്ഥിതി സൗഹൃദ ആശയം ഇന്ന് സംസ്ഥാനത്തെ അനവധി പരിപാടികളിൽ പിന്തുടരുന്നു. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജില്ലാഭരണ കൂടവും നേതൃത്വമെടുത്ത് പ്ലാസ്റ്റിക് കിറ്റുകളുടെ ഉപയോഗം നിയന്ത്രിക്കുന്നു. കൂടാതെ പല ക്ലബുകളും കല്യാണ മണ്ഡപങ്ങളും പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രമേ ഉപയോഗിക്കൂവെന്ന് നിശ്ചയിച്ച് നടപ്പിലാക്കി തുടങ്ങുകയും ചെയ്തു. ഗ്രീൻ പ്രോട്ടോക്കോൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനുപുറമേ മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ എന്നിവർ പങ്കെടുക്കുന്ന പൊതുപരിപാടികൾ, സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവയ്ക്ക് ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കിയും സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചു. ഇതിൻപ്രകാരം 145 സംസ്ഥാന ഓഫീസുകളും 1224 ജില്ലാ ഓഫീസുകളും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി വരുന്നു.

വദിക്കുകയും ചെയ്തു.

- ഈ സർക്കാർ നിലവിൽ വന്ന ശേഷം സംസ്ഥാനത്ത് 5 ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനും 25 ആധുനിക വാതക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനും സാങ്കേതിക അനുമതി നല്കി.
- 2018-19 കാലയളവിൽ ഗ്രീൻ പ്രോട്ടോക്കോൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
- മന്ത്രിമാർ, എം.പി മാർ, എം.എൽ.എ മാർ എന്നിവർ പങ്കെടുക്കുന്ന പൊതുപരിപാടികൾ, സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവയ്ക്ക് ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കി സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചു.
- 145 സംസ്ഥാന ഓഫീസുകളും 1224 ജില്ലാ ഓഫീസുകളും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി വരുന്നു.
- കഴിഞ്ഞ മൂന്ന് വർഷക്കാലം സംസ്ഥാന ജില്ലാ തലങ്ങളിലായി 415 പ്രധാന ചടങ്ങുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചു.
- ദുരിതാശ്വാസ ക്യാമ്പുകളിലും പ്രളയബാധിത പ്രദേശങ്ങളിലും യഥാസമയത്ത് ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയതിലൂടെ സംസ്ഥാനത്ത് പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിന് സാധിച്ചു.
- 3274 ദുരിതാശ്വാസ ക്യാമ്പുകളിൽ അത്യാവശ്യ ശുചിത്വ സംവിധാനങ്ങൾ ഉറപ്പ് വരുത്തി. ഇതിന്റെ ഭാഗമായി 263 ബയോടോയ്‌ലറ്റുകൾ സ്ഥാപിക്കുകയും മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രയോഗത്തിൽ വരുത്തുകയും ചെയ്തു.
- ദുരിതാശ്വാസ ക്യാമ്പുകളിൽ താത്കാലിക മാലിന്യ സംസ്കരണ സംവിധാനങ്ങളും ശുചിത്വപാലനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രചരിപ്പിച്ചു.
- പ്രളയ ബാധിത പ്രദേശങ്ങളിൽ കണ്ടെത്തുന്ന മൃഗങ്ങളുടെ ശവശരീരങ്ങൾ സുരക്ഷിതമായി സംസ്കരിക്കുന്നു എന്ന് ഉറപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.
- ക്യാമ്പുകളിലെ കക്കൂസുകൾ നിറയുന്ന മുറയ്ക്ക് കക്കൂസ് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.
- 279168 സ്ക്വാഡുകളുടെ നേതൃത്വത്തിൽ 693287 വീടുകളും 5836 പൊതുസ്ഥാപനങ്ങളും 23731 പൊതുയിടങ്ങളും ശുചീകരിച്ചു.
- 300956 കിണറുകൾ ബ്ലീച്ചിംഗ് പൗഡർ/ക്ലോറിൻ ടാബ്ലറ്റുകൾ ഉപയോഗിച്ച് വൃത്തിയാക്കുന്നതിന് സഹായിച്ചു.
- ശുചീകരണസ്ക്വാഡുകൾ 4523 ടൺ ജൈവമാലിന്യങ്ങൾ അതാതിടങ്ങളിൽ സംസ്കരിച്ചു.
- 13413 ടൺ അജൈവമാലിന്യങ്ങൾ സ്ക്രാപ് ഡീലേഴ്സ്, കേരള എന്റോ ഇൻഫ്രാസ്ട്രക്ച്ചർ എന്നീ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മാർജ്ജനം ചെയ്തു.
- 5850 വലിയ മൃഗശവശരീരങ്ങളും 8807 ചെറിയ മൃഗങ്ങളുടെ ശവശരീരങ്ങളും എട്ടു ലക്ഷത്തിലധികം പക്ഷികളുടെ മൃതശരീരങ്ങളും മറവ് ചെയ്തു.
- വെള്ളപ്പൊക്കത്തിൽ പൂർണ്ണമായും നശിച്ചുപോയതും ഉപയോഗശൂന്യമായതുമായ ശൗചാലയങ്ങളുടെ പ്രാഥമിക കണക്കെടുപ്പ് നടത്തി. 119834 ശൗചാലയങ്ങൾ പുനർനിർമ്മിക്കുന്നതിന് 185.52 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. ☐

*(വിവരങ്ങൾക്ക് കടപ്പാട്: ശുചിത്വമിഷൻ)*




# ക്ലീൻ കേരള

**മാലിന്യ സംസ്കരണ രംഗത്ത് ഏറെ വെല്ലുവിളി ഉയർത്തുന്നതാണ് പ്ലാസ്റ്റിക്ക്, ഇ-വേസ്റ്റ്, ഗ്ലാസ്, ചില്ലുകുപ്പികൾ തുടങ്ങിയവ. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സ്ഥാപിച്ച് ഇതിനൊരു പരിഹാരമൊരുക്കുകയാണ് ക്ലീൻ കേരള കമ്പനി.**

## പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്ക്കരണ പ്രോജക്ടുകളുടെ ഭാഗമായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ 200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കമ്പനി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 117 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ സാമ്പത്തിക വർഷം 146 സ്ഥാപനങ്ങളിൽക്കൂടി പദ്ധതി നടപ്പിലാക്കും.

## പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനുകൾ ഉപയോഗിച്ച് ഷ്രെഡ്ഡ് ചെയ്താണ് റോഡ് നിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗിക്കുന്ന ടാറിൽ ചേർക്കുന്നത്. ഇവയുടെ വിപണനത്തിന് ക്ലീൻ കേരള കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 2016-17 മുതൽ 2018-19 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പ് എന്നിവ നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രവർത്തികളിൽ ശേഖരിച്ച പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്ത് ഉപയോഗിച്ചിട്ടുണ്ട്. 646.39 മെട്രിക് ടൺ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ ഉത്പാദിപ്പിച്ചതിൽ 478.51 മെട്രിക് ടൺ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ റോഡ് നിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗിച്ചു. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ ഉൽപാദനം 117 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു വരുന്നു.

## റിസോർഴ്സ് റിക്കവറി ഫെസിലിറ്റികൾ

ക്ലീൻ കേരള കമ്പനി സ്ഥാപിച്ചിട്ടുള്ള റിസോർഴ്സ് റിക്കവറി ഫെസിലിറ്റികളുടെ പ്രവർത്തന പരിപാലനവും കമ്പനി ഏറ്റെടുത്ത് നടത്തി വരുന്നു. തിരുവനന്തപുരം നഗരസഭ, പാനൂർ, കണ്ണൂർ, തളിപ്പറമ്പ, ഇരിക്കൂർ, വടവുകോട്, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകൾ, മരട് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ആർആർഎഫുകളുടെ പ്രവർത്തന പരിപാലനം നടപ്പിലാക്കിവരുന്നു.

തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ കോച്ചിങ് ഡിപ്പോയിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റിന്റെ പ്രവർത്തനം കമ്പനി ഏറ്റെടുത്തിട്ടുണ്ട്. ട്രെയിൻ കോച്ചുകളിൽ വരുന്ന ജൈവ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പുനഃചംക്രമണ യോഗ്യമാക്കുന്നതിനുമുള്ള യൂണിറ്റായിട്ടാണ് പ്രവർത്തിക്കുന്നത്.

## ഇ-വേസ്റ്റ് മാലിന്യങ്ങൾ

എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും 1319.40 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം നടത്തുവാനായി അംഗീകൃത റീസൈക്ലിംഗ് ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്.

മുൻ വർഷങ്ങളിൽശേഖരിച്ചത് 218.46

| | |
|---|---|
| 2016-17 | 102.98 ടൺ |
| 2017-18 | 742.68 ടൺ |
| 2018-19 | 255.28 ടൺ |
| ആകെ | 1319.40 ടൺ |

## ആപൽക്കരമായ മാലിന്യങ്ങൾ

ആപൽക്കരമായ മാലിന്യത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ്‌ലൈറ്റുകൾ, സിഎഫ്എൽ, പ്രിന്റർകാർട്ട്രിജുകൾ, സിഡി, പൊട്ടിയ മോണിറ്ററുകൾ, ബൾബുകൾ എന്നിവ പ്രത്യേകമായി ശേഖരിക്കുകയും ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 40 ടൺ ആപൽക്കരമായ മാലിന്യം ശാസ്ത്രീയമായി പുനഃചംക്രമണം നടത്തുവാനായി അംഗീകൃത റീസൈക്ലിംഗ് ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്.

## ഗ്ലാസ്, ചില്ലുകുപ്പികൾ

പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതും പരിസരമലിനീകരണത്തിന് വലിയ പങ്കുള്ളതുമായ ഗ്ലാസ് (ചില്ല്) മാലിന്യങ്ങളും ഗ്ലാസ് നിർമ്മിത കുപ്പികളും

### പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളുടെ ഉല്പാദനം

| വർഷം | ഉല്പാദനം (കി.ഗ്രാം) | വില്പന (കി.ഗ്രാം) | |
|---|---|---|---|
| | | പൊതുമരാമത്ത് വകുപ്പ് | തദ്ദേശഭരണ വകുപ്പ് |
| 2016-17 | 23,824.43 | 5,110 | 18,714.43 |
| 2017-18 | 1,74,732.79 | 52,404.41 | 1,22,328.38 |
| 2018-19 | 4,47,837.02 | 1,36,099.90 | 1,43,861.27 |
| ആകെ | 6,46,394.24 | 1,93,614.31 | 2,84,904.08 |

മറ്റും ശേഖരിച്ച്, പുനഃചംക്രമണ ഏജൻസികൾക്കും സംസ്കരണശാലകൾക്കും കൈമാറുന്നതിനുള്ള നടപടികൾ 2018-19 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 8 ടൺ ഗ്ലാസ്, ചില്ല് മാലിന്യങ്ങൾ ശേഖരിച്ചിട്ടുണ്ട്.

## പ്രളയബാധിത പ്രദേശങ്ങളിലെ അജൈവമാലിന്യ ശേഖരണം

പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണം വലിയൊരു വെല്ലുവിളി ഉയർത്തുന്ന ഒന്നായിരുന്നു. ശുചീകരണത്തിന്റെ ഭാഗമായി പുറന്തള്ളപ്പെടുന്ന അജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുക എന്ന ഉത്തരവാദിത്തമാണ് കമ്പനിയെ ഏൽപ്പിച്ചിരുന്നത്. ഇതിനായി പ്രളയബാധിത പ്രദേശങ്ങളിലെ ക്യാമ്പുകളിൽ ഉണ്ടായിരുന്ന അജൈവമാലിന്യങ്ങൾ ശേഖരിക്കുക എന്ന പ്രവർത്തിയാണ് ആദ്യം നടപ്പിലാക്കിയത്.

രണ്ടാം ഘട്ടമായി ശുചീകരണ പ്രക്രിയയിലൂടെ പുറന്തള്ളപ്പെടുന്ന അജൈവ മാലിന്യങ്ങൾ ശേഖരിക്കുക എന്ന പ്രവർത്തിയും ഏറ്റെടുത്തു. പ്രധാനമായും പ്ലാസ്റ്റിക്, കുപ്പി, റബ്ബർ, ചില്ലുകുപ്പികൾ, റക്സിൻ, തുണി, മെത്ത, തലയിണ, എന്നിവയായിരുന്നു ശേഖരിക്കുന്ന മാലിന്യങ്ങളിൽ ഉൾപ്പെട്ടിരുന്നത്.

എല്ലാ പ്രളയബാധിത ജില്ലകളിൽ നിന്നുമുള്ള അജൈവമാലിന്യ ശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.



| ജില്ല | മാലിന്യത്തിന്റെ അളവ് (മെട്രിക് ടൺ) |
|---|---|
| തൃശ്ശൂർ | 5450.87 |
| എറണാകുളം | 4177.19 |
| പത്തനം തിട്ട | 1116.23 |
| ആലപ്പുഴ | 597.09 |
| കോഴിക്കോട് | 905.00 |
| കോട്ടയം | 687.14 |
| വയനാട് | 627.51 |
| മലപ്പുറം | 283.00 |
| ഇടുക്കി | 221.23 |
| പാലക്കാട് | 115.36 |
| ആകെ | 14180.62 |

*(വിവരങ്ങൾക്ക് കടപ്പാട്: ക്ലീൻ കേരള കമ്പനി ലിമിറ്റഡ്)*

### ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ

| തദ്ദേശസ്വയം ഭരണ സ്ഥാപനം | ആകെ | കുഴി കമ്പോസ്റ്റ് ഉൾപ്പെടെയുള്ള കമ്പോസ്റ്റിംഗ് സംവിധാനം | | | ബയോഗ്യാസ് പ്ലാന്റുകൾ | | | ദിവസേന സംസ്കരിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് (ടൺ) |
|---|---|---|---|---|---|---|---|---|
| | | ഗാർഹിക തലം | സ്ഥാപന തലം | കമ്യൂണിറ്റി തലം | ഗാർഹിക തലം | സ്ഥാപന തലം | കമ്യൂണിറ്റി തലം | |
| ഗ്രാമ പഞ്ചായത്ത് | 941 | 2340402 | 27092 | 807 | 62141 | 711 | 55 | 2143 |
| നഗരസഭകൾ | 93 | 833884 | 2663 | 1216 | 16689 | 522 | 49 | 948 |
| ആകെ | 1034 | 3174286 | 29755 | 2023 | 78830 | 1233 | 104 | 3091 |



*കേരളത്തെ വെളിയിട വിസർജ്ജ്യമുക്തമായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ നിന്നും.*

# സമ്പൂർണ്ണ ഇ-ഭരണത്തിലേക്ക്



കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ നേതൃത്വത്തിലാണ് നിർവ്വഹിച്ചുവരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ ഗവേണൻസ് നടപ്പിലാക്കിയതു വഴി പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം വേഗത്തിലും സുതാര്യവും കാര്യക്ഷമവുമായി നല്കുന്നതിനും ഉദ്യോഗസ്ഥരുടെ ജോലി ഭാരം ഗണ്യമായി കുറയ്ക്കുന്നതിനും സാധിച്ചു.

## പ്രധാനപ്പെട്ട നേട്ടങ്ങൾ

- പ്രളയത്തിൽ തകർന്നതും നാശനഷ്ടം സംഭവിച്ചതുമായ വീടുകളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ https://rebuild.lsgkerala.gov.in/ എന്ന വെബ്സൈറ്റ് വികസിപ്പിച്ച് വിന്യസിച്ചു.
- ഗ്രാമസഭാ പ്രവർത്തനങ്ങൾ പരമാവധി ജനകീയമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ഗ്രാമസഭാ പോർട്ടൽ (https://gramasabha.lsgkerala.gov.in/) വികസിപ്പിച്ച് വിന്യസിച്ചു, നഗരസഭകളിലെ വാർഡ് സഭകളുടെ അറിയിപ്പുകൾ നല്കുന്നതിനുള്ള സൗകര്യവും ഉൾച്ചേർത്തിട്ടുണ്ട്.
- വസ്തുനികുതി ഇ-പേയ്മെന്റ് സംവിധാനം 941 ഗ്രാമപഞ്ചായത്തുകളിലും 24 മുനിസിപ്പാലിറ്റികളിലും 4 കോർപ്പറേഷനുകളിലും നടപ്പിലാക്കി. 2018-19-ൽ 135147 ഇ-പെയ്മെന്റുകളിലൂടെ 13.5 കോടിരൂപയുടെ ഇടപാടുകൾ ഓൺലൈനായി നടത്തി.
- 2018-19 കാലയളവിൽ വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കുന്നതിനുള്ള സഞ്ചയ മൊഡ്യൂൾ 8 മുനിസിപ്പാലിറ്റികളിലും 2 കോർപ്പറേഷനുകളിലും പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കി. ഈ കാലയളവിൽ 11160 ഇ-പെയ്മെന്റുകളിലൂടെ 1,5 കോടി രൂപയുടെ ഇടപാടുകൾ ഓൺലൈനായി നടത്തി.
- സാമൂഹ്യക്ഷേമ പെൻഷൻ സോഫ്റ്റ്വയർ നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാമുമായി സംയോജിപ്പിച്ചു. കൂടാതെ പെൻഷൻകാരുടെ ആധികാരികതയും അർഹതയും ഉറപ്പാക്കുന്നതിനുവേണ്ടി മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, ആധാർ, റേഷൻ കാർഡ് വിവരങ്ങൾ, സിവിൽ രജിസ്ട്രേഷൻ എന്നിവയുമായും സംയോജിപ്പിച്ചു. അക്ഷയ കേന്ദ്രങ്ങൾ വഴിയും ഇന്റർനെറ്റ് മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ടും പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് പൂർത്തീകരിച്ചു. മഹിളാ പ്രധാൻ ഏജന്റ്മാർ മുഖേന ഗുണഭോക്താക്കളെ പരിശോധിച്ച് ആധികാരികത ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള സർവ്വേ മൊഡ്യൂൾ വികസിപ്പിച്ചു.
- ഇ-ടിക്കറ്റിംഗ് സോഫ്റ്റ്വയറിൽ (http://keralafilms.gov.in/) തിയേറ്റർ കോംപ്ലക്സ് മാനേജ്മെന്റ് മോഡ്യൂൾ വികസിപ്പിച്ച് കൂട്ടിചേർത്തിട്ടുണ്ട്.
- ആഭ്യന്തര വകുപ്പിന് ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പാക്കുന്നതിന് ഓൺലൈൻ സംവിധാനം വികസിപ്പിച്ച് നല്കി.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി ശുചിത്വ ജാഗ്രത (https://suchitwajagratha.lsgkerala.gov.in/) പോർട്ടൽ വികസിപ്പിച്ച് വിന്യസിച്ചു.
- ലൈഫ് മിഷൻ പദ്ധതി പ്രവർത്തനങ്ങളുടെ ഫണ്ട് വിതരണത്തിനും ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിനും പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും വേണ്ടിയുള്ള എം.ഐ.എസ് ആപ്ലിക്കേഷൻ വികസിപ്പിച്ച് വിന്യസിച്ചു.
- ഇ-ഹെൽത്ത് – ആർദ്രം പദ്ധതി മോണിറ്റർ ചെയ്യുന്നതിനായി ആരോഗ്യവകുപ്പിനുവേണ്ടി ഡാഷ് ബോർഡ് വികസിപ്പിച്ചു.
- ഡിസെബിലിറ്റി സെൻസസ്സിനുവേണ്ടി 2015ലെ സെൻസസ് പ്രകാരമുള്ള ഡേറ്റാ പുതുക്കുന്നതിനും പുതുതായി കണ്ടെത്തിയവരെ കൂട്ടിചേർക്കുന്നതിനും വേണ്ടി ആപ്ലിക്കേഷൻ വികസിപ്പിച്ചു.
- വെബ് അധിഷ്ഠിത സാംഖ്യ സോഫ്റ്റ്വയറിൽ ജോയിന്റ് വെഞ്ച്വർ പ്രോജക്റ്റ്, അഡ്വാൻസ് ബിൽ അയയ്ക്കുന്നതിനുള്ള സംവിധാനം, ജി.എസ്.റ്റി പ്രകാരം ബിൽ അയയ്ക്കുന്നതിനുള്ള സംവിധാനം, വിനോദ നികുതിയിലുണ്ടായ നഷ്ടം നികത്താനുള്ള ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സംവിധാനം എന്നിവ വികസിപ്പിച്ച് വിന്യസിച്ചു.



- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ പൈലറ്റായി വിന്യസിക്കുകയും ചെയ്തു.
- സംസ്ഥാന ഓഡിറ്റ് വകുപ്പിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കളക്ഷൻ വിവരങ്ങൾ വെരിഫൈ ചെയ്യുന്നതിനുള്ള മോഡ്യൂൾ വികസിപ്പിച്ച് നൽകി.
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും മുൻകാല വൗച്ചർ ഡേറ്റാ വെബ്ബിലേക്ക് പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം വികസിപ്പിച്ച് വിന്യസിച്ചു.
- പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് ആരോഗ്യ ഇൻഷുറൻസിനുവേണ്ട വിവരശേഖരണത്തിനുള്ള സംവിധാനം സ്ഥാപന സോഫ്റ്റ്‌വെയർ മുഖേന വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ട്.
- തദ്ദേശഭരണ സ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും മറ്റ് ഡിപ്പാർട്ടുമെന്റുകളിലുമായി വികസിപ്പിച്ച് വിന്യസിച്ച് നൽകിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ കാലികമാക്കി പരിപാലിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകി വരുന്നു.
- തദ്ദേശഭരണ സ്ഥാപനങ്ങളിലെ വ്യത്യസ്ത ആപ്ലിക്കേഷനുകളെ ഏകീകരിച്ച് ഒറ്റ ലോഗിനിലൂടെ മുഴുവൻ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിൽ വികസിപ്പിച്ചു കൊണ്ടിരിക്കുന്ന ERP (Enterprise Resource Planning) ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് വർക്ക് ഫ്ലോ, മീറ്റിംഗ് മാനേജ്മെന്റ്, സിവിൽ രജിസ്ട്രേഷൻ, സാമൂഹ്യക്ഷേമ പെൻഷൻ തുടങ്ങിയ സോഫ്റ്റ്‌വയറുകളുടെ ഡൊമെെൻ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
- സുലേഖ സോഫ്റ്റ്‌വയറിൽ പ്ലാൻ ഡാഷ്ബോർഡ് വഴി പദ്ധതി ചെലവ് കണക്കുകൾ തത്സമയം ലഭ്യമാക്കിയതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ് പുരോഗതി നിത്യേന വിലയിരുത്തുന്നതിന് സാധിച്ചു. കഴിഞ്ഞ 5 വർഷത്തെ പദ്ധതി വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ Plan Plus ആപ്ലിക്കേഷനിലേക്ക് നൽകി.
- തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഇൻഫർമേഷൻ കേരള മിഷന്റെയും വെബ്സൈറ്റ് Content Management (Open Source) സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽ ആകർഷകവും സംവേദനക്ഷമതയുള്ളതുമായ രീതിയിൽ പരിഷ്കരിച്ചു.
- സേവന സിവിൽ രജിസ്ട്രേഷൻ ആപ്ലിക്കേഷനിൽ നവജാത ശിശുക്കൾക്ക് ആധാർ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം, പേര് ചേർക്കലിനുള്ള അപേക്ഷ, താമസിച്ചുള്ള രജിസ്ട്രേഷനുള്ള അപേക്ഷ തുടങ്ങിയവ ഇ - ഫയലിംഗ് ചെയ്യുന്നതിനുള്ള സൗകര്യം, വിവിധ വകുപ്പുകൾക്കുവേണ്ടി ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ തുടങ്ങിയവ നടപ്പിലാക്കി.
- വെബ് അധിഷ്ഠിത സാംഖ്യ സോഫ്റ്റ്‌വെയർ വികസിപ്പിച്ചു. ഇതിന്റെ ഭാഗമായി 2017 മെയ് 1 മുതൽ ഓൺലൈൻ ട്രഷറി ബിൽ സംവിധാനം നടപ്പിലാക്കി.
- വെബ് അധിഷ്ഠിത വർക്ക് ഫ്ലോ (സൂചിക) ആപ്ലിക്കേഷൻ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി.
- നഗരസഭ ജീവനക്കാർക്കും പഞ്ചായത്ത് ജീവനക്കാർക്കും പിഎഫ് ക്രഡിറ്റ് കാർഡ് ഓൺ ലൈൻ സംവിധാനം നടപ്പിലാക്കി. KMPECPF മൊഡ്യൂൾ ഓരോ വർഷവും മാസവും ലഭ്യമാക്കി.
- ഇ-ടിക്കറ്റിംഗ് - തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിനോദ നികുതി പിരിവും കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ബോർഡിലേക്കുള്ള സെസും വെബ് അധിഷ്ഠിതമായി നടത്തുന്നതിനുള്ള ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വയർ (http://keralafilms.gov.in/) വികസിപ്പിക്കുകയും പൊതുജനങ്ങൾക്ക് ഓൺലൈനായി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം കേരളത്തിലെ KSFDC യുടെ മുഴുവൻ തിയേറ്ററുകളിലും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. □

*(വിവരങ്ങൾക്ക് കടപ്പാട്: ഇൻഫർമേഷൻ കേരള മിഷൻ)*

# കേന്ദ്രപദ്ധതികൾ കേരള മാതൃകയിൽ

കേന്ദ്രപദ്ധതികൾ നടപ്പാക്കുന്നതിൽ മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത വിധം മികച്ച നേട്ടം കൈവരിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. മാത്രമല്ല സംസ്ഥാനത്തിന്റെ സവിശേഷതകൾക്കനുസരിച്ച് പദ്ധതികൾ നടപ്പാക്കാനും കഴിഞ്ഞു.



## പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)

ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാർ നിശ്ച യിച്ച യൂണിറ്റ് കോസ്റ്റ് ആയ 1,20,000 രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വകയിരുത്തുന്നു. എന്നാൽ കേരളസർക്കാർ ഇപ്പോൾ ലൈഫ് ഭവന പദ്ധതിയിലുൾപ്പെ ടുത്തി പൊതുവിഭാഗത്തി നും പട്ടികജാതി വിഭാഗത്തിനും 4 ലക്ഷം രൂപയും സങ്കേതങ്ങളിൽ കഴിയുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 6 ലക്ഷം രൂപയും നല്കു ന്നുണ്ട്.

ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമേ തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഗുണഭോക്താക്കൾക്ക് നല്കുവാൻ കഴിയും. ഗുണഭോക്താവിന് ആവശ്യമുണ്ടെ ങ്കിൽ 70,000 രൂപ വരെ ധനകാര്യ സ്ഥാപ നങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും സഹായം നല്കുന്നുണ്ട്. വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കുന്ന അടിസ്ഥാന സൗകര്യ ങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.

### പദ്ധതിയിലെ നേട്ടങ്ങൾ

- ആകെ 16992 വീടുകൾ അനുവദിച്ചു.
- കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 15372 വീടുകൾ പൂർത്തീകരിച്ചു.
- പട്ടികവർഗ്ഗ വിഭാഗത്തിന് 1082 വീടുകൾ പൂർത്തീകരിച്ചു.
- പട്ടികജാതി വിഭാഗത്തിന് 4352 വീടുകൾ പൂർത്തീകരിച്ചു.
- ന്യൂനപക്ഷ വിഭാഗത്തിന് 4776 വീടുകൾ പൂർത്തീകരിച്ചു.
- പൊതു വിഭാഗത്തിന് 5162 വീടുകൾ പൂർത്തീകരിച്ചു.
- സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ അർഹരായ മതിയായ ഗുണഭോക്താക്കളില്ലാത്ത തിനാൽ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ആവാസ് പ്ലസ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് സംസ്ഥാനത്ത് വീടിനർഹതയുള്ള 3,11,680 ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്തു.

- 917 ഗുണഭോക്താക്കൾക്ക് മേസൺ പരിശീലനം നല്കി. ഇതു വഴി 27 വീടുകൾ പൂർത്തീകരിച്ചു.
- ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് ഉൾപ്പെട്ട കൈപ്പുസ്തകം സൗജന്യമായി നല്കി.

## പ്രധാനമന്ത്രി ഗ്രാമ സഡക് യോജന

ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി നടപ്പിലാക്കുന്ന പദ്ധതിയായ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംസ്ഥാനതലത്തിൽ രൂപീകരിച്ച ഏജൻസിയായ കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസിയാണ്. പദ്ധതിയിൽ നാന്നൂറിലധികം റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

## പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന- നീർത്തട ഘടകം

സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിൽ നീർത്തട വികസനം ലക്ഷ്യമിട്ട് PMKSYWDC നടപ്പിലാക്കി വരികയാണ്. മണ്ണും ജലവും ജൈവ സമ്പത്തും തമ്മിലുള്ള സ്വാഭാവിക ജൈവബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പിലാക്കുകയും മണ്ണിലെ ജൈവസന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

- 15,000 ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്താനുള്ള ജലം സംഭരിക്കാൻ സാധിച്ചു.
- കിണർ റീചാർജ്ജ് പ്രവൃത്തി മൂലം പദ്ധതി പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് 2 മുതൽ 3 അടി വരെ ഉയർത്താൻ സാധിച്ചു.
- 10920 ഹെക്ടർ പ്രദേശത്ത് മണ്ണുജലസംരക്ഷണ പ്രവൃത്തികൾ നടത്തി.
- 2191 ഹെക്ടർ പ്രദേശത്ത് ഉല്പാദന വർദ്ധനവിനായി വിവിധ പ്രവൃത്തികൾ.
- 769.75 ലക്ഷം രൂപ revolving fund എന്ന രീതിയിൽ JLG കൾക്ക് വിതരണം ചെയ്തു.
- 79377 കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി.
- 69420 ഹെക്ടർ പ്രദേശത്തിന് പദ്ധതികളുടെ പ്രയോജനം.
- 508616 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.

*(വിവരങ്ങൾക്ക് കടപ്പാട്: ഗ്രാമവികസന കമ്മീഷണറേറ്റ്)*





കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

# കാര്യശേഷി വികസനത്തിൻ സൂര്യശോഭ

**കേരളം പുതിയൊരു കുതിപ്പിനായി തുടക്കമിടുമ്പോൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഇനി ശ്രദ്ധിക്കേണ്ട ഒട്ടേറെ പുതിയ വിഷയങ്ങൾക്കായി പരിശീലന പരിപാടികൾക്കൊപ്പം അതിനനുസൃതമായി വിഷയമേഖലാകേന്ദ്രങ്ങളും കിലയിൽ ആരംഭിച്ചു.**

ഈ സർക്കാർ അധികാരമേറ്റതിന് ശേഷം കിലയെ സംസ്ഥാനതലത്തിലും ദേശീയ അന്തർദേശീയതലത്തിലും വികേന്ദ്രീകൃതാസൂത്രണം, തദ്ദേശഭരണം എന്നിവയിൽ ശ്രേഷ്ഠസ്ഥാപനമായി വളർത്തുവാനുള്ള കൃത്യമായ നടപടികളാണ് ആരംഭിച്ചത്. അതിന്റെ ഭാഗമായി SIRD കൊട്ടാരക്കര, അഹാഡ്സ് എന്നിവ കിലയിൽ ലയിപ്പിക്കുകയും കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നിവിടങ്ങളിലെ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളെ കിലയുടെ ഭാഗമാക്കി പുനർനാമകരണം ചെയ്ത് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഒപ്പം കിലയുടെ റീജിയണൽ സെന്റർ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു. അടിസ്ഥാനപരമായും ദീർഘദൂരഫലങ്ങൾ ലക്ഷ്യമാക്കി കൊണ്ടുള്ള പ്രവർത്തനങ്ങളാണ് കില വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്.

## പരിശീലനത്തിൽ നിന്ന് കാര്യശേഷി വികസനത്തിലേക്ക്

കേവലം അറിവ് മാത്രം പകരുന്നതിന് പകരം ഘട്ടംഘട്ടമായി കാര്യശേഷി വികസിപ്പിക്കുന്നതിലും കൂടുതൽ പേരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള തീവ്രപരിശീലന പരിപാടികളിലും ശ്രദ്ധ നൽകുകയെന്ന രീതിയിലേക്ക് കില മാറിക്കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള കാര്യശേഷി വികസന പരിപാടികൾ കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മെച്ചപ്പെടുത്തി. നഗരഭരണം, ആസൂത്രണം എന്നിവയ്ക്ക് കൂടുതൽ ശ്രദ്ധ നൽകിയിട്ടുണ്ട്. തദ്ദേശഭരണം, വികേന്ദ്രീകരണം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ ഡിപ്പാർട്ടുമെന്റുകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ, മിഷനുകൾ എന്നിവയുമായി ദീർഘകാലാടിസ്ഥാനത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്ന സംവിധാനം നിലവിൽ വന്നു. കില സംഘടിപ്പിക്കുന്ന വിവിധ ഗവേഷണ പരിപാടികൾ വഴിയായി കൂടുതൽ പരിപാടികൾ ആസൂത്രണം ചെയ്ത് നിലവിലുള്ളവയുടെ ഉള്ളടക്കം, രീതിശാസ്ത്രം, സമീപനം എന്നിവ മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്.



*മന്ത്രി എ.സി. മൊയ്തീൻ കില ഫാക്കൽറ്റി ടീമിനോടൊപ്പം*

പുതിയ കോഴ്സുകൾ, പരിശീലന പരിപാടികൾ, പ്രാദേശിക പ്രവർത്തനങ്ങൾ, ഗവേഷണം എന്നിവയും ആരംഭിച്ചു.കില നടത്തുന്ന പരിശീലനങ്ങളുടെ ഫലപ്രാപ്തി മോണിട്ടർ ചെയ്യാനായി സ്വതന്ത്ര ഏജൻസികളുടെ നേതൃത്വത്തിൽ പഠനങ്ങളും കിലയുടെ തന്നെ സോഷ്യൽ ഓഡിറ്റും ആരംഭിക്കുന്നതും കഴിഞ്ഞ മൂന്ന വർഷങ്ങളിലാണ്.

അട്ടപ്പാടിയിലെ വിദ്യാർത്ഥികൾക്കായി 'മുന്നോട്ട്' എന്ന സമഗ്ര വിദ്യാഭ്യാസ പരിപാടി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലെയും സേവനസംവിധാനം മെച്ചപ്പെടുത്തി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഉറപ്പ് വരുത്തുന്നതിനായുള്ള നടപടികളും കില ആരംഭിച്ചു. ബാലസൗഹൃദതദ്ദേശഭരണം, വയോജനസൗഹൃദഭരണം, ലിംഗനീതി, കാലാവസ്ഥാ വ്യതിയാനം, എസ്.ഡി.ജി, ജൈവ വൈവിധ്യം തുടങ്ങിയ നിരവധി മേഖലകളിലേക്കുള്ള പരിശീലനങ്ങളും പുതുതായി ആരംഭിക്കാനായി.

## പുതിയ വിഷയമേഖലകൾ

കേരളം പുതിയൊരു കുതിപ്പിനായി തുടക്കമിടുമ്പോൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഇനി ശ്രദ്ധിക്കേണ്ട ഒട്ടേറെ പുതിയ വിഷയങ്ങൾക്കായി പരിശീലന പരിപാടികൾക്കൊപ്പം അതിനനസൃതമായി വിഷയമേഖലാകേന്ദ്രങ്ങളും കിലയിൽ ആരംഭിച്ചു.

- സെന്റർ ഫോർ എസ്.ഡി.ജി.(SDGs) ആന്റ് ലോക്കൽ ഗവേണൻസ്
- പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ജൈവ വൈവിധ്യ കേന്ദ്രം
- ഇന്നവേഷൻ ആന്റ് ഇൻക്യുബേഷൻ ഹബ്ബ് ഫോർ ലോക്കൽ ഗവൺമെന്റ്സ്
- ജെന്റർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്
- ലീഗൽ റിസോഴ്സ് സെന്റർ ഫോർ ലോക്കൽ ഗവേണൻസ്

എന്നീ കേന്ദ്രങ്ങൾ ഇതിന്റെ ഭാഗമായാണ് ആരംഭിച്ചത്.

## നവകേരളത്തിനായി കില

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള വിവിധ ദൗത്യങ്ങൾക്കാവശ്യമായ പരിശീലന പരിപാടികൾക്കെല്ലാം സഹായകമായ പ്രവർത്തനങ്ങൾക്ക് കില നേതൃത്വം നല്കി വരികയാണ്. ഇതുമായി ബന്ധപ്പെട്ട് തന്നെയാണ് 2018 ലെ പ്രളയ വേളയിലും തുടർന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട സഹായ നിർദ്ദേശങ്ങൾ നല്കുവാൻ കില മുന്നിട്ടിറങ്ങിയത്. 'നാടൊരുക്കാം നാളെക്കായ്' എന്ന പ്രളയാനന്തരമുള്ള പുനരധിവാസ- പുനർനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് കിലയും ആരോഗ്യവകുപ്പും സംയുക്തമായി തയ്യാറാക്കിയ വീഡിയോ, തദ്ദേശസ്ഥാപനങ്ങൾക്കുവേണ്ടി ചെക്ക് ലിസ്റ്റ്, രോഗവിവരശേഖരണ പരിപാടി, റാപ്പിഡ് ഫ്ലഡ് ഇംപാക്റ്റ് അസസ്മെന്റ് റിപ്പോർട്ട്, 'അതിജീവനത്തിന്റെ അനുഭവപാഠങ്ങൾ' എന്ന പുസ്തകം, ഇവയെല്ലാം അതിന്റെ ഭാഗമായിരുന്നു.

## അടിസ്ഥാന സൗകര്യവികസനം

കിലയിലെ നിലവിലുള്ള രണ്ട് ഗസ്റ്റ് ഹൗസുകളുടെയും ക്ലാസ് മുറികളുടെയും 24 ക്വാർട്ടേഴ്സുകളുടെയും നവീകരണ പ്രവർത്തനങ്ങളും സോളാർ സംവിധാനം സ്ഥാപിക്കുന്നത്, 250 കെ.വി. പുതിയ ജനറേറ്ററുകൾ സ്ഥാപിക്കുകയും കെട്ടിടങ്ങളുടെ ചോർച്ച തടയുന്നതിനായി ട്രസ്സ് വർക്ക്, പുതിയ അടുക്കളയുടെ നിർമ്മാണം, പുതിയ കമ്പ്യൂട്ടർ ലാബ്, ലിഫ്റ്റ് സംവിധാനം സ്ഥാപിക്കൽ, വിവിധ കെട്ടിടങ്ങളിൽ റാമ്പുകൾ

സ്ഥാപിക്കൽ, കൊട്ടാരക്കര, അഗളി എന്നീ സെന്ററിലെ നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, Waste Water Treatment Plant, വാട്ടർ ടാങ്കിന്റെ നിർമ്മാണം, കിലയുടെ ഭാവി വികസനത്തിന്റെ ഭാഗമായി 9.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എന്നിവയെല്ലാം ഈ ചുരുങ്ങിയ കാലയളവിൽ തന്നെ ആരംഭിച്ചു. കിലയിൽ ഇ-ഗവേണൻസ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ കമ്പ്യൂട്ടർവല്കൃത/പേപ്പർരഹിത ഓഫീസിനായി കംപ്ലീറ്റ് ഓൺലൈൻ കില (Co-KILA), ഡിജിറ്റൽ റിപ്പോസിറ്ററി (Digital Repository), കമ്പ്യൂട്ടർവൽക്കൃത ലൈബ്രറി ഉടങ്ങിയവയും ഏർപ്പെടുത്തി കഴിഞ്ഞു.

## കില ഉയരങ്ങളിലേക്ക്

- വിവിധ പരിശീലന കേന്ദ്രങ്ങളെ ഏകോപിപ്പിച്ച് വിപുലീകൃത കില.
- പ്രത്യേക വിഷയമേഖല കേന്ദ്രങ്ങൾ
- സുസ്ഥിര വികസന ലക്ഷ്യങ്ങൾ.
- കാലാവസ്ഥാ വ്യതിയാനം, ജൈവ വൈവിധ്യം, പരിസ്ഥിതി.
- ഇന്നവേഷൻ ആന്റ് ഇൻക്യുബേഷൻ ഹബ്.
- ജെൻഡർ സ്കൂൾ.
- ലീഗൽ റിസോഴ്സ് സെന്റർ.
- കമ്പ്യൂട്ടർവല്കൃത ഹെല്പ് ഡെസ്ക് സംവിധാനം.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഐ.എസ്.ഒ സർട്ടിഫിക്കേഷന് പ്രാപ്തരാക്കൽ.
- അട്ടപ്പാടിയിൽ 'മുന്നോട്ട്' സമഗ്ര വിദ്യാഭ്യാസ പരിപാടി.
- നവകേരള കർമ്മപദ്ധതിക്കായി പരിശീലന പരിപാടികൾ.
- പഞ്ചായത്തീരാജ് കാൽ നൂറ്റാണ്ട് ദേശീയ സെമിനാർ.
- പ്രാദേശിക പഠന ഗവേഷണപ്രവർത്തനങ്ങൾ.
- CANALPY-ആലപ്പുഴ കനാലുകളുടെ നവീകരണത്തിനായുള്ള പഠന പ്രവർത്തനങ്ങൾ.
- കാലാവസ്ഥാ വ്യതിയാനം, പ്രാദേശിക കർമ്മപദ്ധതിക്കൊരു രീതിശാസ്ത്രം.
- വിവിധ കോഴ്സുകൾ, പുതിയ പരിശീലന പരിപാടികൾ.
- നേർക്കാഴ്ച – സ്മാർട്ട് ഫോൺ അധിഷ്ഠിത യൂട്യൂബ് ചാനൽ.
- അധികാരവികേന്ദ്രീകരണവും തദ്ദേശഭരണവും – അന്തർദേശീയ പരിശീലന പരിപാടി.
- ബാലസൗഹൃദം, വയോജനസൗഹൃദം, ലിംഗനീതി വിഷയങ്ങളിൽ പ്രത്യേക ഇടപെടലുകൾ.
- പൊതുജനങ്ങൾക്കായി സാമൂഹ്യ വിദ്യാഭ്യാസ പരിപാടി.
- സേവനാവകാശ നിയമം-വിപുലമായ പൊതുജനവിദ്യാഭ്യാസ പരിപാടി.
- പരിശീലന ദിനങ്ങളിൽ മൂന്നിരട്ടി വർദ്ധന.

### ദേശീയ അന്തർദേശീയ തലം

കിലയെ ദേശീയ അന്തർദേശീയ തലത്തിൽ മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ ഈ മൂന്നുവർഷം സാക്ഷ്യം വഹിച്ചു. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണവുമായി ബന്ധപ്പെട്ട ഏഷ്യൻ രാജ്യങ്ങളെ ഒത്തുചേർത്തുകൊണ്ടുള്ള ലോഗിൻ നെറ്റ് വർക്കിന്റെ ഇന്ത്യ പ്ലാറ്റ്ഫോമിന്റെ ഫെസിലിറ്റേറ്ററാണ് കില. ഏഷ്യൻ രാജ്യങ്ങളിലെ പ്രതിനിധികൾക്കായി തദ്ദേശഭരണവും അധികാര വികേന്ദ്രീകരണവും സംബന്ധിച്ച അന്തർദ്ദേശീയ പരിശീലന പരിപാടി കില സംഘടിപ്പിച്ചതും ഈ കാലയളവിലാണ്.

മംഗോളിയയുടെ തലസ്ഥാനമായ ഉലാൻബത്താറിന് ആവശ്യമായ പരിശീലന സംവിധാനം തയ്യാറാക്കുവാൻ കിലയുടെ സഹായം തേടുകയുണ്ടായി. ശ്രീലങ്കൻ പ്രാദേശിക സർക്കാരിലെ വിവിധതല സംവിധാനങ്ങൾക്കായി കില പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. ഭൂട്ടാൻ സർക്കാരിന്റെ പ്രതിനിധികൾക്കുള്ള പരിശീലനവും കില സംഘടിപ്പിച്ചു വരുന്നു.

ഐക്യരാഷ്ട്ര സഭ 2015 സെപ്തംബർ 15 ന് പാസാക്കിയ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംബന്ധിച്ച പ്രമേയത്തിൽ 17 ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ബാധ്യസ്ഥരാണ്. ഈ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാനുണ്ട്. ഇതിനായുള്ള കാര്യശേഷി വികസന പരിപാടികൾ ഉൾപ്പെടെ (ദേശീയ, സംസ്ഥാന, പ്രാദേശികതല ശില്പശാല/ സെമിനാറുകൾ) കില സംഘടിപ്പിച്ചു. ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതികൾ വന്നിട്ട് 25 വർഷം പിന്നിടുന്നു. ഈ സന്ദർഭത്തിൽ പഞ്ചായത്തീ രാജ് - കാൽ നൂറ്റാണ്ട് എന്ന ശീർഷകത്തിൽ ഒരു ദേശീയ സമ്മേളനം 2018 ഏപ്രിൽ 24-25 തീയതികളിലായി തിരുവനന്തപുരത്ത് വച്ച് കില നടത്തുകയുണ്ടായി.

കിലയുടെ നേതൃത്വത്തിൽ ആരംഭിച്ച ബാലസൗഹൃദ തദ്ദേശഭരണം പരിപാടി കേന്ദ്രസർക്കാർ തന്നെ ഏറ്റെടുത്ത് മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ശ്രമിക്കുന്നതും കിലയുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്. ഇതിനെ തുടർന്ന് ഭിന്നശേഷിസൗഹൃദം, വയോജനസൗഹൃദം, ലിംഗനീതി ഉറപ്പ് വരുത്തൽ എന്നീ മേഖലകളിലെല്ലാം തദ്ദേശഭരണ സംവിധാനത്തിനെ ശക്തിപ്പെടുത്തുവാനുള്ള കിലയുടെ ശ്രമങ്ങളും ദേശീയതലത്തിലേക്ക് പകർത്തപ്പെട്ടു വരികയാണ്.

UNDP, UNEP, UNICEF, FAO, SDC, GIZ തുടങ്ങിയ നിരവധി അന്താരാഷ്ട്ര ഏജൻസികളുമായി പുതിയ പ്രൊജക്ടുകൾ ആരംഭിക്കുവാനും അങ്ങനെ ദേശീയ അന്തർദേശീയതലത്തിൽ അംഗീകാരം നേടുവാനും ഈ കാലയളവിൽ കിലയ്ക്കായി.

### നേർക്കാഴ്ച – സ്മാർട്ട് ഫോൺ അധിഷ്ഠിത യൂട്യൂബ് ചാനൽ

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ വികസന പദ്ധതികളുടെ വീഡിയോ പ്രമാണ ശേഖരത്തിനും പ്രചരണത്തിനും ഉദ്ദേശിച്ചുകൊണ്ട് കില ആവിഷ്കരിച്ച യൂട്യൂബ് ചാനലാണ് നേർക്കാഴ്ച.

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ പരിശീലന വ്യാപനരംഗത്ത് അഭൂതപൂർവ്വമായ വളർച്ചയ്ക്ക് നേതൃത്വം നല്കുവാൻ കിലയ്ക്കായി. 2016-17ൽ 98224 ഉം, 2017-18 ൽ 208768 ഉം, 2018-19 ൽ 319451 ഉം പരിശീലനദിനങ്ങൾ സൃഷ്ടിക്കുക വഴി മുന്നോട്ടുള്ള കുതിപ്പിന്റെ പാതയിലാണ് കില. ☐

*(വിവരങ്ങൾക്ക് കടപ്പാട്: ഡയറക്ടർ, കില)*

# ജനകീയം കാര്യക്ഷമം



പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം എന്നീ മൂന്നു മന്ത്രാലയങ്ങൾക്കു കീഴിൽ പ്രവർത്തിച്ചിരുന്ന തദ്ദേശസ്വയംഭരണ വകുപ്പിനെ ഒരു മന്ത്രാലയത്തിന് കീഴിലാക്കി ഏകോപിപ്പിച്ചതിലൂടെ തദ്ദേശഭരണ രംഗം കേരളം ഇന്നുവരെ ദർശിച്ചിട്ടില്ലാത്ത വളർച്ചയും കാര്യക്ഷമതയും സാക്ഷ്യംവഹിച്ചിരിക്കുന്നു.

## ഏകീകൃത വകുപ്പ്

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ പൊതു സർവീസ് യാഥാർത്ഥ്യത്തിലേക്ക്. പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് എന്നീ വകുപ്പുകൾ ഏകീകരിക്കുന്നതിന്റെ ആദ്യപടിയായി പ്രിൻസിപ്പൽ ഡയറക്ടേറ്റ് രൂപീകരിച്ച് ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ പ്രിൻസിപ്പൽ ഡയറക്ടറായും 14 ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ നിയമിച്ചു കൊണ്ട് ഡയറക്ടേറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള പൊതുസർവീസിന്റെ കരട് വിശേഷാൽ ചട്ടത്തിന്മേൽ സർവീസ് സംഘടനകളുമായി ചർച്ച നടത്തി കഴിഞ്ഞു. വിശേഷാൽ ചട്ടം അംഗീകരിച്ച് ഏകീകൃത വകുപ്പ് എല്ലാ അർത്ഥത്തിലും രൂപീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## 408 ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ.

### പഞ്ചായത്ത് വകുപ്പ്

- 448 പുതിയ തസ്തികകൾ സൃഷ്ടിച്ചു.
- 408 ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. അംഗീകാരം.
- പതിനൊന്നിന പരിപാടി പ്രകാരം സ്ഥാപിക്കപ്പെട്ട സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻമാർ, ശിശു മന്ദിരങ്ങളിലെ ടീച്ചർമാർ, ആയമാർ എന്നിവരുടെ ഓണറേറിയം 2050 ൽ നിന്നും 12000 രൂപയായും 1400ൽ നിന്ന് 8000 രൂപയായും വർദ്ധിപ്പിച്ചു.
- 509 ഗ്രാമപഞ്ചായത്തുകൾ 100% വസ്തുനികുതി പിരിച്ചെടുത്തു
- 2010 ൽ പാർട്ട്ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തിയ 630 ലൈബ്രേറിയൻമാർ, നേഴ്സറി ടീച്ചർമാർ, ആയമാർ എന്നിവർക്ക് അവരുടെ ഓണറേറിയം കാലഘട്ടം പെൻഷന് പരിഗണിച്ചു.
- അനധികൃതമായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ ഉടൻ ക്രമവത്ക്കരിക്കുന്നതിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചു.
- പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഫയൽ തീർപ്പാക്കൽ യജ്ഞത്തിലൂടെ 10867 ഫയലുകൾ തീർപ്പാക്കി.
- പി.എസ്. സി. വഴി 1500ലധികം പുതു നിയമനങ്ങൾ.

## നഗരസഭകളിൽ 1494 പുതിയ തസ്തികകൾ

### നഗരകാര്യ വകുപ്പ്

- പുതിയതായി രൂപീകരിക്കപ്പെട്ട 28 നഗരസഭകളിൽ 1317 തസ്തികകളും കണ്ണൂർ കോർപ്പറേഷനിൽ 177 തസ്തികകളും ഉൾപ്പെടെ ആകെ 1494 തസ്തികൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ചു.
- മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിച്ചു. ചരിത്രത്തിൽ ആദ്യമായാണ് കണ്ടിജന്റ് ജീവനക്കാർക്ക് പൂർണ ശമ്പളസ്കെയിൽ അനുവദിക്കുന്നത്. ഇവർക്കായി ഭവന വായ്പാ പദ്ധതി ആരംഭിച്ചു. 100 പേർക്ക് ഈ ആനുകൂല്യം നൽകി.
- മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാ

ളുടെ ദിവസവേതനം 620 രൂപയായി വർദ്ധിപ്പിച്ചു.

- കെട്ടിട നിർമ്മാണചട്ടങ്ങൾ ലംഘിക്കപ്പെട്ട കാരണങ്ങളാൽ നിയമാനുസരണം കെട്ടിടനമ്പർ അനുവദിച്ചു നൽകാൻ കഴിയാത്തതും നിർമ്മാണം പൂർത്തിയായിട്ടുള്ളതുമായ 1500 ച. അടിവരെയുള്ള കെട്ടിടങ്ങൾക്ക് നഗരമേഖലയിൽ യു.എ. നമ്പർ നൽകി താല്ക്കാലിക റസിഡൻഷ്യൽ നമ്പർ നൽകാൻ ഉത്തരവു പുറപ്പെടുവിച്ചു. റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർപട്ടികയിൽ പേരുചേർക്കൽ എന്നിവയ്ക്ക് ഈ സർട്ടിഫിക്കറ്റ് ഉപയോഗിക്കാം.
- 2017 ജൂലായ് 31ന് മുമ്പ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ കെട്ടിട നമ്പർ ലഭിക്കാത്തതുമായ കേസുകൾ പരിശോധിച്ച് ഗുരുതര ലംഘനങ്ങൾ ഒഴികെയുള്ള നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു.
- അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി 2016-17സാമ്പത്തിക വർഷം ബഡ്ജറ്റിൽ 15 കോടി രൂപയും 2017-18 ൽ 25.1കോടി രൂപയും വകയിരുത്തി. 2016-17 ൽ 3,65,451 തൊഴിൽ

# വാർത്തകൾ വിശേഷങ്ങൾ

## കേരള പുനർനിർമ്മാണ ഇനിഷ്യേറ്റീവ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

കേരള പുനർനിർമ്മാണ ഇനിഷ്യേറ്റീവിന്റെ ഭാഗമായി ഫീൽഡ് സർവേയും മറ്റു ജോലികളും ഏകോപിപ്പിക്കുന്നതിന് ലഭ്യമായ ഡാറ്റ ഉപയോഗിച്ച് വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ലോകബാങ്ക് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രപ്പോസൽ തയ്യാറാക്കുന്നതിനും പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചുകൊണ്ടും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവായി .

(ജി ഒ (ആർ ടി ) 196 / 2019 /പി &ഇ എ, തിയതി 06 .05 .2019)

## 2019-20 വാർഷികപദ്ധതി - സ്പിൽ ഓവർ പ്രോജെക്ടുകൾ ഉൾപ്പെടുത്താൻ മാർഗ്ഗനിർദ്ദേശങ്ങൾ

2019 -20 വാർഷിക ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.

(സ ഉ (സാധാ) നം. 990/ 2019 / ത സ്വ ഭ വ, തിയതി 15 .05 .2019)

## റോഡുകൾ ടാർ ചെയ്യുമ്പോൾ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണം

തദ്ദേശഭരണസ്ഥാപനങ്ങളുടെയും പൊതുമരാമത്തു വകുപ്പിന്റെയും നിയന്ത്രണത്തിലോ ഉടമസ്ഥതയിലോ ഉള്ള റോഡുകൾ ടാർ ചെയ്യുമ്പോൾ നിശ്ചിത ശതമാനം ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന നിർദ്ദേശം കർശനമായി നടപ്പിലാക്കുന്നതിനും അത് മോണിട്ടർ ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ഹരിതകേരളം എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ അധ്യക്ഷയായി സംസ്ഥാനതല മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി.

(സ ഉ (ആർ ടി ) 966 / 2019 ത സ്വ ഭ വ, തിയതി.10 .05 .2019)

## ഓണറേറിയം കുടിശിക തനതുഫണ്ടിൽ നിന്നും അനുവദിക്കാം

അംഗൻവാടി അധ്യാപകർക്കും ആയമാർക്കും നൽകേണ്ട അധിക ഓണറേറിയം കുടിശിക തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതുഫണ്ട് ഉപയോഗിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവായി.

(സ ഉ (കൈ ) 47/ 2019/ത സ്വ ഭ വ, തിയതി 07 .05 .2019 )

## ബയോമെട്രിക് പഞ്ചിങ് സംവിധാനം നടപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ

സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ സർക്കാർ സ്ഥാപനങ്ങളിലും ബയോമെട്രിക് പഞ്ചിങ് സംവിധാനം സമയബന്ധിതമായി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവായി.

(ജി ഒ (എം എസ്) 77/ 2019/ പൊ ഭ വ തിയതി. 06.05.2019)

## ക്ഷാമബത്ത കുടിശിക പണമായി നൽകുന്നതിന് ഉത്തരവായി

ജി ഒ (പി) 44/ 2019/ ഫിൻ തിയതി 04.04 .2019 പ്രകാരം 01/ 01/ 2018, 01/ 07 / 2018 തീയതികൾ പ്രാബല്യം നൽകി സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും അനുവദിച്ചിരുന്ന ക്ഷാമബത്ത കുടിശിക തുക പണമായി നല്കാൻ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

(ജി ഒ (പി) നം 57/ 2019/ ഫിൻ തിയതി 13 .05 .2019)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**

ദിനങ്ങളും 2017-18 ഫെബ്രുവരി വരെ 6,38,239 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചു.

- അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന അസി.എഞ്ചിനീയർമാരുടെ വേതനം 12000 രൂപയിൽ നിന്നും 25000 രൂപയായും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓവർസീയർ എന്നിവരുടെ വേതനം 10,000 രൂപയിൽ നിന്നും 18,500 രൂപയായും വർദ്ധിപ്പിച്ചു.
- അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി മാർഗ നിർദ്ദേശങ്ങൾ ഭേദഗതി ചെയ്തു. സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മഴക്കുഴി നിർമ്മാണം, സോക്ക്പിറ്റ് നിർമ്മാണം, കിണർ റീചാർജ്ജിംഗ്, 3 മീറ്റർ വീതി വരെയുള്ള റോഡുകളിൽ ഇന്റർലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ, ക്ഷീര കർഷകർക്ക് കന്നുകാലി തൊഴുത്ത് നിർമ്മാണം, വാനം വെട്ടൽ തുടങ്ങി നൂറോളം പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നു.
- ഭവനരഹിതർക്ക് വീടുകൾ നൽകുന്ന PMAY പദ്ധതിയിൽ കേരളത്തിലെ എല്ലാ നഗരസഭകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. 74,414 ഭവനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് അനുമതി ലഭിച്ചു. 91 നഗരസഭകളിലെ ഭൂമിയുള്ള എല്ലാ പേർക്കും വീട് നൽകുന്നതിനുള്ള പദ്ധതി അംഗീകരിച്ചു. 1946 വീടുകൾ പൂർത്തീകരിച്ചു. 22000 വീടുകളുടെ നിർമ്മാണത്തിന് തുടക്കമിട്ടു. 5826 വീടുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ഭവന നിർമ്മാണ വായ്പ നൽകി. പദ്ധതി നിർവ്വഹണത്തിനായി 200 കോടി രൂപ കേന്ദ്രസഹായം നേടിയെടുത്തു.
- സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ആധുനിക രീതിയിലുള്ള പൊതുശ്മശാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. ആദ്യഘട്ടമെന്ന നിലയിൽ നെടുമങ്ങാട്, പുനലൂർ, പയ്യന്നൂർ, കൂത്താട്ടുകുളം, ആന്തൂർ, മട്ടന്നൂർ, ആറ്റിങ്ങൽ, ചങ്ങനാശ്ശേരി, തൊടുപുഴ എന്നീ നഗരസഭകൾക്കായി 3.51 കോടിരൂപ അനുവദിച്ചു നൽകി.
- ആറ്റിങ്ങൽ, തിരൂർ, ആലുവ, മാവേലിക്കര, വർക്കല എന്നീ നഗരസഭകൾക്ക് ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് 4.18 കോടിരൂപ അനുവദിച്ചു.

# ഓരോ പഞ്ചായത്തിനും അസിസ്റ്റന്റ് എൻജിനീയർ


**തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗം**

- 195 പുതിയ അസിസ്റ്റന്റ് എൻജിനീയർ തസ്തിക സൃഷ്ടിച്ച് ഓരോ പഞ്ചായത്തിലും ഓരോ അസ്സിസ്റ്റന്റ് എൻജിനീയർ എന്ന ദീർഘകാല ആവശ്യം നിറവേറ്റി.
- മറ്റു കാറ്റഗറികളിൽ 373 പുതിയ തസ്തികകൾ
- ഇ - ടെൻഡർ സാർവ്വത്രികമാക്കിയതിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്ക് 239 കോടി രൂപ സേവിംഗ്സ്.
- ഗുണമേന്മ പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും മിനി ക്വാളിറ്റി കൺട്രോൾ ലാബുകൾ.

# തിരുവനന്തപുരം ഇനി സ്മാർട്ട്

- 1538 കോടി രൂപയുടെ തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിക്ക് അംഗീകാരം ലഭിച്ചു.
- ആകെ 43 പ്രോജക്ടുകൾ.
- സ്മാർട്ട് റോഡുകൾക്ക് 600 കോടിരൂപ.
- ചേരി വികസനത്തിന് 100 കോടിരൂപ.
- ശ്രീപത്മനാഭസ്വാമി ക്ഷേത്രപരിസരം പുനരുദ്ധരിക്കാൻ 80.36 കോടിരൂപ.
- ഫലപ്രദമായ സ്ഥലവിനിയോഗത്തിന് 238 കോടി രൂപ.
- 274.50 കോടി രൂപയുടെ 10 പ്രോജക്ടുകൾ ടെണ്ടർ ചെയ്തു.
- മറ്റു പ്രോജക്ടുകളുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു.





# സ്മാർട്ടാകാൻ കൊച്ചിയും

- 2076 കോടി രൂപയുടെ കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി ആരംഭിച്ചു.
- 64 പ്രോജക്ടുകൾ നിർവഹണ ഘട്ടത്തിൽ.
- കൊച്ചിവൺസ്മാർട്ട്കാർഡ്& മൊബൈൽ ആപ് പ്രവർത്തനമാരംഭിച്ചു.
- കൊച്ചി മെട്രോ ജലഗതാഗത പദ്ധതിയായ വാട്ടർ മെട്രോ പ്രോജക്ടിന്റെ ഭാഗമായി സ്മാർട്ട് സിറ്റിയിൽ ഉൾപ്പെടുന്ന ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, സിറ്റി സെൻട്രൽ തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ജലഗതാഗത പദ്ധതി പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.
- യന്ത്രേതര ട്രാൻസ്പോർട്ട് (Non Motorised Transport) പദ്ധതികളുടെ ഭാഗമായി മഹാരാജാസ് മെട്രോ സ്റ്റേഷൻ മുതൽ എറണാകുളം ബോട്ടു ജെട്ടിവരെയുള്ള ഹോസ്പിറ്റൽ റോഡിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.



# എല്ലാ നഗരസഭാ പ്രദേശങ്ങൾക്കും മാസ്റ്റർപ്ലാൻ

**നഗരഗ്രാമാസൂത്രണ വകുപ്പ്**

- "മാസ്റ്റർപ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ" എന്ന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കുമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്. ഒരു മാസ്റ്റർപ്ലാൻ സർക്കാർ അംഗീകരിക്കുകയും നാല് മാസ്റ്റർപ്ലാനുകൾ പ്രസിദ്ധീകരിക്കുകയും രണ്ട് മാസ്റ്റർപ്ലാനുകൾക്ക് പ്രസിദ്ധീകരണാനുമതി ലഭിക്കുകയും അഞ്ച് മാസ്റ്റർപ്ലാനുകൾ പൂർത്തിയാക്കുകയും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അംഗീകാരത്തിനായി നൽകുകയും ചെയ്തു.
- അമൃത് പദ്ധതിയിൽ ഉൾപ്പെട്ട പട്ടണങ്ങളിൽ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു.
- അംഗീകരിച്ചതും പ്രസിദ്ധീകരിച്ചതുമായ മാസ്റ്റർപ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും പൊതുജനങ്ങൾക്ക് വീക്ഷിക്കുന്നതിന് ലഭ്യമാക്കുന്നതിലേക്കായി Internet map server/ Web GIS വികസിപ്പിക്കുകയും pilot project ആയി അംഗീകൃത മലപ്പുറം മാസ്റ്റർ പ്ലാൻ ഇന്റർനെറ്റ് വഴി ലഭ്യമാക്കുന്നതിനായി തയ്യാറാക്കുകയും ചെയ്തു.
- ഗവേഷണ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി Parking Policy for Kozhikode Urban Area പൂർത്തീകരിച്ചു.
- മുഖ്യനഗരാസൂത്രകന്റെ ഓഫീസിലും നഗരഗ്രാമാസൂത്രണ വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ഫയൽ അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കി.
- കോഴിക്കോട് കോർപ്പറേഷനിൽ "Automated building Permit Application" സോഫ്റ്റ് വെയർ നിലവിൽവന്നു. ജനങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് ഓൺലൈനിൽ ലഭിക്കുന്നു. മറ്റ് എല്ലാ നഗരങ്ങളിലും Integrated building permit system നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.



# കൈനിറയെ പെൻഷൻ 16424 കോടി

- കഴിഞ്ഞ മൂന്ന വർഷങ്ങളിൽ 16424 കോടി രൂപയുടെ ക്ഷേമപെൻഷൻ അനുവദിച്ചു
- ഇതിൽ 1737 കോടി രൂപ കർഷകതൊഴിലാളി പെൻഷനായും, 8167 കോടി രൂപ വാർദ്ധക്യ പെൻഷനായും 4816കോടി രൂപ വിധവാ പെൻഷനായും 1403 കോടി രൂപ വികലാംഗ പെൻഷനായും 301 കോടി രൂപ 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷനുമായിട്ടാണ് അനുവദിച്ചത്.
- പുതുതായി 11 ലക്ഷം ഗുണഭോക്താക്കൾ.
- ആകെ ഗുണഭോക്താക്കൾ 52,15,165.
- മിനിമം പെൻഷൻ 600 ൽനിന്നും 1200 രൂപയാക്കി.
- 75 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് 1500 രൂപ പെൻഷൻ.
- 80 ശതമാനത്തിനുമുകളിൽ വൈകല്യമുള്ളവർക്ക് 1300 രൂപ.
- വികലാംഗർക്ക് വികലാംഗപെൻഷനോടൊപ്പം 600 രൂപ നിരക്കിൽ മറ്റൊരു പെൻഷൻ കൂടി.
- 21 ലക്ഷത്തിലേറെ ഗുണഭോക്താക്കൾക്ക് പെൻഷൻ വീടുകളിൽ നേരിട്ട്



*സാമൂഹ്യക്ഷേമപെൻഷൻ നേരിട്ട് ഗുണഭോക്താവിന്റെ വീട്ടിലെത്തിക്കുന്ന പരിപാടിയുടെ ഉദ്ഘാടനം മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിക്കുന്നു.*

# അമൃത് പദ്ധതിയിൽ 2357 കോടി രൂപയുടെ 10200 പ്രവൃത്തികൾ

- 2357 കോടി അടങ്കൽ വരുന്ന 10200 പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകി.
- 1000 പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിച്ചു.
- 1700 കോടി അടങ്കൽ വരുന്ന 935 പ്രവൃത്തികൾ ടെണ്ടർ ചെയ്തു.
- 1200 കോടി അടങ്കൽ വരുന്ന 850 പ്രവൃത്തികൾ ആരംഭിച്ചു.
- 35 കോടി രൂപയുടെ 95 പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചു.
- പദ്ധതി നടത്തിപ്പിലെ മികവിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം. 2016-17 ൽ 16 കോടി രൂപയും 2017-18 ൽ 15.89 കോടി രൂപയുടെ പ്രോത്സാ ഹനതുക ലഭിച്ചു.



# നിർമ്മാണ പ്രവൃത്തികൾക്ക് പുതിയ വേഗം

**ഒച്ചിഴയും വേഗത്തിലായിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശരവേഗത്തിലായി**

### റോഡുകളുടെ നിർമ്മാണം

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും 1468 കോടി രൂപ ചെലവാക്കി 14908 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡുകളുടെ പുനരുദ്ധാരണം നടത്തി.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും 884 കോടി രൂപ ചെലവാക്കി. 4762 കിലോമീറ്റർ ദൈർഘ്യമുള്ള പുതിയ ടാർ റോഡുകൾ നിർമ്മിച്ചു.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും 1084 കോടി രൂപ ചെലവാക്കി. 4865 കിലോമീറ്റർ കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചു.
- പി.എം.ജി.എസ്.വൈ 1 പദ്ധതിയിൽ 585.709 കിലോമീറ്റർ ദൈർഘ്യം വരുന്ന 209 റോഡുകളുടെ പണി പൂർത്തീകരിച്ചു.
- പി.എം.ജി.എസ്.വൈ 2 പദ്ധതിയിൽ 393.104 കിലോമീറ്റർ ദൈർഘ്യം വരുന്ന 74 റോഡുകളുടെ പണി പൂർത്തീകരിച്ചു.
- സാഗിയിൽ (സംസദ് ആദർശ് ഗ്രാമീണ യോജന) ഉൾപ്പെടുത്തി 118.451 കിലോമീറ്റർ ദൈർഘ്യമുള്ള 33 റോഡുകൾക്കായി 8784 ലക്ഷം രൂപയുടെ പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം നേടിയെടുത്തു.
- റിസർച്ച് & ഡെവലപ്മെന്റ് ഇനത്തിൽ 623.284 കിലോമീറ്റർ ദൈർഘ്യം വരുന്ന 191 റോഡുകൾക്ക് അനുമതി നേടിയെടുത്തു. ഇതിൽ 379.012 കിലോമീറ്റർ ദൈർഘ്യം വരുന്ന 113 റോഡുകൾ പൂർത്തീകരിച്ചു.
- പി.എം.ജി.എസ്.വൈ-2 പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 9.77 കോടി രൂപ അടങ്കൽ തുക വരുന്ന 2 റോഡുകൾക്കും നീളം കൂടിയ 2 പാലങ്ങൾക്കും അനുമതി നേടിയെടുത്തു. എറണാകുളം ജില്ലയിൽ 3.04 കോടി രൂപ ചെലവിട്ട് 18.75 മീറ്റർ നീളമുള്ള പാലവും നിർമ്മിക്കുകയുണ്ടായി. പാലക്കാട് ജില്ലയിൽ രണ്ട് പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് സമർപ്പിക്കുന്നതിനുള്ള അനുമതി നേടിയെടുത്തു.
- പി.എം.ജി.എസ്.വൈ പദ്ധതിയിൽ പൂർത്തിയാക്കുന്ന റോഡുകൾ 5 വർഷത്തെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചതിന് (Defect Liability Period) ശേഷം ഉള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 72.501 കിലോമീറ്റർ വരുന്ന 24 റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് സാധിച്ചു.

### മറ്റ് നിർമ്മാണങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും 137 കോടി രൂപ ചെലവാക്കി 2875 ക്ലാസ് മുറികൾ വിവിധ സ്കൂളുകളിൽ നിർമ്മിച്ചു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും 193 കോടി രൂപ ചെലവിൽ 5067 അംഗനവാടികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്തു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും 221 കോടി രൂപ ചെലവിൽ 6061 കുടിവെള്ള പദ്ധതികൾ ആരംഭിക്കുകയോ/ അറ്റകുറ്റപണികൾ നടപ്പിലാക്കുകയോ / പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്.
- എം.എൽ.എ-മാരുടെ ആസ്തിവികസന പദ്ധതി പ്രകാരം 2017-18 സാമ്പത്തികവർഷം 209.21 കോടി രൂപയും 2018-19 സാമ്പത്തികവർഷം 228.90 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഉപയോഗപ്പെടുത്തി. ☐

*(വിവരങ്ങൾക്ക് കടപ്പാട്: എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം)*



# ഇവിടെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങൾ

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം; മികവിൽ നിന്നും മികവിലേക്ക്

**നമ്മുടെ പൊതുവിദ്യാലയങ്ങളെല്ലാം മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. നടക്കുന്ന പ്രവർത്തനങ്ങളിൽ വൈവിധ്യമുണ്ടാകാം ഏറ്റക്കുറച്ചിലുകളുണ്ടാകാം. സമൂഹത്തിന്റെ വിശ്വാസ്യത നേടിയെടുക്കുവാൻ ഇന്ന് പൊതുവിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.**

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പൊതുജനമുന്നേറ്റമായി മാറിക്കഴിഞ്ഞു. 2019 ജനവരി 26 മുതൽ നടന്ന പഠനോത്സവങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് പുതിയ മാനം നൽകുകയാണ്. പൊതുവിദ്യാലയങ്ങളുടെ നന്മകൾ, പഠനമികവ് എന്നിവ പഠനത്തെളിവുകളായി പൊതുസമൂഹത്തിന്റെ മുന്നിൽ നമ്മുടെ കുട്ടികൾ അനാവരണം ചെയ്തു. കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും പഠനോത്സവങ്ങൾ മികച്ച നിലയിൽ നടന്നു. ഇതുണ്ടാക്കിയ ഉണർവ്വും ആത്മവിശ്വാസവും അടുത്ത വർഷത്തെ സ്കൂൾ പ്രവേശനത്തെ വലിയതോതിൽ സ്വാധീനിക്കുമെന്നാണ് ലഭ്യമായ സൂചനകൾ വ്യക്തമാക്കുന്നത്.

നമ്മുടെ പൊതുവിദ്യാലയങ്ങളെല്ലാം മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. നടക്കുന്ന പ്രവർത്തനങ്ങളിൽ വൈവിധ്യമുണ്ടാകാം ഏറ്റക്കുറച്ചിലുകളുണ്ടാകാം. സമൂഹത്തിന്റെ വിശ്വാസ്യത നേടിയെടുക്കുവാൻ പൊതുവിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 അക്കാദമിക വർഷങ്ങളിലായി ആകെ 3,43,377 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായി ചേർന്നു. പൊതുവിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് ഇടവരുത്തിയ പ്രവർത്തനങ്ങൾ സർക്കാർ നടപടികൾ എന്നിവ താഴെപ്പറയും വിധം ക്രോഡീകരിക്കാം.

സ്കൂളുകൾ പൂട്ടാനുള്ളതല്ല. നിലനിർത്താനും വളർത്താനുമുള്ളതാണെന്ന സന്ദേശം അടച്ചുപൂട്ടാനൊരുങ്ങിയ നാല് വിദ്യാലയങ്ങൾ ഏറ്റെടുക്കുക വഴി നൽകി. ഇത് വലിയ പ്രതീക്ഷകളാണ് ജനങ്ങൾക്ക് നൽകിയത്.

പൊതുവിദ്യാലയങ്ങളുടെ ഭൗതികസൗകര്യവികസനം മെച്ചപ്പെടുത്തുക എന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ഊന്നൽ മേഖലയാണ്. വിവിധ ഏജൻസികൾ വഴിയുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഈ പ്രവർത്തനം നടക്കുന്നത്. ആദ്യഘട്ടമായി 1500ലധികം വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടക്കുന്നു.

**കിഫ്ബി സഹായത്തോടെ**

- 141 വിദ്യാലയങ്ങൾക്ക് 5 കോടി വീതം
- 395 വിദ്യാലയങ്ങൾക്ക് 3 കോടി വീതം
- 444 വിദ്യാലയങ്ങൾക്ക് 1 കോടി വീതം
- പദ്ധതി വിഹിതത്തിലൂടെ 473 വിദ്യാലയങ്ങൾക്ക് കെട്ടിടങ്ങൾ
- നബാർഡ് സ്കീമിൽ 52 വിദ്യാലയങ്ങൾക്ക് 104 കോടി
- എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ട്

കെട്ടിടങ്ങളുടെ പണി പൂർത്തിയായി വരുന്നു. ഉദ്ഘാടനങ്ങൾ ആരംഭിച്ചു. അനേകം വിദ്യാലയങ്ങൾ സ്കൂൾ തുറക്കും മുൻപ് ഉദ്ഘാടന സജ്ജമാകും.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മറ്റൊരു ഊന്നൽ മേഖല വിദ്യാലയങ്ങളും ക്ലാസ്സ് മുറികളും സാങ്കേതികവി





ദ്യാസൗഹൃദമാക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള 45000 ക്ലാസ്സ്മുറികൾ ഹൈടെക്കാക്കി. കൂടാതെ

- 59,772 ലാപ്ടോപ്പുകൾ
- 43422 മൾട്ടിമീഡിയ പ്രോജക്റ്ററുകൾ
- 13798 ബ്രോഡ്ബാന്റ് കണക്ഷനുകൾ
- 4578 DSLR ക്യാമറകൾ
- 4206 ടെലിവിഷനുകൾ
- 4576 വെബ്ക്യാമറകൾ എന്നിവ സ്കൂളുകൾക്ക് നൽകി.
- പ്രൈമറി വിദ്യാലയങ്ങളും ഈ അധ്യയന വർഷത്തോടെ ഹൈടെക് ആയി മാറും.

## അക്കാദമിക പ്രവർത്തനങ്ങൾ

അക്കാദമിക മികവാണ് വിദ്യാലയ മികവ്. അതുകൊണ്ട് തന്നെ അക്കാദമിക രംഗത്തു നടക്കുന്ന പ്രവർത്തനങ്ങൾക്കാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഏറ്റവും പ്രധാനമായ ഊന്നൽ നൽകുന്നത്. സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സ്വയം സജ്ജമാക്കൽ പ്രവർത്തനം എന്ന നിലയിൽ എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാനും അതനുസരിച്ചുള്ള പ്രവർത്തന പദ്ധതികളും നടപ്പാക്കുകയുണ്ടായി. അതനുസരിച്ച് നടക്കുന്ന ചില പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

- ശ്രദ്ധ: പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായുള്ള പൊതു പ്ലാറ്റ്ഫോം

കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിന് ചുവടെപ്പറയുന്ന പദ്ധതികൾ കുറേയേറെ ഫലം കണ്ടിട്ടുണ്ട്.

- മലയാളത്തിളക്കം : 2 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ മാതൃഭാഷയിൽ കഴിവു വളർത്തുന്നതിനായി ഈ പദ്ധതി സഹായകരമായി.
- ഹലോ ഇംഗ്ലീഷ്: പ്രൈമറി തലത്തിൽ ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷാ വിനിമയത്തിനുള്ള കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ പദ്ധതി.
- സുരീലി ഹിന്ദി : ഹിന്ദി ഭാഷാശേഷി വികസിപ്പിക്കാൻ സഹായകമായി.
- മികവിൽ നിന്നും മികവിലേക്ക് എന്ന ലക്ഷ്യം വച്ചുകൊണ്ട്- ഗണിത പഠനം ആഹ്ലാദകരമാക്കാൻ സഹായകമാകും വിധമുള്ള ഗണിതലാബ്, ശാസ്ത്രപഠനത്തിൽ മിടുക്കരായവർക്ക് കൂടുതൽ ഉയരങ്ങളിലേക്ക് വളരാൻ ലിറ്റിൽ സയന്റിസ്റ്റ്, ഗണിതത്തിനായി ലിറ്റിൽ മാത്തമറ്റീഷൻസ്.
- ഗണിത വിജയം : 3, 4 ക്ലാസ്സുകളിലെ ഗണിത ബോധന ശേഷികൾ വർദ്ധിപ്പിക്കുന്നതിനായി ഈ പദ്ധതി പ്രയോജനപ്പെട്ടു.
- ഭൗമം : ഭൂമിയെ അറിയൽ പദ്ധതി
- വായനയുടെ വസന്തം : കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കാൻ സഹാ



യകമായ പദ്ധതി.

- ടാലന്റ് ലാബ് : കുട്ടികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണിത്. ഓരോ കുട്ടിയുടെയും പ്രതിഭയെ കണ്ടെത്താനും അത് വളർത്താനും വികസിപ്പിക്കാനും ഉള്ള ഇടങ്ങളാണ് ടാലന്റ് ലാബ്.

സാമൂഹികമായി പ്രശ്നങ്ങൾ നേരിടുന്ന ഇടങ്ങളിൽ കുട്ടികളുടെ പഠനത്തെ ശ്രദ്ധിക്കാൻ വിവിധങ്ങളായ പദ്ധതികൾക്ക് രൂപം നൽകി.

- ഊരുവിദ്യാകേന്ദ്രങ്ങൾ: പാർശ്വവൽകൃത ഗോത്രജനവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന വയനാട് ജില്ലയിൽ വിജയകരമായി നടപ്പാക്കി.
- പഠന വീടുകൾ : കുട്ടികൾക്ക് സ്കൂൾ സമയത്തിനു ശേഷം ഒരുമിച്ച് പഠിക്കാനുള്ള സംവിധാനം.

ഉൾച്ചേരൽ വിദ്യാഭ്യാസം മെച്ചപ്പെട്ട നിലയിൽ ആസൂത്രണം ചെയ്തു. ഇതിന്റെ ഭാഗമായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം , അക്കാദമിക അനുരൂപീകരണം, തെറാപ്പികൾ, സായന്തന വേദികൾ എന്നിവയൊക്കെ വൈവിധ്യമാർന്ന പദ്ധതികളായിരുന്നു. ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഡിജിറ്റൽ പാഠപുസ്തകങ്ങൾ വികസിപ്പിച്ചു. ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകളിൽ ഇംഗ്ലീഷ്, ഹ്യൂമാനിറ്റീസ് പഠനം മെച്ചപ്പെടുത്താൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഹയർസെക്കന്ററി അധ്യാപക പരിശീലനം കൂടുതൽ മെച്ചപ്പെടുത്തി. അധ്യാപക പരിവർത്തന പദ്ധതി എന്ന നിലയിൽ ആവിഷ്കരിച്ച പദ്ധതി അധ്യാപക സമൂഹം വലിയ തോതിൽ സ്വീകരിച്ചു. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചാണ് ഈ പരിശീലനം. 1600 അധ്യാപകർക്ക് ആദ്യഘട്ടം എന്ന നിലയിൽ പരിശീലനം നൽകി. ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ മലയാളത്തിലും ലഭ്യമാക്കി.

66 സ്കൂളുകളിൽ തൊഴിൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്രൊഫഷണൽ സ്കിൽ ക്വാളിഫൈയിങ് ഫ്രെയിം വർക്ക് നടപ്പാക്കി. 14 ഹയർസെക്കന്ററി സ്കൂളുകളെ ക്രോഡീകരിച്ച് സ്കൂൾ ശാക്തീകരണ പരിപാടി നടത്തി.

- സിതാർ - കുട്ടികളുടെ സർഗ്ഗശേഷികൾ കണ്ടെത്തി പ്രസ്തുത മേഖലയിൽ വിദഗ്ധ പരിശീലനം. ഹയർസെക്കന്ററി കുട്ടികളാണ് ഈ പ്രവർത്തനത്തിന്റെ പരിധിയിൽ വരിക.
- കരുത്ത് - പെൺകുട്ടികൾക്കുള്ള ആയോധന പരിശീലനം.
- ദിശ – ഹയർസെക്കന്ററി പഠന ശേഷം ഭാവി ആസൂത്രണത്തിനായി സാധ്യതകൾ കുട്ടികളെ പരിചയപ്പെടുത്തുന്നതിനുള്ള പദ്ധതി.
- വേനലവധിക്ക് മുൻപ് തന്നെ അടുത്ത വർഷത്തെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ ആരംഭിച്ചു. ഉച്ചഭക്ഷണം വിഭവ സമൃദ്ധമാക്കി മാറ്റി.
- ജൈവവൈവിധ്യ ഉദ്യാനം: പ്രകൃതി ആണ് ഏറ്റവും നല്ല പാഠപുസ്തകമെന്ന് പ്രവർത്തനത്തിലൂടെ ഉൾക്കൊള്ളാൻ സഹായകമായി സ്കൂളുകളിൽ ഉണ്ടാക്കുന്ന ജൈവവൈവിധ്യ ഉദ്യാനങ്ങൾ.




2019 ജനുവരി 26 മുതൽ ആരംഭിച്ച് ജൂൺ 3ന് സ്കൂൾ തുറക്കുന്ന ദിനം നടക്കുന്ന പ്രവേശനോത്സവം വരെ നീണ്ടുനിൽക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായതായിരുന്നു പഠനോത്സവങ്ങൾ. മികവിന്റെ വർഷത്തിൽ സ്കൂളുകൾ വികസിപ്പിച്ച അക്കാദമിക മാസ്റ്റർപ്ലാനും അതടിസ്ഥാനമാക്കി തയ്യാറാക്കിയ പ്രവർത്തന പദ്ധതികളും എത്രമാത്രം പ്രായോഗികമായി മാറി എന്ന് ജനങ്ങളുടെ മുന്നിൽ പഠനത്തെളിവുകൾ സഹിതം കുട്ടികൾ അവതരിപ്പിച്ചു. കേരളത്തിലെ ഏതാണ്ടെല്ലാ പൊതുവിദ്യാലയങ്ങളിലും മികച്ച നിലയിൽ പഠനോത്സവങ്ങൾ നടന്നു. വലിയ തോതിലുള്ള സമൂഹ പങ്കാളിത്തം ഇതിലുണ്ടായി. പൊതുവിദ്യാലയങ്ങളിലെ മികവ് സമൂഹത്തിന് നേരിട്ട് അനുഭവവേദ്യമാകുന്ന വേദികളായിരുന്നു പഠനോത്സവങ്ങൾ.

2019-20 വർഷത്തേക്കുള്ള സ്കൂൾ എൻറോൾമെന്റിനെയും പഠനോത്സവങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയയ്ക്കാൻ രക്ഷിതാക്കൾക്ക് വർദ്ധിതമായ താൽപര്യം കാണുന്നു. നമ്മുടെ കുട്ടികളെ വീടിനടുത്തുള്ള വിദ്യാലയങ്ങളിൽ ചേർക്കാൻ സമൂഹം തയ്യാറാവേണ്ടതുണ്ട്. വീടിനടുത്ത വിദ്യാലയങ്ങളെ എല്ലാ തലത്തിലും അഭിവൃദ്ധിപ്പെടുത്താനുള്ള കടമ അവിടുത്തെ സമൂഹത്തിന്റേതും കൂടിയാണ്. അങ്ങിനെ വന്നാൽ ചില സ്കൂളുകൾ ക്രമാതീതമായി വളരുകയും ഒരുപാടെണ്ണം തളരുകയും ചെയ്തുവന്നിരുന്ന അവസ്ഥ മാറ്റിമറിക്കാൻ കഴിയും. ചെറിയ പ്രായത്തിൽ കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന പരിഗണനയും അംഗീകാരവും ലഭിക്കണം. വീട്ടുകാരും സ്കൂളും തമ്മിൽ അടുത്ത ബന്ധം ഉണ്ടാകണം. ഇതെല്ലാം കുട്ടികളുടെ വളർച്ചയെയും സ്വഭാവരൂപീകരണത്തെയും സ്വാധീനിക്കും. അതുകൊണ്ടാണ് കുട്ടികളെ വീടിനടുത്തുള്ള പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതാണ് ഉത്തമം എന്ന് സൂചിപ്പിക്കുന്നത്. അങ്ങിനെയെങ്കിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ എണ്ണം ഗണ്യമായി കുറക്കാൻ കഴിയും. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ തൽപരരായ സമൂഹത്തിന്റെയും നേതൃത്വത്തിൽ ഈ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. ☐

*വിവരങ്ങൾക്ക് കടപ്പാട്: സി.ഇ.ഒ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം)*



# ആശുപത്രികൾ രോഗീസൗഹൃദം

**ഒരു ഡോക്ടറും സ്റ്റാഫ് നേഴ്സുമായി ലാബ് സൗകര്യങ്ങളില്ലാതെ പ്രവർത്തിച്ചു വന്നിരുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഇന്നിപ്പോൾ മൂന്ന് ഡോക്ടറുടെയും നാല് സ്റ്റാഫ് നേഴ്സിന്റേയും രണ്ട് ഫാർമസിസ്റ്റിന്റെയും ഒരു ലാബ് ടെക് നീഷ്യന്റെയും സേവനങ്ങളോടെ വൈകിട്ട് ആറുമണി വരെ പ്രവർത്തിച്ചു വരികയാണ്.**

നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി ആരോഗ്യ രംഗത്ത് ആർദ്രം മിഷന്റെ വരവോടെ തികഞ്ഞ ദിശാബോധത്തോടെയുള്ള പ്രവർത്തന പരിപാടിക്ക് കളമൊരുങ്ങുകയായി. ഏറെക്കാലമായി ജനങ്ങൾ ആഗ്രഹിച്ച രീതിയിൽ ആരോഗ്യരംഗത്തെ രോഗീസൗഹൃദവും ജനസൗഹൃദവുമാക്കാനുള്ള പ്രവർത്തനങ്ങളുമായി ആർദ്രം മിഷൻ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഏതൊരു നാട്ടിലെയും ആരോഗ്യമേഖലയുടെ നട്ടെല്ലായ പ്രാഥമിക ആരോഗ്യസംവിധാനങ്ങളെ ശക്തിപ്പെടുത്താനുള്ള കുടുംബാരോഗ്യ പരിപാടി, താലൂക്ക് - ജില്ലാതല ആശുപത്രികളെ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങളോടെ ശക്തിപ്പെടുത്തി സ്റ്റാന്റർഡൈഡ്സ് ചെയ്യൽ, ഗവൺമെന്റ് മെഡിക്കൽ കോളേജുകളും ജില്ലാ ആശുപത്രികളുമടക്കമുള്ള സ്ഥാപനങ്ങളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കൽ, എല്ലാ ആരോഗ്യസംവിധാനങ്ങളിലും മാർഗ്ഗരേഖകളും പ്രോട്ടോകോളുകളും അടിസ്ഥാനമാക്കി ചികിത്സ ക്രമീകരി ക്കൽ, ആദിവാസി മേഖലയും നഗരപ്രദേശങ്ങളിലെ പിന്നോക്ക മേഖലകളും കേന്ദ്രീകരിച്ചുള്ള പ്രത്യേക ആരോഗ്യപരിചരണ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഈ മിഷന്റെ പ്രവർത്തനപരിപാടികളാണ്.

### മാറുന്ന പ്രാഥമിക ആരോഗ്യരംഗവും കുടുംബാരോഗ്യകേന്ദ്രങ്ങളും

രോഗപരിശോധന, ചികിത്സ എന്നതിനപ്പുറം ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾ, രോഗപ്രതിരോധം, ചികിത്സ, റീഹാബിലിറ്റേഷൻ, പാലിയേറ്റീവ് പരിചരണം എന്നിങ്ങനെ സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണത്തിന്റെ എല്ലാ ഘടകങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ സജ്ജീകരിച്ചു വരുന്നത്. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിലും മട്ടിലും പ്രവർത്തനങ്ങളിലും വന്ന മാറ്റം ഇതിനകം കേരളത്തിൽ ചർച്ചയായി കഴിഞ്ഞല്ലോ. ചിട്ടയായ രീതിയിലുള്ള രജിസ്ട്രേഷൻ സൗകര്യം, മാന്യമായ കാത്തിരിപ്പ് സ്ഥലം, വൃത്തിയുള്ള ഇരിപ്പിടങ്ങൾ, കുടിവെള്ള, ടോയ്ലറ്റ് സൗകര്യങ്ങൾ (ഭിന്നശേഷിക്കാർക്കുൾപ്പെടെ), ടോക്കൺ സംവിധാനങ്ങൾ, നേഴ്സുമാർ വഴിയുള്ള പ്രീ ചെക്കപ്പ്, സ്വകാര്യതയുള്ള പരിശോധനാ മുറികൾ, മാർഗ്ഗരേഖകൾ അടിസ്ഥാനമാക്കിയുള്ള ചികിത്സ, ലാബ് സൗകര്യങ്ങൾ, ജീവിതശൈലിരോഗക്ലിനിക്കുകൾ, ആത്മ/ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള പ്രത്യേക പരിശോധനാ സംവിധാനങ്ങളോടെയുള്ള 'ശ്വാസ് ക്ലിനിക്ക്',

മാനസികരോഗ പരിചരണത്തിനുള്ള 'ആശ്വാസം ക്ലിനിക്ക്' തുടങ്ങിയവ വഴി വലിയൊരു മാറ്റം ഈ രംഗത്ത് സംജാതമായിരിക്കുകയാണ്. ഒരു ഡോക്ടറും സ്റ്റാഫ്നേഴ്സുമായി ലാബ്സൗകര്യങ്ങളില്ലാതെ പ്രവർത്തിച്ച് വന്നിരുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഇന്നിപ്പോൾ മൂന്ന് ഡോക്ടറുടെയും നാല് സ്റ്റാഫ്നേഴ്സിന്റേയും രണ്ട് ഫാർമസിസ്റ്റിന്റെയും ഒരു ലാബ്ടെക്നീഷ്യന്റെയും സേവനങ്ങളോടെ വൈകിട്ട് ആറുമണി വരെ പ്രവർത്തിച്ച് വരികയാണ്.

ആരോഗ്യവകുപ്പിന്റെയും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വലിയ തോതിലുള്ള ബഹുജനപങ്കാളിത്തത്തോടെയും വിവിധ ഏജൻസികൾ, MP/MLA പ്രാദേശിക വികസന ഫണ്ട്, പ്രാദേശിക വിഭവസമാഹരണം തുടങ്ങിയവ വഴിയുമാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ആകർഷകമായ ലാന്റ്സ്കേപ്പിങ്ങും പൂന്തോട്ടങ്ങളും ഭംഗിയുള്ള ഗേറ്റും മതിലും അങ്കണവുമൊക്കെ ഈ സ്ഥാപനങ്ങളിലെ സാധാരണ കാഴ്ചയായി മാറിയിരിക്കുന്നു. ശിശു സൗഹൃദവും വനിതാ ഭിന്നശേഷിസൗഹൃദവുമാക്കാനുള്ള നടപടികളും മിക്കയിടങ്ങളിലും നടന്നുകഴിഞ്ഞു. കുട്ടികൾക്കുള്ള കളിയിടങ്ങൾ, മുലയൂട്ടൽ മുറി, ഭിന്നശേഷി സൗഹൃദടോയ്‌ലറ്റുകൾ തുടങ്ങിയവയും ഈ കേന്ദ്രങ്ങളിൽ ഇന്ന് അസാധാരണമല്ല. പലയിടങ്ങളിലും ആരോഗ്യവർദ്ധക പ്രവർത്തന ങ്ങളും വ്യായാമം പ്രോത്സാഹിപ്പിക്കാ നുമുള്ള നടപ്പാതകൾ, ജിംനേഷ്യം, യോഗാഹാളുകൾ തുടങ്ങിയവയും സജ്ജീകരിക്കപ്പെട്ടിട്ടുണ്ട്.



കുടുംബാരോഗ്യ കേന്ദ്രത്തിലൊതുങ്ങുന്നതല്ല സമഗ്രപ്രാഥമിക ആരോഗ്യ പരിചരണങ്ങൾ. ഉപകേന്ദ്രങ്ങളും ഫീൽഡുതല പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിക്കൊണ്ട് ആരോഗ്യ വർദ്ധക - രോഗപ്രതിരോധ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുത്തി വരികയാണ്. രോഗചികിത്സ ഉറപ്പുവരുത്താനും റീഹാബിലിറ്റേറ്റിവ് -പാലിയേറ്റീവ് പരിചരണങ്ങൾ താഴെതട്ടിൽ ഏകോപിപ്പിച്ച് ശക്തിപ്പെടുത്തി സേവനങ്ങൾ എല്ലാപേർക്കും ലഭ്യമാക്കാനുമുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുകയാണ്. ഓരോ കുടുംബത്തിലെയും എല്ലാ പേർക്കും പ്രായത്തിനും ആരോഗ്യാവസ്ഥകൾക്കും രോഗസ്ഥിതിക്കും അനുസരിച്ച് ഈ സേവനങ്ങളെല്ലാം ലഭ്യമാക്കാനുള്ള വിപുലമായ പ്രവർത്തനങ്ങളാണ് ഫീൽഡുതലത്തിൽ നടന്നുവരുന്നത്.

ആരോഗ്യ പ്രവർത്തകർക്കൊപ്പം ആശ, കുടുംബശ്രീ വോളണ്ടിയർ, അംഗൻവാടി പ്രവർത്തകർ തുടങ്ങിയ സന്നദ്ധ ആരോഗ്യ പ്രവർത്തകരെയും പങ്കാളികളാക്കിക്കൊണ്ടാണ് ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യസേന എന്ന പേരിൽ 15-20 വീടുകൾക്ക് ഒരു സന്നദ്ധ ആരോഗ്യ പ്രവർത്തകനും കൂടി പരിശീലനം നൽകി ഈ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളുമായി ചേർന്ന്, ഓരോ വാർഡിനും ഓരോ പഞ്ചാ

## അംഗീകാരങ്ങളുടെ നിറവിൽ

**ഗവൺമെന്റ് ആശുപത്രികളും മറ്റ് ആരോഗ്യ സ്ഥാപനങ്ങളും ദേശീയ ക്വാളിറ്റി സ്റ്റാന്റേർഡ്സിന്റെ അംഗീകാരങ്ങൾ നേടി മുന്നേറുന്നു**

- ജനറൽ / ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, സി.എച്ച്.സി, പി.എച്ച്.സി, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി 23 ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സിന്റെ (NQAS) അംഗീകാരം.
- മൂന്ന് ഗവൺമെന്റ് ആശുപത്രികൾ/ സി.എച്ച്.സികൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് (NABH) അംഗീകാരം.
- 62 ഗവൺമെന്റ് ആരോഗ്യസ്ഥാപനങ്ങൾക്ക് കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് (KASH)
- ദേശീയ തലത്തിൽ ഏറ്റവും ഉയർന്ന മാർക്ക് (ഒന്നു മുതൽ അഞ്ചുവരെയുള്ള സ്ഥാനങ്ങൾ) ലഭിച്ച PHC/FHC കൾ കേരളത്തിൽ.

## ആരോഗ്യരംഗത്തെ
# പുതുസംരംഭങ്ങൾ

- മാതൃമരണ നിരക്കും ശിശു മരണ നിരക്കും കുറയ്ക്കാനുള്ള പ്രത്യേക പ്രവർത്തനങ്ങൾ.
- നവജാത ശിശുക്കളിലെ ഹൃദ്രോഗം നേരത്തെ കണ്ടെത്തി സ്വകാര്യമേഖലയുടെ കൂടി പങ്കാളിത്തത്തോടെ ശസ്ത്രക്രിയ ചെയ്ത് ശരിയാക്കുന്ന 'ഹൃദ്യം' പരിപാടി.
- നവജാത ശിശുക്കളിൽ ജന്മനാ ഉണ്ടാകുന്ന ഹൈപ്പോതൈറോയിഡിസം അടക്കമുള്ള "മെറ്റബോളിക്" രോഗങ്ങൾ കണ്ടെത്തി ചികിത്സ നൽകുന്ന ന്യൂബോൺ സ്ക്രീനിങ്ങ് പ്രോഗ്രാം പ്രസവം നടക്കുന്ന എല്ലാ ഗവൺമെന്റ് ആശുപത്രികളിലും.
- മന്തുരോഗനിവാരണം, കുഷ്ഠരോഗനിർമ്മാർജ്ജനം, ക്ഷയരോഗനിർമ്മാർജ്ജനം, തദ്ദേശമലമ്പനി നിർമ്മാർജ്ജനം തുടങ്ങിയവയ്ക്കുള്ള പ്രത്യേക പ്രവർത്തനങ്ങൾ.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ മാനസികാരോഗ്യപരിചരണത്തിനുള്ള ആശ്വാസം ക്ലിനിക്കിനോടൊപ്പം ഫീൽഡുതലത്തിൽ മാനസികാരോഗമുള്ളവരെയും മരുന്ന് തുടർച്ചയായി കഴിക്കാത്തവരെയും കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്ന 'സമ്പൂർണ്ണ മാനസിക ആരോഗ്യം' പരിപാടി.
- ഗർഭിണികളുടെ മാനസികാരോഗ്യത്തി



യത്തിനും നഗരസഭയ്ക്കും വ്യക്തമായ ഒരു ആരോഗ്യ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്ത് നടപ്പിലാക്കുന്ന പ്രവർത്തന രീതിയാണ് തുടർന്നുവരുന്നത്.


ആദ്യ വർഷത്തേക്ക് തെരഞ്ഞെടുത്ത 170 ൽ 159 എണ്ണവും ഇത്തരത്തിൽ പ്രവർത്തന സജ്ജമായികഴിഞ്ഞു. വെള്ളപ്പൊക്കക്കെടുതിയിൽ ഉൾപ്പെട്ടതും മറ്റ് കാരണങ്ങൾ കൊണ്ട് പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമുള്ള 11 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്. രണ്ടാം വർഷത്തേക്ക് തെരഞ്ഞെടുത്ത 504 കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വെള്ളപ്പൊക്കവും അതേതുടർന്നുണ്ടായ ബുദ്ധിമുട്ടുകളും കാരണം നീണ്ടുപോവുകയുണ്ടായി. ഇതിൽ 324 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കുടുംബാരോഗ്യകേന്ദ്രങ്ങളിലേക്ക് മാത്രമായി ആരോഗ്യവകുപ്പിൽ ഡോക്ടർമാരുടെയും സ്റ്റാഫ്നെഴ്സിന്റെയും ലാബ്ടെക്നീഷ്യന്റെയും ഫാർമസിസ്റ്റിന്റെയുമടക്കം 830 തസ്തികകൾ ആദ്യവർഷം തന്നെ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. അതോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾക്ക്, അവയുടെ തനത് ഫണ്ടോ പ്ലാൻ ഫണ്ടോ വഴി ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും താല്ക്കാലികമായി നിയമിക്കാനുള്ള അനുമതി നൽകുക വഴി പലയിടങ്ങളിലും ഇത്തരത്തിൽ സ്റ്റാഫിനെ നിയമിച്ച് മനുഷ്യവിഭവശേഷി ശക്തിപ്പെടുത്തുകയുണ്ടായി. പുതുതായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ സ്ഥാപനങ്ങളും ഇത്തരത്തിൽ സ്റ്റാഫിനെ നിയമിച്ച് പ്രവർത്തനം തുടങ്ങിയെന്നതും ആഹ്ലാദകരമായ കാര്യമാണ്.

### ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കലും സ്റ്റാന്റർഡൈസേഷനും

ആയിരക്കണക്കിന് രോഗികൾ നിത്യേന ചികിത്സയ്ക്ക് എത്തുന്ന ഗവൺമെന്റ് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ആശുപത്രികളിലെ ഒ.പി വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കാനുള്ള പ്രവർത്തങ്ങൾ പൂർത്തീകരിച്ചു.

- ബുക്കിംഗ് / രജിസ്ട്രേഷൻ സൗകര്യങ്ങൾ
- കാത്തിരിപ്പ് മുറികൾ, സൈനേജുകൾ
- കുടിവെള്ള, ടോയ്ലറ്റ് സൗകര്യങ്ങൾ
- ഡിസ്പ്ലേ ബോർഡുകൾ
- ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിലെ തിക്കും തിരക്കും കുറയ്ക്കുന്നതിനും രോഗികൾക്കും കൂടെ വരുന്നവർക്കും സൗകര്യപ്രദവുമായ രീതിയിലുള്ള മാറ്റങ്ങൾ.
- താലൂക്ക് ജില്ലാതല ആശുപത്രികളിലെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഇവിടങ്ങളിലേക്ക് ഡോക്ടർമാരുടെയും വിവിധ വിഭാഗം പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ.
- ആർദ്രം മിഷന്റെ ആദ്യവർഷം തന്നെ





നുള്ള 'അമ്മ മനസ്സ്'.

- മദ്യപാനത്തിന് അടിമപ്പെട്ടവരെ അതിൽ നിന്ന് മുക്തരാക്കാനുള്ള 'വിമുക്തി' ഡീ അഡിക്ഷൻ സെന്ററുകൾ.
- രോഗം മാറിയവരുടെ പരിചരണത്തിനുള്ള 'ഡേ കെയർ സെന്ററുകൾ.'
- ആരോഗ്യ സ്ഥാപനങ്ങളിലെ പ്രത്യേക ജീവിതശൈലിരോഗ ക്ലിനിക്കുകൾ
- ജില്ലാതല ആശുപത്രികളിൽ ക്യാൻസർ ചികിത്സ, കിമോതെറാപ്പി സെന്ററുകൾ.
- സ്ട്രോക്ക് ചികിത്സയ്ക്കുള്ള സ്ട്രോക്ക് ക്ലിനിക്കുകൾ.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ റെറ്റിനോപ്പതി സ്ക്രീനിങ്ങ് പ്രോഗ്രാം, പ്രമേഹരോഗികൾക്ക് ഫൂട്ട് കെയർ.
- കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലേക്ക് കൂടി സെക്കന്ററി പാലിയേറ്റീവ് പരിചരണം . ഇതിനായി ഇവിടങ്ങളിൽ പുതുതായി ഒരു സ്റ്റാഫ് നേഴ്സിനെയും ഫിസിയോ തെറാപ്പിസ്റ്റിനെയും നിയമിച്ചു.
- രക്തസമ്മർദ്ദ, പ്രമേഹ രോഗങ്ങളുടെ സ്ക്രീനിങ്ങും മുടങ്ങാതെയുള്ള മരുന്നു കഴിക്കലും ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങൾ അടങ്ങുന്ന ഇന്ത്യാ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ് പ്രോഗ്രാം എല്ലാ ജില്ലകളിലും.
- മഴക്കാലപൂർവ്വ തയ്യാറെടുപ്പുകൾക്കായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ആരോഗ്യജാഗ്രതാപരിപാടി.
- നിപ്പ നിയന്ത്രണ പ്രവർത്തനങ്ങളും പ്രളയത്തെ തുടർന്നുള്ള പകർച്ചവ്യാധി പ്രതിരോധ, വ്യാപന നിയന്ത്രണവും.
- രോഗപര്യവേഷണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി ഇന്ത്യാ ഗവൺമെന്റും ലോകാരോഗ്യസംഘടനയുമായി ചേർന്ന് ഇന്റഗ്രേറ്റഡ് ഹെൽത്ത് ഇൻഫർമേഷൻ പ്ലാറ്റ്ഫോം.

ഡോക്ടർമാരുടെ 266 തസ്തികകളും സ്റ്റാഫ് നഴ്സിന്റെ 197 ഉം ലാബ്ടെക്നീഷ്യന്റെ 84 തസ്തികകളുമടക്കം ആകെ 891 തസ്തികകൾ


- ഗവൺമെന്റ് ആശുപത്രികൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി 3000 കോടിയിലധികം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ.
- ജില്ലാ താലൂക്ക് ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി 44 ഡയാലിസിസ്സ് യൂണിറ്റുകൾ. ഇതിൽ 38 എണ്ണം പ്രവർത്തനസജ്ജം.
- കാത്ത് ലാബ് ഡയാലിസിസ്സ് യൂണിറ്റ് പ്രോഗ്രാമിൽ മെഡിക്കൽ കോളേജുകളിൽ രണ്ടും ജില്ലാതല ആശുപത്രികളിൽ എട്ടും കാത്ത്ലാബുകൾ. ഇതിൽ രണ്ട് മെഡിക്കൽ കോളേജുകളിലെയും പത്തനംതിട്ട, കൊല്ലം ജനറൽ/ജില്ലാ ആശുപത്രികളിലെയും സേവനങ്ങൾ ലഭ്യമാക്കിത്തുടങ്ങി. പാലക്കാട് ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലും കാത്ത് ലാബുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരികയാണ്. ☐

*(വിവരങ്ങൾക്ക് കടപ്പാട് : സ്റ്റേറ്റ് നോഡൽ ഓഫീസർ, ആർദ്രം മിഷൻ )*

# ഇ ഹെൽത്ത്

## എല്ലാവരുടെയും ആരോഗ്യവിവരങ്ങൾ ഇനി ഡിജിറ്റൽ രേഖ

- ഇ-ഹെൽത്ത് പ്രോഗ്രാം നിർവ്വഹണഘട്ടത്തിലേക്ക്
- തെരഞ്ഞെടുത്ത തിരുവനന്തപുരം ജില്ലയിലെ 16 കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും മറ്റ് ആരോഗ്യസ്ഥാപനങ്ങളിലെയും ഒ.പി സംവിധാനങ്ങൾ ഇ-ഹെൽത്ത് പ്ലാറ്റ്ഫോമിലേക്ക്.
- തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എല്ലാ വകുപ്പുകളിലും പ്രാവർത്തികമാക്കി.
- കേരളത്തിലെ 2.9 കോടി ജനങ്ങളുടെ ഇ-ഹെൽത്ത് രജിസ്ട്രേഷൻ പൂർത്തിയായി.
- ആരോഗ്യവകുപ്പിലെ ജീവനക്കാർക്ക് ആരോഗ്യസ്ഥാപനങ്ങളെയും പ്രവർത്തനങ്ങളെയും രോഗീസൗഹൃദവും ജനസൗഹൃദവുമാക്കാനുള്ള വിപുലമായ പരിശീലനപരിപാടി.



# കില ന്യൂസ്

## മാലിന്യമുക്തപരിസരം

# 20 ലക്ഷം കുട്ടികളെ സജ്ജരാക്കുന്നു

ആരോഗ്യരക്ഷയ്ക്കു മാലിന്യമുക്ത പരിസരം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 20 ലക്ഷം സ്കൂൾകുട്ടികൾക്കു പരിശീലനം നൽകുന്ന ബൃഹദ്പദ്ധതിക്കു തുടക്കം. ഹരിതകേരളം മിഷൻ, കുടുംബശ്രീമിഷൻ, ആരോഗ്യവകുപ്പ്, കില, ശുചിത്വമിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ മധ്യവേനലവധിക്കാലത്ത് പെൻസിൽ എന്ന പേരിൽ ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചാണ് ഈ ലക്ഷ്യം കൈവരിക്കുന്നത്. കഴിഞ്ഞ വർഷത്തെ അവധിക്കാലത്ത് നടത്തിയ ജാഗ്രതോത്സവത്തിന്റെതുടർച്ചയായാണ് പെൻസിൽ ക്യാമ്പ് വിഭാവനം ചെയ്തിട്ടുള്ളത്. മാലിന്യത്തിന്റെ അളവു കുറയ്ക്കാനും പരിസ്ഥിതി സൗഹൃദ വസ്തുക്കൾ കൂടുതലായി ഉപയോഗിക്കുന്ന ശീലം വളർത്തിയെടുക്കുകയുമാണ് പെൻസിൽ ക്യാമ്പിന്റെ പ്രധാന ലക്ഷ്യം.

മാലിന്യം തരംതിരിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും കുട്ടികളുടെ അനുഭവമാക്കി മാറ്റുക, പാഴ്‌വസ്തുക്കൾ മാലിന്യമായി മാറ്റുന്ന സാഹചര്യം സംബന്ധിച്ച് അവബോധമുണ്ടാക്കുക, മാലിന്യങ്ങളുടെ അളവുകുറയ്ക്കുക, പുനരുപയോഗസാധ്യതകൾ പ്രയോജനപ്പെടുത്തുക, മാലിന്യവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളെയും അവയ്ക്കു ലഭിക്കാവുന്ന ശിക്ഷയെയും കുറിച്ച് കുട്ടികളിൽ ധാരണവളർത്തുക, നിയമലംഘനത്തിനെതിരെ പ്രതിരോധിക്കാനുള്ള ശേഷി വളർത്തുക, പരിസ്ഥിതിസൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്ന ശീലമുണ്ടാക്കുക തുടങ്ങിയവയാണ് ക്യാമ്പിന്റെ മറ്റു ലക്ഷ്യങ്ങൾ. ഒരു വാർഡിൽ നിന്ന് 50 വീതം കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കുക. 7,8,9 ക്ലാസ്സുകളിൽ പഠിക്കുന്നവരാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്.



*കുട്ടികളുടെ അവധിക്കാല പെൻസിൽ ക്യാമ്പിന്റെ മുന്നോടിയായി റിസോഴ്സ് പേഴ്സൺമാർക്കു കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടി.*

ക്യാമ്പിന്റെ മുന്നോടിയായുള്ള ജില്ലാതല റിസോഴ്സ് പേഴ്സന്മാരുടെ ദ്വിദിന പരിശീലന പരിപാടി കിലയിലും മറ്റു ജില്ലാ കേന്ദ്രങ്ങളിലും തുടങ്ങി. ഹരിതകേരളം മിഷൻ, കുടുംബശ്രീ ജില്ലാ മിഷൻ, കില, ജനകീയാസൂത്രണം ജില്ലാ കോർഡിനേറ്റർമാർ, ആർ.ജി.എസ്.എ ജില്ലാ കോർഡിനേറ്റർമാർ എന്നിവരാണ് ജില്ലാതല പരിശീലനങ്ങൾക്കും ബ്ലോക്കുതല പരിശീലനങ്ങൾക്കും നേതൃത്വം നൽകുന്നത്. ഓരോ പഞ്ചായത്തിൽ നിന്നും രണ്ടുവീതം കുടുംബശ്രീ പ്രവർത്തകരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. മേയ് 5 മുതൽ 15 വരെയാണ് വാർഡുതല ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ മാത്രം ഒരു ലക്ഷം വിദ്യാർത്ഥികളെ ഇതിനായി സജ്ജരാക്കുമെന്നു സംഘാടകർ അറിയിച്ചു.

## കിലയിൽ വിവര വിജ്ഞാനകേന്ദ്രം

കേരളത്തിലെ അധികാരവികേന്ദ്രീകരണത്തിന്റെയും തദ്ദേശഭരണസംവിധാനത്തിന്റെയും ചരിത്രവും അനുഭവങ്ങളും രേഖപ്പെടുത്തുന്ന വിവരവിജ്ഞാനകേന്ദ്രം കില സജ്ജമാക്കുന്നു. പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട അറിവുകൾ, പുസ്തകങ്ങൾ, രേഖകൾ (ഓഡിയോ, വീഡിയോ അടക്കം), മാതൃകാ പ്രവർത്തനങ്ങൾ എന്നിവ കൈവശമുള്ളവർ അക്കാര്യം കിലയിൽ അറിയിക്കാൻ താൽപര്യം. knowledge@kila.ac.in എന്ന ഇ-മെയിൽ വിലാസത്തിലാണ് വിവരമറിയിക്കേണ്ടത്. അറിയിക്കുന്ന മുറയ്ക്കു കിലയിൽനിന്ന് ആവശ്യാനുസരണം പ്രസ്തുതവ്യക്തിയെ ബന്ധപ്പെടുന്നതാണ്. കത്തുകൾ 2019 മേയ് 31 ന മുമ്പ് അയയ്ക്കേണ്ടതാണ്.




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** May 2019
Annual Subscription ₹120, Published on 20 May 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by Dr. B.S. Thirumeni IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr. B.S. Thirumeni IAS